മഞ്ഞേരിൽ യൗസേപ്പ് അന്തോനീയച്ചനും ചാവറയച്ചനും

ഫാ. ജെ. ചിറയിൽ സി.എം.ഐ

K, 894
7856

മഞ്ഞേരിൽ യൗസേപ്പ് അന്തോനിയച്ചനും ചാവറയച്ചനും

ഫാ. ജെ. ചിറയിൽ സി.എം.ഐ

പ്രസിദ്ധീകരണം
സി.എം.ഐ. ഡിപ്പാർട്ട്മെന്റ് ഓഫ്
റിസർച്ച് & ഡോക്യുമെന്റേഷൻ
ചാവറ ഹിൽസ്.
2013

TO
C.M.C. GENERAL

CARMEL JYOTHI
ALWAYE

ഉള്ളടക്കം

		പേജ്
	അവതാരിക	5
	ആമുഖം	7
	ആശംസ	8
	കൃതജ്ഞതയുടെ കൂപ്പുകൈ	10
	ആദ്യപതിപ്പിനെക്കുറിച്ച്	16
	അഭിനന്ദനങ്ങൾ	18
1.	പശ്ചാത്തല ചരിത്രം	22
2.	ഒരു സന്യാസവൈദികൻ ജനിക്കുന്നു	29
3.	കർത്താവിന്റെ വയലേലകളിൽ	41
4.	തേവര ആശ്രമവും മഞ്ഞേരിലച്ചനും	53
5.	വ്യക്തിത്വമാനങ്ങൾ	64
6.	ചാവറയച്ചന്റെ ഭൗതികാവശിഷ്ടങ്ങൾ	79
7.	ജീവിത സായാഹ്നം	95
	അനുബന്ധം	100

അവതാരിക

മഹാത്മാക്കളുടെ ചിത്രമെഴുതി സൂക്ഷിക്കുക നമുക്ക് ഇഷ്ടമുള്ള കാര്യമാണ്. ഉന്നത ആദർശങ്ങൾ പ്രസംഗിക്കയും പറഞ്ഞവയൊക്കെ ആത്മാർത്ഥമായി ജീവിതത്തിൽ പകർത്തുകയും ചെയ്ത അവരുടെ ഓർമ്മ നമ്മെ കർമ്മോത്സുകരും മൂല്യനിഷ്ഠയുള്ളവരുമാക്കുന്നു. എന്നാൽ ചിത്രത്തെക്കാൾ ത്രിമാനതയും ചടുലതയുമുള്ളതാണ് ചരിത്രം. 'താൻ വെയിൽകൊണ്ടു തണലേകുന്നു തൈമരം' എന്ന മട്ടിൽ ദൈവമഹത്വത്തിനും സഹജരുടെ ഉത്ക്കർഷത്തിനുമായി സമർപ്പിതചേതസ്സോടെ ജീവിച്ചു മൺമറഞ്ഞ മഹാരഥന്മാരുടെ ചരിത്രം പിൻതലമുറയ്ക്ക് ആവേശവും പ്രചോദനവും പകരുന്നു. താപസന്റെ ആത്മശക്തിയും, ജനസേവകന്റെ കർമ്മോത്സുകതയും, സമുദായോദ്ധാരകന്റെ പ്രവാചകവീക്ഷണവും ഒത്തിണങ്ങി, മഹാരഥന്മാരുടെ നിരയിൽ സ്ഥാനം നേടിയ ഒരാളാണ് മഞ്ഞേരിൽ ബ. യൗസേപ്പ് അന്തോനിയച്ചൻ. സാധാരണ ചുറ്റുപാടുകളിൽ ജനിച്ച്, പരിമിതികളുടെ നടുവിൽ വളർന്ന്, പ്രതികൂലസാഹചര്യങ്ങളോടു മല്ലടിച്ച്, എല്ലാവർക്കും എല്ലാമായി, പ്രചോദനസ്രോതസ്സായിത്തീർന്ന അദ്ദേഹത്തിന്റെ ഉജ്ജ്വലചരിത്രം നമുക്കെല്ലാം പഠനവിഷയമാകണം.

അദ്ദേഹത്തിന്റെ അനന്തിരവനായ മഞ്ഞേരിൽ ബ. റെയ്മണ്ടച്ചന്റെ ദീർഘനാളത്തെ ശ്രമഫലമായി ശേഖരിച്ച രേഖകളാണ് ഈ ഗ്രന്ഥത്തിന് ആധാരം. പ്രസ്തുത ചരിത്ര രേഖകളെ ഒരു കാലഘട്ടത്തിന്റെ കാൻവാസിൽ കലാമർമ്മജ്ഞതയോടെ നിരത്തിവച്ച് മനോഹരമായ ഒരു ജീവചരിത്ര ഗ്രന്ഥം ഒരുക്കുന്നു, ബ. ജോസഫ് ചിറയിലച്ചൻ.

കേരളസഭാചരിത്രത്തെ ഗതിമാറ്റിയൊഴുക്കിയ ഭഗീരഥനാ

യിരുന്നു ചാവറയച്ചൻ. ആ കാലഘട്ടത്തിൽ ജീവിച്ച്, സി.എം.ഐ. സഭയെന്ന മഹാപ്രസ്ഥാനത്തിന്റെ രൂപീകരണത്തിൽ പങ്കുകൊള്ളുകയും ആ ചൈതന്യത്തിന്റെ ഭാഗമായി അലിഞ്ഞുചേരുകയും ചെയ്ത ബ. യൗസേപ്പ് അന്തോനിയച്ചൻ. അദ്ദേഹത്തിന്റെ ജീവിതകഥയുടെ ചുരുളഴിക്കുന്ന ബ. ചിറയിലച്ചൻ, ഒരു കാലഘട്ടത്തെത്തന്നെ നമ്മുടെ മുമ്പിൽ പുനരവതരിപ്പിക്കുകയാണ്. ഈ ഗ്രന്ഥം ഇന്നത്തെ തലമുറയ്ക്ക് സ്വയവിമർശനത്തിനും മാർഗ്ഗദർശനത്തിനും ഉപകരിക്കുമെന്നുതന്നെയാണ് എന്റെ പക്ഷം.

ഈ ചരിത്രഗ്രന്ഥം ഉന്നതശീർഷരായ അനേകം സി.എം.ഐ. യതിവര്യരുടെ ജീവിതചരിത്രങ്ങളുടെ പ്രകാശനത്തിന് ആക്കംകൂട്ടട്ടെ എന്ന് പ്രത്യാശിക്കുന്നു. ഇതിന്റെ നിർമ്മിതിയിൽ പങ്കെടുത്ത ബ. റെയ്മണ്ടച്ചനെയും ഗ്രന്ഥകാരനായ ബ. ചിറയിലച്ചനെയും ഞാൻ അഭിനന്ദിക്കുന്നു. അനുവാചകരുടെ പഠനത്തിനായി ഈ ചരിത്രകഥ സഹർഷം സമർപ്പിക്കട്ടെ.

ഫാ. വിജയാനന്ദ് നെടുംപുറം സി.എം.ഐ.
പ്രിയോർ ജനറാൾ

പൊതുശ്രേഷ്ഠഭവനം
എറണാകുളം
10.06.1989

ആശംസ

വാഴ്ത്തപ്പെട്ട ചാവറപ്പിതാവിന്റെ വിലയേറിയ ശിക്ഷണത്തിനും അദ്ദേഹത്തോടൊന്നിച്ചുള്ള സ്നേഹപൂർണമായ സഹവാസത്തിനും ഭാഗ്യം ലഭിച്ച സി.എം.ഐ. സഭയുടെ ആദ്യകാല പിതാക്കന്മാരിലൊരാളാണു മഞ്ഞേരിൽ ബഹുമാനപ്പെട്ട യൗസേപ്പ് അന്തോനിയച്ചൻ (1849-1928). ചാവറപ്പിതാവിന്റെ മാതൃകയനുസരിച്ചു ഭക്തിതീക്ഷ്ണതയുള്ള ജീവിതം നയിച്ച അദ്ദേഹം അജപാലനരംഗത്തു തിളക്കമാർന്ന സേവനമാണു കാഴ്ചവച്ചത്. ജനങ്ങൾക്കു ധ്യാനപ്രസംഗങ്ങൾ നടത്തുന്നതിലും അവർക്കു ആധ്യാത്മിക നവജീവൻ നൽകുന്നതിലും ഏറെ ശ്രദ്ധാലുവായിരുന്നു അന്തോനിയച്ചൻ. ദളിതരുടെ മാനസാന്തരത്തിനും അവരുടെ സർവ്വതോന്മുകമായ വളർച്ചയ്ക്കുംവേണ്ടി അക്ഷീണം യത്നിച്ച അദ്ദേഹം പാവപ്പെട്ടവർക്കുവേണ്ടി തന്റെ ജീവിതം സമർപ്പിക്കുവാൻ സാധിച്ചതിൽ സന്തോഷം കണ്ടെത്തി.

വൈദികപരിശീലനരംഗത്തും സഭയിലെ അധികാരശുശ്രൂഷാരംഗത്തുമൊക്കെ പ്രശസ്തമായ സേവനമനുഷ്ഠിച്ച യൗസേപ്പച്ചന്റെ സുകൃതധന്യമായ ജീവചരിത്രം പലർക്കും ഇന്നും അജ്ഞാതമാണ്. ഈ കുറവ് പരിഹരിക്കുവാൻ സഹായിക്കുന്ന രീതിയിലാണു 'കർമ്മെലയിലെ കർമ്മയോഗി' എന്നപേരിൽ മുമ്പ് പ്രസിദ്ധീകരിച്ചിരുന്ന അദ്ദേഹത്തിന്റെ ജീവചരിത്രം ഇപ്പോൾ 'മഞ്ഞേരിൽ യൗസേപ്പ് അന്തോനിയച്ചനും ചാവറയച്ചനും' എന്ന പേരിലാണ് പുനഃപ്രകാശനം ചെയ്യുന്നത്.

ബഹുമാനപ്പെട്ട യൗസേപ്പച്ചന്റെ ജീവിതമാതൃകയിൽ നിന്നു പ്രചോദനം സ്വീകരിച്ച് സി.എം.ഐ. സഭയിൽചേർന്ന അദ്ദേഹത്തിന്റെ അനന്തരവനായ ബഹുമാനപ്പെട്ട റെയ്മണ്ടച്ചനാണു ഈ

ത്തത്. ഇപ്പോൾ സി.എം.ഐ. സഭയുടെ റിസർച്ച് ആൻഡ് ഡോക്യുമെന്റേഷൻ ഡിപ്പാർട്ടുമെന്റിന്റെ ആഭിമുഖ്യത്തിൽ ഈ പുസ്തകം പുനഃപ്രകാശനം ചെയ്യുമ്പോൾ അതിനുകടപ്പെട്ടിരിക്കുന്നതും പൗരോഹിത്യത്തിന്റെ സുവർണ്ണജൂബിലിയാഘോഷിക്കുന്നറെയ്മണ്ടച്ചനോടുതന്നെയാണ്. യൗസേപ്പച്ചന്റെ ഓർമ്മ നിലനിർത്തുവാനും അതു മറ്റുള്ളവർക്കു പ്രചോദനമായിതീരുവാനും സഹായിക്കുന്ന ഈ ജീവചരിത്രം പ്രസിദ്ധീകരിക്കുന്നതിലുള്ള സന്തോഷവും നന്ദിയും ഇവിടെ രേഖപ്പെടുത്തട്ടെ.

യൗസേപ്പച്ചന്റെ ഈ ജീവചരിത്രത്തിനു ഒരു പ്രത്യേകതയുള്ളതുകൂടി ഇവിടെ സൂചിപ്പിക്കട്ടെ. വാഴ്ത്തപ്പെട്ട ചാവറപ്പിതാവിന്റെ ഭൗതികാവശിഷ്ടങ്ങൾ കൂനമ്മാവിൽ നിന്നു മാന്നാനം ആശ്രമദേവാലയത്തിലേക്കു മാറ്റി സ്ഥാപിച്ചതിനെക്കുറിച്ചു യൗസേപ്പ് അന്തോനിയച്ചന് നേരിട്ടറിയാമായിരുന്നു. അതുസംബന്ധിച്ച് അദ്ദേഹം കൃത്യമായി കുറിച്ചുവച്ച കാര്യങ്ങൾ വാഴക്കുളത്തെയും മാന്നാനത്തെയും ആശ്രമങ്ങളിലെ നാളാഗമങ്ങളിൽ നിന്നു ഈ ജീവചരിത്രത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ചരിത്രത്തിന്റെ ഭാഗമായിത്തീർന്ന യൗസേപ്പച്ചന്റെ ഈ വിശിഷ്ടസേവനവും ഉൾപ്പെടുത്തി ഇതിനോടുബന്ധപ്പെട്ട മറ്റു പല രേഖകളും ചേർത്ത് അദ്ദേഹത്തിന്റെ ജീവചരിത്രം തയ്യാറാക്കിയ ബഹുമാനപ്പെട്ട ജോസഫ് ചിറയിലച്ചനു പ്രത്യേകം അഭിനന്ദനങ്ങൾ !

ഫാ. ജോസ് പന്തപ്ലാംതൊട്ടിയിൽ സി.എം.ഐ.
പ്രിയോർ ജനറാൾ.

ചാവറ ഹിൽസ്
15.03.2013

കൃതജ്ഞതയുടെ കൂപ്പുകൈ

മഹാന്മാർക്ക് മരണമില്ലെന്നു പറയാറുണ്ട്. വ്യക്തികൾ മൺമറഞ്ഞാലും അവരുടെ വർണ്ണരശ്മികൾ വരും തലമുറയ്ക്ക് പ്രകാശം പരത്തും. അവരുടെ മഹനീയാദർശങ്ങൾ കാലഘട്ടത്തെ അതിജീവിക്കുകതന്നെ ചെയ്യും.

കേരള ക്രൈസ്തവസഭയെ സംബന്ധിച്ചിടത്തോളം പറഞ്ഞാൽ പത്തൊൻപതാം നൂറ്റാണ്ട് നവോത്ഥാനത്തിന്റെ കാലഘട്ടമാണ്. സി.എം.ഐ. സഭയുടെ സ്ഥാപകരിൽ ഒരാളായ ചാവറയച്ചന്റെ ജന്മം കൊണ്ടും കർമ്മസാധനകൊണ്ടും പരിപൂരിതമാണ് ആ നൂറ്റാണ്ട്. ആ കാലയളവിലെ നവോത്ഥാനരംഗത്തെ അതികായനായ ചാവറയച്ചനെ, നവരാഷ്ട്ര ശില്പികളിലൊരാളായി ഭാരതം അംഗീകരിച്ചു കഴിഞ്ഞു. എന്നാൽ, അദ്ദേഹത്തിന്റെ അനുയായികളും കേരള കർമ്മെലീത്താ സഭയ്ക്ക് അഭിമാനസ്തംഭങ്ങളുമായി നിരവധി വ്യക്തികൾ ചരിത്രത്തിന്റെ പൊടിപുരണ്ട താളുകളിൽ മറഞ്ഞു കിടപ്പുണ്ട്. അവരിൽ ഒരുവനാണ് മഞ്ഞേരിൽ ബഹുമാനപ്പെട്ട യൗസേപ്പ് അന്തോനിയച്ചൻ. അദ്ദേഹത്തിന്റെ കർമ്മബദ്ധമായ ജീവിതം സഹൃദയ സമക്ഷം സമർപ്പിക്കുവാൻ അദ്ദേഹത്തിന്റെ 61-ാം ചരമവാർഷികത്തിൽ എങ്കിലും സാധിച്ചുവെന്നത് അതീവഭാഗ്യമായി ഞാൻ കരുതുന്നു.

മഞ്ഞരിൽ ബഹു. യൗസേപ്പ് അന്തോനിയച്ചൻ എന്റെ കാരണവരാണ്. ഉന്നത ശീർഷനായ അദ്ദേഹത്തിന്റെ അനന്തിരവനാകാൻ ഭാഗ്യം നൽകിയ ദൈവത്തോട് ഞാൻ അത്യന്തം കടപ്പെട്ടിരിക്കുന്നു. മഞ്ഞേരിൽ കുടുംബത്തിൽനിന്നും സി.എം.ഐ. സഭയിൽ ആരെങ്കിലും ഉണ്ടാകണമെന്ന അദ്ദേഹത്തിന്റെ ആഗ്രഹം ഇന്ന് എന്നിലൂടെ നിറവേറിയതിൽ എനിക്കു സന്തോഷമുണ്ട്.

അദ്ദേഹം വന്ദ്യനായ ചാവറയച്ചന്റെ ഹൃസ്വമായ ഒരു ചരിത്രം കുടുംബചരിത്രത്തോടൊപ്പം എഴുതിവച്ചിരുന്നു. ഞാൻ സ്ക്കൂൾ വിദ്യാർത്ഥിയായിരുന്നപ്പോൾ ഈ കൈയെഴുത്ത് പ്രതി അപ്പൻ എന്നെ വായിച്ചു കേൾപ്പിക്കാനിടയായി. സി.എം.ഐ. സഭയിലേയ്ക്കുള്ള എന്റെ ദൈവവിളിയെ ഈ ഗ്രന്ഥപരിചയം എത്രമാത്രം സ്വാധീനിച്ചു എന്നത് വിവരണത്തിനതീതമായ ഒരു സത്യമാണ്.

ഹൈസ്ക്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി സി.എം.ഐ. സഭയിൽ ചേരാൻ അപ്പനോടൊത്ത് ആലുവാ ആശ്രമത്തിലെത്തിയ രംഗം ഇന്നും എന്റെ മനസ്സിൽ പച്ചപിടിച്ചു നിൽക്കുന്നുണ്ട്. അന്ന് തിരുഹൃദയ പ്രവിശ്യാധിപനായിരുന്നത് പണ്ഡിതനും, സാത്വികനും, ഭരണപടുവുമായിരുന്ന, ബ. ജോൺബർക്കുമാൻസച്ചനാണ്. മഞ്ഞേരിൽ കുടുംബക്കാരനാണെന്ന് എന്റെ അപ്പൻ സ്വയം പരിചയപ്പെടുത്തിയപ്പോൾ ബർക്കുമാൻസച്ചന് വലിയ സന്തോഷമായി "ഓഹോ, കുഞ്ഞ് എന്റെ വലിയച്ചന്റെ അനന്തിരവനാണല്ലോ" എന്ന് പറഞ്ഞ് അദ്ദേഹം വലിയ വാത്സല്യം കാണിച്ചു. ഞങ്ങളൊക്കെ പള്ളിച്ചിറ്റപ്പൻ, പള്ളിയിലപ്പാപ്പൻ എന്നൊക്കെ വിളിച്ചിരുന്ന യൗസേപ്പ് അന്തോനിയച്ചൻ തേവരയിൽ ആശ്രമാധിപനായിരുന്ന കാലത്ത്, അദ്ദേഹം വളരെ താല്പര്യത്തോടെ സി.എം.ഐ. സഭയിൽ ചേർത്ത ഒരാളാണ് ബ. ജോൺ ബർക്കുമാൻസച്ചൻ എന്ന് അന്ന് എനിക്ക് അറിയില്ലായിരുന്നു. ബ. യൗസേപ്പ് അന്തോനിയച്ചനോടുണ്ടായിരുന്ന കടപ്പാടും ഭക്തിയും എന്റെ നേർക്ക് വാത്സല്യമായും ഉത്തേജനമായും മരണം വരെ പ്രകടിപ്പിച്ചിരുന്നു എന്നത് ഞാൻ കൂപ്പുകൈകളോടെ ഓർക്കുന്നു. എന്റെ സന്ന്യാസ പരിശീലനകാലമത്രയും വ്യക്തിപരവും സവിശേഷവുമായ ശ്രദ്ധയും ജാഗ്രതയും അദ്ദേഹത്തിന് എന്റെ മേലുണ്ടായിരുന്നു. എന്തെന്തു വൈതരണികളും പ്രതിസന്ധികളുമാണ് ആ പൈതൃകസംരക്ഷണയുടെ പിൻബലത്തിൽ ഞാൻ ആത്മവിശ്വാസത്തോടെ തരണം ചെയ്തത്! വൈദിക ജീവിതത്തിന്റെ ആദ്യചുവടുവയ്പ്പുകളിൽ അദ്ദേഹം നിഷ്കർഷാപൂർവ്വം തന്ന നിർദ്ദേശങ്ങളും പ്രോത്സാഹനവും എന്നെ ഞാനാക്കുന്നതിൽ മുഖ്യപങ്ക് വഹിച്ചിട്ടുണ്ട്.

ബ. യൗസേപ്പ് അന്തോനിയച്ചന്റെ ബന്ധുക്കളും സമകാലീനരുമായി സി.എം.ഐ. സഭയിൽ, കൊച്ചുമുട്ടത്ത് ദൊമിനിക്കോസച്ചനും, എടാട്ടേൽ യൗസേപ്പ് ആഗസ്തീനോസച്ചനും ഉണ്ടായിരുന്നു. എങ്കിലും തന്റെ കുടുംബത്തിൽ നിന്നുതന്നെ വൈദികരായി അനന്തിരവർ ഇല്ലല്ലോയെന്ന കുണ്ഠിതം അദ്ദേഹത്തിനുണ്ടായിരുന്നു. മരണത്തിന് കുറച്ചു നാൾ മുൻപ് അദ്ദേഹം എന്റെ പിതാമഹനോട് "എന്റെ വഴിക്ക് സഭയിൽ ചേരാൻ കുടുംബത്തിൽ ആരും ഇല്ലല്ലോ ?. ഞാൻ കൂണായിപോയല്ലോടാ" എന്നു വേദനയോടെ പറഞ്ഞതായി ഞാൻ കേട്ടിട്ടുണ്ട്.

മഞ്ഞേരി ബന്ധു കുടുംബത്തിൽ നിന്നും ചാമക്കാലയിൽ ബ. കാസിയൂസച്ചൻ, സഹോദരീ പുത്രന്മാരായ ബ. മർക്കോസച്ചൻ, മാർസലച്ചൻ എന്നിവർ സി.എം.ഐ. സഭയിൽ വൈദികരായി അഭിഷിക്തരായി. മഞ്ഞേരിൽ ബ. മത്തായി അച്ചൻ, ബ. സിറിയക്കച്ചൻ എന്നിവർ ഇടവക വൈദികരുമായി. ബ. യൗസേപ്പ് അന്തോനിയച്ചന്റെ അനന്തിരവരിൽനിന്ന് സി.എം.ഐ. സഭയിൽ ചേരുന്നതിനുള്ള ദൈവാനുഗ്രഹം എനിക്കാണുണ്ടായത്. എന്റെ വലിയകാരണവരുടെ ചിരകാലാഭീഷ്ടം അങ്ങനെ ഇന്ന് എന്നിൽ നിറവേറി.

സഭയിൽ പ്രവേശിച്ച കാലം മുതൽ യൗസേപ്പ് അന്തോനിയച്ചനെക്കുറിച്ച് പലരും പ്രത്യേകിച്ച് നീരാക്കൽ ബ. ഗ്രിഗോരിയോസച്ചനും അതീവ ബഹുമാനത്തോടെ പറഞ്ഞു കേട്ടിരുന്നു. അന്നുമുതൽ അദ്ദേഹത്തെക്കുറിച്ച് കൂടുതൽ കൂടുതൽ അറിയുവാൻ എനിക്കു താല്പര്യം ജനിച്ചു. കിട്ടാവുന്നിടത്തോളം രേഖകൾ ഞാൻ സമ്പാദിക്കുവാൻ ശ്രമിച്ചു.

യൗസേപ്പ് അന്തോനിയച്ചനെക്കുറിച്ചുള്ള അറിവുകൾ അദ്ദേഹത്തിന്റെ സമകാലീനരിൽനിന്നും, അദ്ദേഹംതന്നെ എഴുതിയിട്ടുള്ള വാഴക്കുളം, തേവര നാളാഗമങ്ങളിൽനിന്നും, മറ്റുചരിത്രരേഖകളിൽ നിന്നും എനിക്ക് ലഭിച്ചിട്ടുള്ളവയാണ്. അതുപോലെ തന്നെ ചരിത്ര ഗവേഷകനായ ചീരകത്തിൽ ബ. ദൊമിനിക്കച്ചൻ യൗസേപ്പ് അന്തോനിയച്ചനെക്കുറിച്ച് പഠനം നടത്തി ചരിത്ര രേഖകളിൽനിന്ന്

വിലപ്പെട്ട നിധികൾ കണ്ടെത്തി പകർന്നു തന്നിട്ടുണ്ട്. ഇവയെല്ലാം ഉൾപ്പെടുത്തി എന്റെ കാരണവരുടെ ഒരു സംക്ഷിപ്ത ജീവചരിത്രം പ്രസിദ്ധം ചെയ്യുവാൻ ഇന്ന് ഇടയായതിൽ ഞാൻ അതീവസന്തുഷ്ടനാണ്.

അനേകരുടെ ആത്മാർത്ഥസഹകരണത്തിന്റെ ആകെത്തുകയാണ് ഈ ചെറുഗ്രന്ഥം. ശ്രീ. അഗസ്റ്റിൻ കണ്ണമ്പുഴ, ഫാ. ജോയി ഇളങ്കുന്നപ്പുഴ, ഫാ. റാൾഫ് കരിപ്പാശ്ശേരി, ഫാ. ജോസഫ് അമ്പാട്ട്, ഫാ.അഗാപീറ്റസ് തോട്ടുങ്കൽ, ശ്രീമാൻ തോമസ് ടി. മുണ്ടയ്ക്കൽ എന്നിവർ ഒരോ സാഹചര്യത്തിലും അവരവരുടേതായ രീതിയിൽ എന്നെ സഹായിച്ചിട്ടുള്ളവരത്രെ. അവരെയെല്ലാം നന്ദിപൂർവ്വം ഇവിടെ ഞാൻ അനുസ്മരിക്കുന്നു. മഞ്ഞേരിൽ ബ. മത്തായി അച്ചനും, കഥാപുരുഷന്റെ സഹോദരി പൗത്രനായ പുല്പറമ്പിൽ ബ. മാർസലച്ചനും ഈ ഗ്രന്ഥത്തിന്റെ കൈയെഴുത്തുപ്രതി സശ്രദ്ധം വായിച്ച് വിലപ്പെട്ട നിർദ്ദേശങ്ങൾ നല്കുകയുണ്ടായി. അതുപോലെതന്നെ, ചരിത്ര ദൃഷ്ടിയാ ഈ ഗ്രന്ഥത്തെ വിലയിരുത്തുകയും, വിലപ്പെട്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്ത ചരിത്രകാരനും എന്റെ ഗുരുഭൂതനുമായ ഡോ. മത്തിയാസ് മുണ്ടാടനും ഞാൻ നന്ദി പറയുന്നു. അനുയോജ്യമായ കവർചിത്രം ഡിസൈൻചെയ്തുതന്ന എറണാകുളം കലാപീഠത്തിലെ ശ്രീ കലാധരന് നന്ദി. ഈ ചരിത്ര ഗ്രന്ഥത്തിന്റെ മുദ്രണം ചുരുങ്ങിയ സമയംകൊണ്ട് കമനീയമായി നിർവ്വഹിച്ചുതന്ന ബ. എമ്മാനുവൽ കാക്കനാട്ടച്ചനോടും, കാരിക്കാമുറി കെ.സി.എം. അച്ചടി വിദ്യാലയത്തിലെ എല്ലാ അംഗങ്ങളോടും നിസ്സീമമായ കടപ്പാടാണ് എനിക്കുള്ളത്.

ആധുനിക ശൈലിയിൽ ആർക്കും മനസ്സിലാകുന്ന ലളിതമായ സുന്ദരമായ ഭാഷയിൽ ഈ ജീവചരിത്രം അണിയിച്ചൊരുക്കിയത് ചരിത്രപടുവും, സാഹിത്യകാരനും, മനഃശാസ്ത്രജ്ഞനും, എനിക്ക് ഏറ്റം പ്രിയപ്പെട്ടവനുമായ ബ. ജോസഫ് ചിറയിലച്ചനാണ്. 'കർമ്മെലയിലെ കർമ്മയോഗി' എന്നു പേരു നല്കി കൊണ്ട്, കർമ്മെലമാതാവിന്റെ അരുമസുതനും ആ അമ്മയുടെ ചൈതന്യം ആവുന്നത്ര സ്വായത്തമാക്കിയവനുമായ ബ. യൗസേപ്പ് അന്തോ

നിയച്ചനെ ഗ്രന്ഥകാരൻ ചിത്രീകരിച്ചിരിക്കുന്നത് തീർത്തും അർത്ഥ സമ്പുഷ്ടമാണ്. ചരിത്രത്തിന്റെ ഇരുളടഞ്ഞ ഗഹ്വരങ്ങളിൽനിന്നും പെറുക്കിയെടുത്ത മുത്തുമണികൾ കലാഭംഗിയോടെ നിരത്തുന്ന തോടൊപ്പം സ്മര്യപുരുഷന്റെ സ്വഭാവ മഹിമ, സന്ന്യാസനിഷ്ഠ, വ്യക്തി പ്രഭാവം, ഉദാത്തദർശനം, കേരളക്രൈസ്തവ സഭയ്ക്കും സി.എം.ഐ. സഭയ്ക്കും നൽകിയ സംഭാവനകൾ, എന്നിവയെല്ലാം മിഴിവാർന്ന ശൈലിയിൽ പകർത്തിക്കാട്ടുവാൻ ചിറയിലച്ചനു കഴിഞ്ഞിട്ടുണ്ട്. സാന്ദർഭികമായി, കാലികമായ ഏതാനും പ്രശ്നങ്ങളെ നിർദ്ധാരണം ചെയ്യുവാനും അദ്ദേഹം മറന്നില്ല. ഹരിജൻ ക്രൈസ്തവ പ്രശ്നവും, വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ ഭൗതികാവശിഷ്ടങ്ങളുടെ പുനഃസ്ഥാപനവും വായനക്കാരുടെ ശ്രദ്ധയെ ഹഠാദാകർഷിക്കുന്നവയത്രേ.

ചാവറയച്ചന്റെ പൂജ്യാവശിഷ്ടങ്ങൾ കൂനമ്മാവിൽ നിന്നും മാന്നാനത്തുകൊണ്ടുവന്ന് സംസ്ക്കരിച്ചതിന്റെ സമ്മ്യക്കായ വിവരണം ഈ ഗ്രന്ഥത്തിലുണ്ട്. വാഴക്കുളം ആശ്രമത്തിലെ ദിനവൃത്താന്തം എഴുതിയിരുന്ന യൗസേപ്പ് അന്തോനിയച്ചന്റെ ജീവത്തായ സാക്ഷ്യം ചാവറയച്ചന്റെ ജീവചരിത്രത്തിലെ ഒരു വിലപ്പെട്ട അദ്ധ്യായമാണ്. ആ സാക്ഷ്യത്തിന്റെ വസ്തുനിഷ്ടതയും ചരിത്രപരതയും കൂടുതൽ പ്രകാശമാനമാക്കുന്നതിനും, ഇതു സംബന്ധിച്ച് അടുത്തകാലത്തുണ്ടായ വാദകോലാഹലങ്ങൾക്ക് വിരാമം ഇടുന്നതിനുമാണ് അദ്ദേഹം ഇങ്ങനെ ചെയ്തിട്ടുള്ളത്.

ഉൾക്കാഴ്ചയുള്ള ചരിത്രകാരനെന്ന നിലയിലും, പണ്ഡിതനായ ഒരു എഴുത്തുകാരനെന്ന നിലയിലും ചിറയിലച്ചൻ മേൽപറഞ്ഞ വിഷയം വിശദമായി ചർച്ച ചെയ്തിട്ടുള്ളത് വരുംകാല ചരിത്രപഠിതാക്കൾക്ക് ഏറെ പ്രയോജനം ചെയ്യും. കേരളത്തിലെ അഭിജാതരായ അനേകം വിശിഷ്ടാത്മാക്കളുടെ ചരിത്രം എഴുതി സഭാചരിത്രത്തിൽ ഈടുറ്റ നാഴികകല്ലുകൾ സ്ഥാപിച്ചിട്ടുള്ള ബ. ചിറയിലച്ചന്, ഈ ഗ്രന്ഥ രചനയുടെ പേരിൽ ഞാൻ കൃതജ്ഞതയർപ്പിക്കുന്നു.

ബ. യൗസേപ്പ് അന്തോനിയച്ചൻ ആ കാലഘട്ടംവരെയു ള്ള മഞ്ഞേരിൽ കുടുംബ ചരിത്രം എഴുതി വച്ചിരുന്നതും അനുബ ന്ധമായി ഈ ഗ്രന്ഥത്തിൽ ചേർത്തിട്ടുണ്ട്.

വാഴ്ത്തപ്പെട്ട ചാവറയച്ചന്റെയും, ആദ്യപിതാക്കന്മാരുടേയും ചൈതന്യം സ്വായത്തമാക്കുകയും സ്വന്തം കാലഘട്ടത്തിന്റെ ഗ തിവിഗതികൾ വിവേചിച്ചറിഞ്ഞ് അവയോട് പക്വമനസ്കനായ ഒരു യതിവര്യൻ എന്നനിലയിൽ പ്രതികരിക്കയും ചെയ്ത ബ. യൗസേപ്പ് അന്തോനിയച്ചൻ, കേരളസഭയ്ക്കും പ്രത്യേകിച്ച് സി.എം.ഐ. സഭയ്ക്കും അഭിമാനിക്കാവുന്ന ഒരു വന്ദ്യദേഹമാ ണ്. മരിച്ചിട്ടും മരിക്കാതെ, മനുഷ്യമനസ്സുകളിൽ ജീവിക്കുന്ന ബ. യൗസേപ്പ് അന്തോനിയച്ചന്റെ ജീവചരിത്രം കുടുംബാംഗങ്ങൾക്കും, സഭാംഗങ്ങൾക്കും ദൈവജനത്തിനുമായി അവതരിപ്പിച്ച പെ.ബ. പ്രിയോർ ജനറാളച്ചനും ഹൃദയംഗമമായ കൃതജ്ഞത ഞാനിവിടെ രേഖപ്പെടുത്തുന്നു.

ഫാ. റെയ്മണ്ട് മഞ്ഞേരിൽ സി.എം.ഐ

പൊതുശ്രേഷ്ഠഭവനം
എറണാകുളം
02-07-1989

ആദ്യപതിപ്പിനെക്കുറിച്ച്

+

j.m.j.t

എത്രയും പ്രിയ ബ. കൗൺസിലറച്ചാ,

"കർമ്മെലയിലെ കർമ്മയോഗിയുടെ" കോപ്പിക്ക് വളരെ ഉപകാരം. ബ. യൗസേപ്പ് അന്തോനിയച്ചന്റെ വ്യക്തിത്വം അനേകർക്ക് കൂടുതൽ പ്രകാശം നൽകുന്നതോടൊപ്പം, "ആ വ്യക്തിത്വത്തിന്റെ വേറൊരുപകർപ്പിതാ" എന്നു ബ. റെയ്മണ്ടച്ചനെ കാണിച്ചുകൊണ്ട്, സി.എം.ഐ. സഭയ്ക്ക് അഭിമാനിക്കാനും സാധിക്കും. ദൈവത്തിനുസ്തുതി! ഈ ചെറുഗ്രന്ഥം വഴിയായി അങ്ങ് നിർവ്വഹിച്ചിരിക്കുന്ന സേവനത്തിന്റെ വേറൊരുവശം, ഇന്നത്തെ, അവശ്യാവശ്യമായ ഒരു വിശദീകരണമാണ് – ന.പി.കുറി.ഏലിയായുടെ പൂജ്യാവശിഷ്ടങ്ങളുടെ സ്ഥലംമാറ്റം സംബന്ധിച്ച ചരിത്രത്തിന്റെ ആധികാരികമായ അനാവരണം. സാധാരണ ജനങ്ങളുടെ മനസ്സിൽ നിന്ന് സംശയത്തിന്റെ ലാഞ്ഛനപോലും നീക്കികളയുന്ന ചരിത്രസാക്ഷ്യം! അവസരോചിതമായ ഈ പ്രസിദ്ധീകരണംവഴി ദൈവമഹത്വം തീർച്ചയായും വർദ്ധിക്കും. അങ്ങയുടെ കൃത്യാന്തരബഹുലതകൾക്കിടയിൽ ഈ ഗവേഷണത്തിന് സാവകാശംനൽകിയ ദൈവത്തെ വാഴ്ത്തുന്നു.

ഫാ. കനീസിയസ്സ് സി.എം.ഐ
സി.എസ്സ്.ആർ, പരിയാരം

14.07.1989

ആദ്യപതിപ്പിനെക്കുറിച്ച്

പ്രിയപ്പെട്ട റെയ്മണ്ടച്ചാ,

സദയം കൊടുത്തയച്ച "കർമ്മെലയിലെ കർമ്മയോഗി" കിട്ടി. വളരെ ഉപകാരം. വായിച്ചുനോക്കി. എല്ലാം എനിക്കു പുതിയ അറിവുകളായിരുന്നു. ന. സഭയെ സംബന്ധിച്ചിടത്തോളം ഇതൊരു ഉജ്ജ്വല ചരിത്രം തന്നെ. ഇത് തയ്യാറാക്കിയ ഏവരേയും ഞാൻ അഭിനന്ദിക്കുന്നു. പ്രത്യേകിച്ച് അച്ചനേയും ചിറയിലച്ചനേയും.

ഫാ. തെയോബാൾഡ് സി.എം.ഐ.
നിർമ്മൽഗ്രാം, ചെങ്കര

05.07.1989

അഭിനന്ദനങ്ങൾ

പ്രിയപ്പെട്ട റെയ്മണ്ടച്ചാ,

കാലത്തിന്റെ യവനികയ്ക്കുള്ളിൽ മൺമറഞ്ഞുപോകുന്ന വ്യക്തികളിൽ ചിലരെങ്കിലും ചരിത്രത്തിൽ ചിരകാലം ചിരാതു പോലെ തെളിഞ്ഞു നില്പുണ്ട്. അവരൊക്കെയും തങ്ങളുടെ കാല ത്തിനു നിറം പകർന്നവരും, ചരിത്രത്തിനു സംഭാവന നൽകിയ വരും, സമൂഹത്തിനും സമുദായത്തിനും നൂതനമായ ദിശാബോധം നിർണ്ണയിക്കുന്നതിൽ നിരന്തരം ശ്രദ്ധിച്ചവരുമായിരുന്നു. അങ്ങനെ ചിന്തിക്കുമ്പോൾ ദൈവസ്നേഹത്തിന്റെ ഉദാത്ത ഉയരങ്ങളിൽ വിഹരിക്കാൻ കർമ്മപ്രബുദ്ധമായ ഒരു ജീവിതം മെനഞ്ഞെടുത്ത ബഹു. മഞ്ഞേരിൽ യൗസേപ്പ് അന്തോനിയച്ചൻ ചരിത്ര ചിരാതുക ളിൽ ഒരുപാട് എണ്ണ പകർന്ന പുണ്യപുരുഷനായിരുന്നു. കേരള സുറിയാനി സഭയ്ക്കു നാമം പകർന്നുകൊടുത്ത വാ. ചാവറയ ച്ചന്റെ ശിഷ്യനും സമകാലികനുമായി ജീവിതമാരംഭിച്ച ബഹു. മഞ്ഞേരിൽ യൗസേപ്പ് അന്തോനിയച്ചൻ ചോദനയുടെ പ്രേരണ യാൽ വിഹരിക്കാത്ത മേഖലകളില്ല. ദൈവവചനത്തെ മൗന ത്തിന്റെ തീച്ചൂളയിലിട്ടു സ്ഫുടം ചെയ്തെടുത്ത വാക്കുകളിലൂടെ അനേകരുടെ ആത്മാക്കളിൽ അഭിഷേകത്തിന്റെ മഴയായി പെയ്തി റങ്ങാൻ തക്കവിധം വചനത്തെ ക്രമപ്പെടുത്തിയ ദൈവാത്മാവു സ്പർശിച്ച വചനപ്രഘോഷകൻ. ആത്മീയതയുടെ അനന്തമായ തീരങ്ങളിൽ തുള്ളിക്കളിച്ച ജപധ്യാനത്തിന്റെ സാധകൻ. അധി കാരത്തിന്റെ അലത്തലപ്പുകൾ തൂവലുകൾ ചാർത്തിയപ്പോഴും കൂടു തലായി ശുശ്രൂഷയുടെ ഭാവങ്ങളിലേക്ക് ഊളിയിട്ടിറങ്ങിയവൻ.

ദൈവാത്മാവുസ്പർശിച്ച ഒരു വലിയ പ്രചോദക നേതാവ്. ഒരു മഹത് വ്യക്തിയായിരുന്നു ബ. മഞ്ഞേരിൽ യൗസേപ്പ് അന്തോനിയച്ചൻ.

വ്യക്തതകൊണ്ടും വസ്തുതകൊണ്ടും വളരെ തിളക്കമാർന്ന ഒരു പുസ്തകമാണിത്. മനസ്സിനെ ദ്യോതിപ്പിക്കുന്നതും ഹൃദയത്തെ ചലിപ്പിക്കുന്നതുമായ തരളിതമായ ഭാഷയിൽ ചരിത്രത്തെ അവതരിപ്പിച്ചിരിക്കുന്ന ഈ ചെറു ഗ്രന്ഥം വളരെ സംഭവ സമ്പുഷ്ടവും ധാരാളം ഉൾക്കാഴ്ചകളുടെ ഉറവിടവുമാണ്. അവയെല്ലാം അഭിമാനിക്കാനും അതിശയിക്കാനും എന്നെ അതിയായി സഹായിച്ചു. തോന്നലുകളുടെ പിൻബലത്തിൽ കോറിയിടപ്പെട്ട ഒരക്ഷരംപോലും ഇതിൽ കണ്ടെത്താനായില്ല. ചരിത്രം കുറിച്ചുവെച്ച ഏടുകളും, പറയുവാൻ വിട്ടുപോയ സത്യങ്ങളുമാണിതു മുഴുവൻ. ഒരു സത്യാന്വേഷിയേപ്പോലെയുള്ള ഗ്രന്ഥകാരന്റെ യാത്രയും ഇതിനിടയിൽ കണ്ടെത്തിയ മണി മുത്തുകളുമാണ് "കർമ്മെലയിലെ കർമ്മയോഗി" എന്നുപറയുവാൻ മനസ്സ് വെമ്പുന്നു. ഈ ഗ്രന്ഥം പുനഃപ്രകാശനം ചെയ്യുന്ന ബഹു. മഞ്ഞേരിൽ യൗസേപ്പ് അന്തോനിയച്ചന്റെ പിൻതലമുറക്കാരൻ ബഹു. റെയ്മണ്ടച്ചനും ഗ്രന്ഥകർത്താവ് ബഹു. ചിറയിലച്ചനും ഹൃദയം നിറഞ്ഞ നന്ദിയും ആത്മാർത്ഥമായ അനുമോദനങ്ങളും. അനേകർക്ക് അറിവിനും അഭിമാനത്തിനും ഈ ഗ്രന്ഥം സഹായിക്കട്ടെ എന്നാശംസിക്കുന്നു.

ഫാ. തോമസ് ഐക്കര സി.എം.ഐ
റെക്ടർ, ധർമ്മാരം കോളേജ്
ബാംഗ്ലൂർ

അഭിനന്ദനങ്ങൾ

പ്രിയപ്പെട്ട റെയ്മണ്ടച്ചാ,

മഞ്ഞേരിൽ ബ. യൗസേപ്പ് അന്തോനിയച്ചന്റെ (1849–1928) 'കർമ്മെലയിലെ കർമ്മയോഗി' എന്ന പേരിൽ പ്രകാശിതമായ സംക്ഷിപ്ത ജീവചരിത്രത്തിന്റെ പുതിയ പതിപ്പ് പ്രസിദ്ധീകരണ സജ്ജമാകുന്നുവെന്നറിയുന്നതിൽ വളരെ സന്തോഷമുണ്ട്. സത്യാന്വേഷണത്വരയോടും അടിസ്ഥാനരേഖകളുടെ അകമ്പടിയോടും കൂടി മനോഹരമായ ശൈലിയിൽ ഫാ. ജെ. ചിറയിൽ സി.എം.ഐ. തയ്യാറാക്കിയ ഗ്രന്ഥത്തിന് കേരളസമൂഹം നല്കിയ സ്നേഹോഷ്മളമായ സ്വീകരണത്തിന്റെ മികവുറ്റ തെളിവാണല്ലോ ഏതാനും വർഷങ്ങൾക്കുള്ളിൽ തന്നെ രണ്ടാം പതിപ്പിനിടയാക്കിയത്.

സ്ഥാപകപിതാക്കന്മാരുടെയും ആദ്യത്തെ മറ്റുപത്തു പിതാക്കന്മാരുടെയും തൊട്ടടുത്ത തലമുറയിലെ ഉന്നതശീർഷനായിരുന്നു, വിനീതനും, പ്രാർത്ഥനാനിരതനും, ദൈവവചനപ്രഘോഷകനും, സേവനതല്പരനും, സത്യോപാസകനുമായിരുന്നു ഈ വന്ദ്യ ദേഹം. ഈ ചെറുഗ്രന്ഥത്തിലൂടെ കടന്നുപോകുമ്പോൾ, ആദ്യപിതാക്കന്മാരുടെ തീഷ്ണതാനിർഭരമായ പ്രാർത്ഥനയുടെയും സമ്പൂർണ്ണസമർപ്പണത്തിന്റെയും ദൈവത്തോടും ദൈവമക്കളോടുമുള്ള പ്രതിബന്ധതയുടെയും സുശക്തവും സജീവവുമായ മാതൃകകൾ സ്വന്തം ജീവിതത്തിലേയ്ക്കു പകർത്തിയ ഒരു യതിവര്യന്റെയും, കർമ്മയോഗിയുടെയും പ്രചോദനാത്മകവും ചൈതന്യപൂർണ്ണവുമായ ചിത്രമാണ് തെളിഞ്ഞു വരിക. അദ്ദേഹത്തെപോലുള്ള പ്രഹുല്ല മനസ്സുകളുടെ നിഷ്കപടവും, സത്യസന്ധവും,

ആദർശനിഷ്ടവും, അനുകമ്പാർദ്രവുമായ ജീവിത ശൈലി മൂല്യ ശോഷണം ഭവിച്ചുകൊണ്ടിരിക്കുന്ന ആധുനിക തലമുറയ്ക്ക് തികഞ്ഞ ബഹുമാനാദരങ്ങളോടെ മാത്രമേ ദർശിക്കാനാവൂ. ദീർഘ കാലത്തെ ജീവിത പ്രവർത്തനവേദികളായിരുന്ന വാഴക്കുളം, തേവര ആശ്രമങ്ങളുടെ സ്ഥാപനവും അതോടുബന്ധപ്പെട്ടുണ്ടായ ചില പ്രശ്നങ്ങളുമെല്ലാം ഒരു തികഞ്ഞ ചരിത്രകാരന്റെയും, സത്യാ ന്വേഷകന്റെയും സമഗ്രവും നിഷ്പക്ഷവുമായ കാഴ്ചപ്പാടോടുകൂ ടിയാണ് അദ്ദേഹം രേഖപ്പെടുത്തിയിരിക്കുന്നത്. വിഭിന്നാഭിപ്രാ യങ്ങളും, പലപ്പോഴും അവയുടെ മൂലകാരണങ്ങളും ശാന്തമായും പക്വമായും കോറിയിടുന്ന വശ്യവും അന്യാദൃശ്യവുമായ ഒരവത രണശൈലിയാണ് രചനകളിൽ കാണുന്നത്.

സത്യാന്വേഷണത്തിന്റെയും സമഗ്രമായ പ്രതിപാദനത്തി ന്റെയും അനുകരണാർഹമായ ഈ ശൈലിയിൽ തന്നെയാണ് വാഴ്ത്തപ്പെട്ട ചാവറപിതാവിന്റെ കൂനമ്മാവാശ്രമത്തിൽ വച്ചുള്ള മരണം, ആശ്രമ ദേവാലയത്തിലെ സംസ്ക്കാരം, തുടർന്ന് 1889 -ൽ പൂജ്യാവശിഷ്ടങ്ങളുടെ മാന്നാനം ആശ്രമദേവാലയത്തിലേ യ്ക്കുള്ള മാറ്റിസ്ഥാപനം തുടങ്ങിയ കാര്യങ്ങളിലും അദ്ദേഹം സ്വീകരിച്ചത്. ഗ്രന്ഥത്തിൽ ചേർത്തിരിക്കുന്ന ബന്ധപ്പെട്ട ശ്രേഷ്ഠ ന്മാരുടെ കത്തുകളും വസ്തുതകളും സംഭവത്തിന്റെ വിശ്വാസ്യ തയെ അരക്കിട്ടുറപ്പിക്കുന്നതായിക്കാണാം. ചരിത്രാന്വേഷകരെ സംബന്ധിച്ചിടത്തോളം ഇവ വലിയൊരു മുതൽക്കൂട്ടാണെന്നതിൽ യാതൊരു സംശയവുമില്ല. പുസ്തകത്തിന്റെ ആദ്യപതിപ്പിനെന്ന പോലെ പുതിയ പതിപ്പിന്റെ പ്രസിദ്ധീകരണത്തിനും മുൻകൈ യെടുത്ത, വല്യച്ചന്റെ കുഞ്ഞനന്തരവൻ കൂടിയായ ബ. റെയ്മണ്ട് മഞ്ഞേരിൽ സി.എം.ഐ. അച്ചനേയും ഗ്രന്ഥകർത്താവായ ഫാ. ജെ. ചിറയിലച്ചനേയും ഹൃദയംഗമമായിട്ടനുമോദിക്കയും ഗ്രന്ഥ ത്തിന് പ്രചുര പ്രചാരം ആശംസിക്കുകയും ചെയ്യുന്നു.

ഫാ. തോമസ് മാമ്പ്ര, സി.എം.ഐ
സി.എസ്സ്.ആർ, പരിയാരം

അദ്ധ്യായം 1

പശ്ചാത്തല ചരിത്രം

മാർ തോമാശ്ലീഹായിൽ നിന്നും ക്രിസ്തുമതം സ്വീകരിച്ച ഇന്ത്യൻ വംശജരെയാണല്ലോ മാർത്തോമാ ക്രിസ്ത്യാനികൾ എന്നു വ്യവഹരിക്കുക. ഇന്ത്യൻ സംസ്ക്കാരത്തിന്റെ പിള്ളത്തൊട്ടിയിൽ പിറന്നുവീണ അവരെ സംബന്ധിച്ച് പണ്ഡിതനായ ഡോക്ടർ പ്ലാസിഡ് പറയുന്നത് "അവർ സംസ്ക്കാരത്തിൽ ഇന്ത്യാക്കാരും മതവിശ്വാസത്തിൽ ക്രിസ്ത്യാനികളും ആരാധനക്രമത്തിൽ പൗരസ്ത്യരുമാണ്" എന്നത്രേ. ഇന്ത്യൻ മണ്ണിൽ ജനിച്ചുവീഴുകയും മതധർമ്മത്തിൽ ക്രിസ്തുവിനെ അനുധാവനം ചെയ്യുകയും ഈശ്വരാരാധനയിൽ പൗരസ്ത്യരീതി സാത്മീകരിക്കുകയും ചെയ്തവരെന്നു ചുരുക്കം. ദ്രാവിഡ മതഭാവങ്ങളും സനാതന ധർമ്മവും സംലയനം പ്രാപിക്കുന്നതിനും ഇന്നത്തെ ഹൈന്ദവാചാരങ്ങൾ കേരളത്തിൽ ഉരുത്തിരിയുന്നതിനും വളരെ മുൻപുതന്നെ ക്രിസ്ത്യാനികളായ ഇന്ത്യാക്കാർ ഇവിടെ വളർന്നു പടർന്നു പന്തലിച്ചിരുന്നു. എ.ഡി. 800-ാം മാണ്ടിൽ കേരളത്തെ ഭരിച്ചിരുന്ന കുലശേഖര രാജാക്കന്മാരുടെ കാലത്താണ് ഹിന്ദുമതം കേരളത്തിൽ ഇന്നത്തെ രൂപത്തിൽ വളർന്നതെന്നാണല്ലോ അഭിജ്ഞാഭിമതം.

നസ്രാണിക്രിസ്ത്യാനികൾ അഥവാ മാർത്തോമ്മാ ക്രിസ്ത്യാനികൾ കേരളത്തിലെ സാമൂഹിക സാംസ്ക്കാരിക മണ്ഡലങ്ങളിൽ എങ്ങനെ വിരാജിച്ചിരുന്നുവെന്നതിന് ചെപ്പേടുകൾ അഥവാ താമ്രശാസനങ്ങൾ ഒരു തെളിവാണ്. കേരള ചരിത്രത്തിൽ ഏറ്റവും സമ്പൽസമൃദ്ധമെന്നു വ്യവഹരിക്കപ്പെടുന്നത് രണ്ടാം ചേരവംശത്തിന്റെ ഭരണകാലമാണല്ലോ. ഈ സമൃദ്ധിയുടെ ഒരു പ്രധാന കാരണം അന്ന് വിദേശവ്യാപാരത്തിന്റെ കുത്തകക്കാരായ ക്രൈസ്തവരുടെ കച്ചവടമായിരുന്നു.

കുലശേഖരപെരുമാളിന്റെ ഭരണകാലത്ത് രാജ്യത്തെ 'നാടുകളായി' വിഭജിച്ചപ്പോൾ, തൊടുപുഴ, മൂവാറ്റുപുഴ പ്രദേശങ്ങൾ കീഴ്മലൈ നാടെന്ന് അറിയപ്പെട്ടിരുന്നു. കീഴ്മലൈനാട്ടിൽ തൊടുപുഴയ്ക്കും മൂവാറ്റുപുഴയ്ക്കും ഇടയ്ക്കുള്ള ഒരു സ്ഥലമാണ് വാഴക്കുളം. അത് കുമാരമംഗലം ആസ്ഥാനമാക്കിയിട്ടുള്ള 'പകുതി'യിൽ ഉൾപ്പെട്ടതാണ്. വാഴക്കുളത്തിനു സമീപമുള്ള രണ്ടു പുരാതന ക്രൈസ്തവ ദേവാലയങ്ങളാണ് മൈലക്കൊമ്പും, ആരക്കുഴയും. 19-ാം നൂറ്റാണ്ടിന്റെ മദ്ധ്യഘട്ടംവരെ വാഴക്കുളം ആരക്കുഴ ഇടവകയിൽപ്പെട്ടിരുന്നു. ആരക്കുഴ ഇടവകയിൽ കത്തോലിക്കർ ധാരാളം ഉണ്ടായിരുന്നു. ടിപ്പുവിന്റെ പടയോട്ടത്തെ തുടർന്ന് ആ ഭാഗത്തേയ്ക്ക് വീണ്ടും അനേകം ക്രൈസ്തവർ കുടിയേറിപ്പാർക്കുകയും ചെയ്തു.

വാഴക്കുളത്ത് ഒരു ക്രൈസ്തവ ദേവാലയം സ്ഥാപിക്കുവാനുള്ള ശ്രമം 18-ാം നൂറ്റാണ്ടിന്റെ അവസാനത്തോടെ ആരംഭിച്ചു. ആരക്കുഴക്കുള്ള വഴിയുടെ അവസ്ഥയും തൊടുപുഴയാർ കടക്കുവാനുള്ള ബുദ്ധിമുട്ടുമാണ് വാഴക്കുളംകാരെ ഇതിനു പ്രേരിപ്പിച്ചത്. പക്ഷേ ഈ പരിശ്രമങ്ങൾ ഫലമണിഞ്ഞില്ല. കുറേ ഇടവേളയ്ക്കുശേഷം 19-ാം നൂറ്റാണ്ടിന്റെ രണ്ടാം ദശകം മുതൽ വീണ്ടും ദേവാലയം സ്ഥാപിക്കുവാൻ വാഴക്കുളംകാർ പരിശ്രമിച്ചു. ഇതിന്റെ പേരിൽ ആരക്കുഴക്കാരും വാഴക്കുളംകാരും തമ്മിൽ കലഹമായി. അധികാരികൾ ഇടപ്പെട്ടു. ചിലർക്കെല്ലാം പള്ളിമുടക്കു ലഭിക്കുകയും ചെയ്തു. അങ്ങനെ വീണ്ടും പള്ളിവെയ്ക്കാനുള്ള അനുവാദം നൽകിയുമില്ല.

മാർ ഫ്രാൻസിസ് സേവ്യർ വരാപ്പുഴ വികാരി അപ്പസ്തോലിക്കയായി നിയമിതനായി. അദ്ദേഹം പള്ളിയോഗക്കാർക്കുണ്ടായിരുന്ന അധികാരം പരിമിതപ്പെടുത്തി. ഈ പരിതഃസ്ഥിതിയിൽ, വാഴക്കുളം പള്ളി വയ്പിന് ആരക്കുഴ യോഗക്കാർ എതിരായാൽ പോലും അവർക്ക് ഒന്നും ചെയ്യാൻ സാധിക്കുമായിരുന്നില്ല. മാറിയ ഈ സാഹചര്യത്തിൽ വാഴക്കുളംകാർ പള്ളിവയ്ക്കുന്നതിനുള്ള അപേക്ഷ വീണ്ടും ആരക്കുഴ പള്ളിയോഗത്തിൽ സമർപ്പിച്ചു. പള്ളി വയ്ക്കുവാൻ അനുവാദം ലഭിച്ചു. വളരെയധികം ആൾക്കാരുടെ വിയർപ്പിന്റെയും വേദനയുടെയും ഫലമായത്രേ ഈ സംരംഭം വിജയിച്ചത്. വാഴക്കുളത്തെ അരമായ പ്രമുഖരേയും, നമ്പ്യാപറമ്പിൽ മാത്തച്ചൻ, വടക്കാട്ട് യൗസേപ്പച്ചൻ, കല്ലറക്കൽ യോഹന്നാനച്ചൻ, ചൊള്ളാമഠത്തിൽ ചാക്കോച്ചൻ എന്നീ വൈദീകവരേണ്യരേയും വാഴക്കുളംകാർ നിത്യ കൃതജ്ഞതയോടെ സ്മരിക്കേണ്ടതാണ്.

ഗണപതിക്കുന്നെന്ന സ്ഥലമാണ് പള്ളിക്കുവേണ്ടി കണ്ടെത്തിയത്. ഈ സ്ഥലമാകട്ടെ നമ്പ്യാപറമ്പിൽ മാത്തച്ചന്റെ സ്വന്തമായിരുന്നു. അവിടെ അദ്ദേഹം താൽക്കാലികമായി ഒരു ഷെഡ് പണിയുകയും അതിൽ വടകര പ്ലാക്കിൽ അന്ത്രയോസ് മൽപാനച്ചൻ ആദ്യമായി ബലി അർപ്പിക്കുകയും ചെയ്തു.

1840 ഫെബ്രുവരി 2-ാം തിയതി വിശുദ്ധ ഗീവർഗീസ് സഹദായുടെ നാമത്തിൽ പുതിയ പള്ളി സ്ഥാപിക്കുന്നതുവരെ ഈ ഷെഡിലായിരുന്നു ദിവ്യകർമ്മാനുഷ്ഠാനങ്ങൾ നടത്തി വന്നത്. പുതിയ പള്ളി ആരക്കുഴയുടെ കുരിശുപള്ളിമാത്രമായിരുന്നു. ഈ കുരിശുപള്ളിയുടെ കാര്യങ്ങൾ നടത്താൻ വേണ്ടി ആരക്കുഴ പള്ളിയുടെ അസിസ്റ്റന്റായി നമ്പ്യാപറമ്പിൽ മാത്തച്ചൻ നിയമിതനാകുകയും ചെയ്തു.

ഈ കാലഘട്ടത്തിലാണ് മാന്നാനത്തെ സന്ന്യാസ പ്രസ്ഥാനം രൂപം പ്രാപിച്ച് വന്നത്. കടുത്ത പരീക്ഷണങ്ങൾക്കു ശേഷം മാന്നാനം കുന്നിൽ ആശ്രമം സ്ഥാപിക്കുവാനുള്ള അനുവാദം സഭാസ്ഥാപകർക്കു ലഭിച്ചു. ആശ്രമം പണിയുന്നതിനാവശ്യമായ തടി അന്വേഷിച്ച് വന്ദ്യനായ ചാവറയച്ചനും അദ്ദേഹ

ത്തിന്റെ സന്തത സഹചാരിയായ കണിയാന്തറ യാക്കോബും വാഴക്കുളത്ത് വന്നിട്ടുണ്ട്. തടിമാത്രമല്ല, ധാരാളം പണവും ആരക്കുഴ ഇടവകക്കാർ അവർക്കു നല്കി. അക്കാലത്ത്, കൊവേന്തക്കാരായ വൈദികർ, നാഗപ്പുഴയിലും, മൈലക്കൊമ്പിലും, ആരക്കുഴയിലും, കോതമംഗലത്തും പൊതുധ്യാനം നടത്തിയിട്ടുമുണ്ട്.

കേരളത്തിൽ ഉടനീളം, ആദ്ധ്യാത്മികതയുടെ തീ പാളിച്ചുകൊണ്ട് നടന്നിരുന്ന ഈ സന്ന്യാസ വൈദികർ, തങ്ങൾ ചെല്ലുന്നിടത്തെല്ലാം പുതിയ ആശ്രമങ്ങൾ സ്ഥാപിക്കാൻ അനുയോജ്യമായ സ്ഥലങ്ങൾ കണ്ടുവയ്ക്കുക ഒരു പതിവാക്കിയിരുന്നു.

അങ്ങനെയിരിക്കയിൽ 1859 മകരം ഇരുപതാം തീയതി ഞായറാഴ്ച സന്ധ്യയോടെ കൊച്ചുപുരയ്ക്കൽ കുര്യച്ചനും, കാനാട്ട് ചാക്കോച്ചനും, മടത്തുഞ്ചാലി മത്തായി അച്ചനും വാഴക്കുളത്തു കുരിശുപള്ളി മുറ്റത്തു വന്നു. അവർ ആരക്കുഴയിൽ ധ്യാനിപ്പിക്കുവാൻ പോവുകയായിരുന്നു. ബ. നമ്പ്യാപറമ്പിലച്ചൻ ഈ സന്യാസിമാരെ സ്വീകരിച്ചു സൽകരിച്ചു.[1]

എന്നാൽ ബ. യാക്കോബച്ചൻ അകത്തു കയറാതെ പ്രകൃതി ഭംഗി ആസ്വദിച്ചുകൊണ്ട് പുറത്തു തന്നെ നിന്നു. ഇതു കണ്ട കുര്യച്ചൻ "എന്താണിത്ര നോക്കുന്നത് അകത്തേയ്ക്കു വന്നാലും" എന്നു പറഞ്ഞു. "ഈ ചെറിയ കുന്ന് ഒരാശ്രമം വയ്ക്കാൻ പറ്റിയതാണെന്നു തോന്നിയതിനാൽ നോക്കി നിന്നു പോയതാ", ചാക്കോച്ചന്റെ മറുപടി. നമ്പ്യാപറമ്പിൽ ബ. മത്തായി അച്ചൻ പിറ്റേ ദിവസം രാവിലെ ബ.ചാക്കോച്ചനെ സമീപിച്ച് "ഇവിടെ ഒരാശ്രമം പണിയുന്നത് വളരെ സന്തോഷമാണെന്നും, ഈ പള്ളിയും, മുറിയും, പറമ്പും, വേണ്ടിവന്നാൽ മറ്റു സഹായങ്ങളും കൊടുക്കാമെന്നും ഉറപ്പുനൽകി."[2] ബ. മത്തായി അച്ചൻ ഇക്കാര്യം ചാക്കോച്ചനിലൂടെ മർസലീനോസ് മിഷനറിയെ അറിയിക്കുകയും ചെയ്തു. അദ്ദേഹം ഇക്കാര്യം മെത്രാപ്പോലീത്തായെ അറിയിച്ചു. "വിസീത്തയ്ക്കു വരുമ്പോൾ സ്ഥലം കണ്ടിട്ട് നിശ്ചയിക്കാ"മെന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി. മൈലക്കൊമ്പിൽ

(1.) വാഴക്കുളം നാളാഗമം Vol. 1 p. 19
(2). വാഴക്കുളം നാളാഗമം Vol. 1 p. 20

ആയിരങ്ങൾക്ക് ആവേശവും അഭിമാനവും പകർന്ന
കേരള സഭാനേതാവ് - വലിയ പ്രിയോരച്ചൻ.
ഈ നെയ് വിളക്കിൽ നിന്നുതന്നെയാണ്
കുഞ്ഞെയ്പ്പു ശെമ്മാശനും ഔസേപ്പന്തോനിയച്ചനും
വെളിച്ചം പകർന്നെടുത്തത്.

വിസീത്ത നടത്തി ആരക്കുഴയ്ക്കു പോകുന്ന വഴി മെത്രാപ്പോ ലീത്ത വാഴക്കുളം കുരിശുപള്ളിയിൽ വന്ന് ഒരു ദിവസം താമസി ച്ചു. ആരക്കുഴയിൽ എത്തിയ അദ്ദേഹം ആശ്രമം പണിയാൻ സമ്മ തിച്ചിരിക്കുന്നതായി നമ്പ്യാപറമ്പിലച്ചനെ അറിയിച്ചു. അതിനു വേണ്ടി താൽക്കാലിക ക്രമീകരണങ്ങൾ നടത്തുകയും ചെയ്തു.[3] സഭാ ജനറാളായിരുന്ന ചാവറയച്ചന്റെ ഒരു ചിരകാലാഭീഷ്ടം നിശ്ച യിച്ച സമയത്ത് ഒരു യാഥാർത്ഥ്യമായിത്തീർന്നു. മാന്നാനം ആശ്ര മാംഗങ്ങൾ ചാവറയച്ചന്റെ നേതൃത്വത്തിൽ ഈ പുതിയ സ്ഥാപന ത്തിനുവേണ്ട എല്ലാ ഒത്താശകളും നൽകി അതിനെ മാന്നാന ത്തിന്റെ ഒരു ശരിപ്പകർപ്പാക്കി മാറ്റി. ചാവറയച്ചന്റെ മനസ്സിൽ തിങ്ങി വിങ്ങി നിന്ന കർമ്മെല ചൈതന്യം ചിറപൊട്ടിയൊഴുകിയത് വാഴ ക്കുളത്തെ കർമ്മെലാശ്രമത്തിന്റെ സ്ഥാപനത്തിലൂടെയാണെന്നു പറഞ്ഞാൽ അതൊരതിശയോക്തിയല്ലതന്നെ. തത്ഫലമായി, ഈ നാട്ടിലെ ദൈവ ജനത്തിന്റെ ആദ്ധ്യാത്മിക ജീവിതം പൂവണിയു കയും സന്ന്യാസ ജീവിതത്തിനായുള്ള അഭിനിവേശം സംജാത മാകയും ചെയ്തു.

അങ്ങനെ ഗണപതിക്കുന്ന് കർമ്മെല മലയായി മാറി. അവി ടെയുണ്ടായിരുന്ന കുരിശുപള്ളിയും മുറിയും 1859 മിഥുനം 12-ാം തീയതി ശനിയാഴ്ച കൊവേന്തക്കാരുടെ ഒരാശ്രമമായിതീർന്നു. ആശ്രമാധിപൻ കാനാട്ടച്ചന്റെ കീഴിൽ ഇടവകകാര്യങ്ങളുംകൂടി 1885 മീനം വരെ നടത്തിപ്പോന്നു.

മാർത്തോമാ ക്രിസ്ത്യാനികളെ എല്ലാവരെയും ഉൾക്കൊ ള്ളുവാനും അവർക്കെല്ലാവർക്കും ആത്മീയ സഹായം നൽകു വാനും അദമ്യമായി ആഗ്രഹിച്ച ചാവറപിതാവ്, കേരളത്തിലെ മാന്നാനം കുന്നിൽ പടുത്തുയർത്തിയ സഭാപ്രസ്ഥാനത്തെ ക്രമേണ വടക്കു തൃശൂരുള്ള എൽത്തുരുത്തിലേക്ക് വ്യാപിപ്പിച്ചു. പക്ഷെ, അതിന്റെ പൂർത്തീകരണമായി ഇവയുടെ രണ്ടിന്റെയും മദ്ധ്യത്തിൽ കിഴക്കുമാറി വാഴക്കുളത്ത് മൂന്നാമത്തെ ഒരാശ്രമവും വേണമെന്ന് അദ്ദേഹത്തിനു തോന്നി. അങ്ങനെ കേരളത്തെ മുഴുവനും സി.എം.ഐ. സഭയുടെ പ്രേഷിത വലയത്തിൽ കൊണ്ടുവന്ന് ആദ്ധ്യാത്മിക നവീകരണം നടത്തുന്നതിന് ഈ ആശ്രമ സ്ഥാപനം

(3). വാഴക്കുളം നാളാഗമം Vol. 1 p. 21

ഉപകരിക്കണമെന്ന് അദ്ദേഹം അഭിലഷിച്ചു. ഇതിനാലത്രെ ഇതൊരു ചരിത്ര സംഭവമെന്ന് മേൽ സൂചിപ്പിച്ചത്.

വാഴക്കുളം ആശ്രമത്തിന്റെ ഈ എളിയ ആരംഭത്തിൽ നിന്നുമാണ് വാഴക്കുളത്തിന്റെയും ചുറ്റുപാടുമുള്ള സ്ഥലങ്ങളുടെയും അത്ഭുത പൂർവ്വമായ വളർച്ചയുടെ ആരംഭം. ഈ ആശ്രമത്തെയും ഇതിനെ ചുറ്റിപ്പറ്റി ജീവിച്ച സന്ന്യാസികളുടെയും ഇവിടത്തെ സെമിനാരിയുടെയും, ഹൈസ്ക്കൂളിന്റെയും വളർച്ചയിലാണ് വാഴക്കുളത്തിന്റെ സർവതോമുഖമായ പുരോഗതി അടിസ്ഥാനമിട്ടിരിക്കുന്നത്. വന്യമൃഗങ്ങളുടെ കേളീരംഗമായിരുന്ന ഗണപതിക്കുന്ന് ഇന്ന് ജനനിബിഡമായ ഒരു മലർക്കാവായി മാറി. അടുത്തുള്ള കുന്നുകളിലെ ഇടവകപ്പള്ളി, മഠം, ബാലമന്ദിരം ഇവയെല്ലാം ഈ ആശ്രമത്തിന്റെ ചുവടു പിടിച്ചു വളർന്നതാണ്. അതുപോലെതന്നെ, ജലമാർഗ്ഗഗതാഗതത്തെ കരമാർഗ്ഗമാക്കി മൂവാറ്റുപുഴ - തൊടുപുഴ റോഡിന്റെ നിർമ്മാണത്തിന് നേതൃത്വം നൽകിയതും വാഴക്കുളം കൊവേന്തയാണ്. മെത്രാപ്പോലീത്തായുടെ ഡപ്യൂട്ടിയായിരുന്ന ആശ്രമവികാരിയാണ്. തോട്ടക്കര, പെരിങ്ങഴ മുതലായ പള്ളികളുടെ സ്ഥാപനത്തിന് നേതൃത്വം നൽകിയത്. അങ്ങനെ ഗ്രാമീണ സൗന്ദര്യം നിറഞ്ഞുനിന്ന വാഴക്കുളം ഇന്ന് നവയൗവ്വനയുക്തയായ ഒരു നഗരമായി വേഷമണിഞ്ഞിരിക്കുന്നു.

ഈ വ്യതിയാനത്തിന് കാരണക്കാരായ സന്ന്യാസ വരേണ്യരിൽ ഏറ്റം ഉന്നത സ്ഥാനം അലങ്കരിക്കുന്നത് ബ. കാനാട്ട് യാക്കോബച്ചനാണ്. തത്തുല്യമായ മറ്റൊരു യുഗ പ്രഭാവനാണ് മഞ്ഞേരിൽ ബ. യൗസേഫ് അന്തോനിയച്ചൻ. പുണ്യചരിതനും, കർമ്മോത്സുകനും, കാര്യപ്രാപ്തനും, പ്രാർത്ഥനയുടെ മനുഷ്യനുമായിരുന്ന അദ്ദേഹത്തിന്റെ ജീവിതവും ചെയ്തികളുമാണ് ഈ ചെറുഗ്രന്ഥത്തിലെ പ്രതിപാദ്യവിഷയം.

അദ്ധ്യായം 2

ഒരു സന്ന്യാസ വൈദികൻ ജനിക്കുന്നു

പുരാതനമായ പല ക്രൈസ്തവ തറവാടുകൾ വിരിഞ്ഞു വികസിച്ച ഒരു ശാദ്വലഭൂമിയായിരുന്നു, വാഴക്കുളവും പരിസരവുമെന്ന് നാം കണ്ടുവല്ലോ. അവയിലൊന്നായ മഞ്ഞേരിത്തറവാട് ആളിലും അർത്ഥത്തിലും ഒട്ടും പിറകിലല്ലായിരുന്നു. ഈ കുടുംബത്തിലും ഇതിനോട് ബന്ധപ്പെട്ട മറ്റപ്പള്ളി, കൊച്ചുമുട്ടം, എടാട്ടേൽ, കിണറ്റുകരത്തടം മുതലായ കുടുംബങ്ങളിലും ധാരാളം വൈദികർ മൊട്ടിട്ടു വളരുകയും വിരിഞ്ഞ് പ്രൊഫുല്ലമാകയും, ഫലസംദായക ജീവിതം സഭയ്ക്കും നാട്ടാർക്കും കാഴ്ചവയ്ക്കുകയും ചെയ്തിട്ടുണ്ട്. വളരെയധികം വൈദികരെ വാർത്തെടുക്കുവാനും സന്ന്യാസികളെ ശിരോവസ്ത്രമണിയിക്കാനും സാധിച്ചിട്ടുള്ള വാഴക്കുളവും പരിസരപ്രദേശങ്ങളും ഇന്നത്തേപ്പോലെ അന്നും ക്രൈസ്തവരുടെ ഒരു കേന്ദ്രമായിരുന്നു.

മഞ്ഞേരിത്തറവാടിന്റെ ഉത്ഭവം കല്ലട നിന്നും (കൊല്ലം) കാരക്കുന്നത്ത് കുടിയേറിപ്പാർത്തവരിൽ നിന്നാണത്രേ. കല്ലട നിന്ന് കാരക്കുന്നത്തേയ്ക്ക് കുടിയേറിയവരിൽ പിൽക്കാലത്ത് ഒരു

മുത്തപ്പൻ കാവനയ്ക്കും, മറ്റൊരാൾ തോട്ടക്കര നെടുംപുറത്തും താമസമുറപ്പിച്ചു. കാവനയിൽ താമസമുറപ്പിച്ചിരുന്ന ഐപ്പമുത്തപ്പനിൽ നിന്നാണ് മഞ്ഞേരി കുടുംബത്തിന്റെ ആരംഭം. മഞ്ഞേരി കുടുംബത്തെക്കുറിച്ച് ചരിത്രകാരനായ വി.സി.ജോർജ്ജ് ഒരു സൂചന നൽകുന്നുണ്ട്: "കുറവിലങ്ങാട്ടെനാലില്ലക്കാരോട് അടുത്തു തന്നെ പ്രാമാണ്യവും പ്രഖ്യാതിയുമുള്ളവരായിരുന്നു കടപ്പൂർ അഞ്ചുവീട്ടുകാർ. കടപ്പൂർ എന്ന സ്ഥലനാമം പല ശതാബ്ദങ്ങളായി അഞ്ചു വീട്ടുകാരോട് ദൃഢബന്ധം പുലർത്തിവരുന്നുണ്ടെങ്കിലും ആ അഞ്ചു വീട്ടുകാരുടെ അധിവാസസ്ഥാനം കടപ്പൂർ മാത്രമായിരുന്നില്ല. കടപ്പൂരിലും, വയലാ, കാളിക്കാവ്, ഇലയ്ക്കാട് മുതലായ അയൽകരകളിലും കുറവിലങ്ങാട്ടിലും അഞ്ചുവീട്ടുകാരിൽപ്പെട്ട പലരും അധിവാസമുറപ്പിച്ചിരുന്നു. അവിടെ അവരുടെ സന്തതികൾ ഇന്നും അധിവസിക്കുന്നുമുണ്ട്."

"വലിയവീട്, കത്തേടം, പുതുശ്ശേരി, ചെമ്പംകുളം, മഞ്ഞേരി എന്നിവയത്രേ കടപ്പൂരിലെ പുരാതന അഞ്ചു വീട്ടുകാർ."

"മാർത്തോമാശ്ലീഹായിൽ നിന്നും ജ്ഞാനസ്നാനം സ്വീകരിച്ച നാലില്ലക്കാരുടെ സന്തതികൾ കാളിക്കാവിൽ താമസിച്ചതിനെ തുടർന്ന് ക്രിസ്തുമതം സ്വീകരിച്ച അക്രൈസ്തവ കുടുംബങ്ങളിലെ അംഗങ്ങൾ കടപ്പൂർ അഞ്ചുവീടർ എന്നറിയപ്പെടുന്നു. കുറവിലങ്ങാട്ടുപള്ളി നാലാം നൂറ്റാണ്ടിൽ സ്ഥാപിച്ചപ്പോൾ നാലില്ലക്കാരുടെയും അഞ്ചുവീടരുടെയും സന്തതികൾ ഇലയ്ക്കാട്ടുകരയിലും അടുത്ത സ്ഥലങ്ങളിലും താമസമാരംഭിച്ചു. അവരുടെ കുടുംബങ്ങളിൽ ഒരു നല്ല ഭാഗം കാളിക്കാവിലും കടപ്പൂരിലും അവശേഷിച്ചിരുന്നുതാനും." (4)

"ഈ അഞ്ചുവീടരുടെ വിവിധ ശാഖകളിൽ ജാതരായ ഒട്ടധികം വൈദികർ കേരളത്തിൽ പല ശാഖകളിലൂടെ സഭയേയും സമുദായത്തെയും സേവിച്ച് ഐഹിക ജീവിതം മാതൃകാപരവും പ്രശംസാർഹവുമായി നയിച്ചിട്ടുണ്ട്."(5)

(4). V.C. ജോർജ്ജ് - കുറവിലങ്ങാട് മർത്തമറിയം പള്ളിയും കേരള നസ്രാണികളും - p. 68

(5). V.C. ജോർജ്ജ് - Ibid. p. 362

"ജീവിതസൗകര്യം, കുടുംബകലഹം ഇത്യാദികാരണങ്ങളാൽ കുറവിലങ്ങാട്ടും പരിസരങ്ങളിലും ഉണ്ടായിരുന്ന പുരാതന നാലില്ലങ്ങളിലേയും കടപ്പൂർ അഞ്ചു വീടുകളിലേയും അംഗങ്ങൾ ജന്മസ്ഥലം ഉപേക്ഷിച്ച് ദൂരദേശങ്ങളിൽ തലമുറകളിലൂടെ അധിവാസം ഉറപ്പിച്ചതും അവരുടെ വംശജരിൽ ഒരു നല്ല ഭാഗം ആ ദേശങ്ങളിൽ കാണപ്പെടുന്നതും സുജ്ഞാതമാണല്ലോ."(6)

1653-ൽ കൂനങ്കുരിശു സത്യത്തെ തുടർന്ന് സുറിയാനിക്കാരുടെ ഇടയിൽ ഒരു പിളർപ്പുണ്ടാവുകയും പഴയകൂറും പുതിയകൂറും എന്ന രണ്ടു വിഭാഗങ്ങളായി തിരിയുകയും ചെയ്തത് ഒരു ചരിത്ര സംഭവമാണ്. ഈ തിരിവിനു മുമ്പ് പ്രസ്തുത ദേശാന്തര ഗമനങ്ങളിൽ ഒരു നല്ല ഭാഗം നടന്നെങ്കിലും, ദേശാന്തരഗാമികളുടെ വംശജരിൽ ഭൂരിഭാഗവും പൂർവ്വിക പഴയകൂർ വിഭാഗത്തിൽ നിന്ന് വിയോജിച്ചു കഴിയുകയാണ് ചെയ്യുന്നത്.(7) ഇതേക്കുറിച്ച് അഴകത്തു ചെറിയാൻ താഴെ പറയുംവിധം രേഖപ്പെടുത്തിക്കാണുന്നു: "പതിനേഴു നൂറ്റാണ്ടുകാലത്തോളം ഏകതൊഴുത്തിൽ ഏക ഇടയന്റെ കീഴിൽ ഏകയോഗക്ഷേമമായി കഴിഞ്ഞുകൂടിയിരുന്ന ഇവിടത്തെ സുറിയാനി ക്രിസ്ത്യാനികളുടെ ഇടയിൽ ഭിന്നതയുടെ വിഷബീജം വിതച്ചത് പോർട്ടുഗീസു മിഷനറിമാരിൽ ചിലരായിരുന്നുവെന്ന പരമാർത്ഥം സങ്കടത്തോടും കണ്ണുനീരോടും കൂടിയല്ലാതെ സ്മരിക്കാൻ പ്രയാസം. ലത്തീൻ മെത്രാന്മാരുടെ ഭരണത്തിൽനിന്നും വിമുക്തിനേടാൻ പരിശ്രമിച്ച സുറിയാനിക്കാർ "ചട്ടിയിൽനിന്ന് അടുപ്പിലേയ്ക്ക് എന്ന ഘട്ടത്തിലായി..."(8) ഇങ്ങനെ അവർ രണ്ടായി പിരിഞ്ഞെങ്കിലും ആദ്യകാലങ്ങളിൽ ഒരേ പള്ളിയിൽത്തന്നെയാണു പോയിരുന്നത്. കാലക്രമത്തിൽ കത്തോലിക്കർ അവരുടേതായി പുതിയ പള്ളികൾ സ്ഥാപിക്കുവാൻ തുടങ്ങി.

വാഴക്കുളത്തുള്ള മഞ്ഞേരി കുടുംബത്തിലെ അയ്പ്പിന്റെ മകൻ വർക്കിയുടേയും ഭാര്യ ഏലീശ്വായുടേയും ദാമ്പത്യ വല്ലരിയിൽ ആറു സുഗന്ധസുമങ്ങൾ മൊട്ടിട്ടുവിരിഞ്ഞു. അമ്മയായ

(6). V.C. ജോർജ്ജ് - Ibid. p. 436

(7). V.C. ജോർജ്ജ് - Ibid. p. 436

(8). അഴകത്തു ചെറിയാൻ - പകലോമറ്റം ചക്കാലയിൽ കുടുംബ ചരിത്രം.

ഏലീശ്വാ മരുത്തോൻമലയിൽ മറ്റപ്പള്ളി (ഇപ്പോഴത്തെ കുറുപ്പു മഠം) കുടുംബത്തിലെ അംഗമായിരുന്നു. ഈ ദമ്പതികളാകട്ടെ ഈശ്വരഭക്തരും അതിഥിസൽക്കാരപ്രിയരും, പള്ളിയോടും പട്ടക്കാരോടും വളരെയധികം സ്നേഹാദരവു പ്രകടിപ്പിച്ചിരുന്നവരുമായിരുന്നു. അതിനാൽ ബഹുമാനപ്പെട്ട വൈദികരും മെത്രാന്മാരും താഴത്തുള്ള വഴിയിലൂടെ യാത്ര ചെയ്യുമ്പോഴൊക്കെ മഞ്ഞേരി വർക്കിയുടെ വീട്ടിൽനിന്നും ആതിഥ്യം സ്വീകരിക്കുമായിരുന്നു. ഈ പാരമ്പര്യം തലമുറകളിലൂടെ വിരിഞ്ഞു വികസ്വരമാകയും അത് ധാരാളം ദൈവവിളികൾ മഞ്ഞേരിത്തറവാട്ടിലും അതിന്റെ ശാഖകളിലും സംലബ്ധമാകാൻ കാരണമാകയും ചെയ്തു.

വർക്കിയുടെയും ഏലീശ്വായുടെയും ആദ്യസന്താനമായ മറിയത്തെ ആരക്കുഴ ഇടവകയിലുള്ള കിഴക്കേമാതേക്കൽ യാക്കോബിനു വിവാഹം കഴിച്ചുകൊടുത്തു. മറിയത്തിന്റെ ഇളയവരായ യൗസേപ്പ്, ഇട്ടിയവരാ, വർക്കി എന്നിവരും വിവാഹിതരായി. ഏറ്റം ഇളയവരായ കുഞ്ഞയ്പ്പും കുരിയാക്കോസും സന്ന്യാസജീവിതവും വരിച്ചു.

ബ. കാനാട്ട് യാക്കോബ് മറിയമച്ചൻ കുഞ്ഞയ്പ്പിന്റെയും യൗസേപ്പ് അന്തോനിയച്ചന്റെയും വത്സല ഗുരുഭൂതൻ.

1843-ൽ ജനിച്ച കുഞ്ഞയ്പ്പ് 1859 നവംബറിൽ സന്ന്യാ

സാർത്ഥിയായി വാഴക്കുളം ആശ്രമത്തിൽ ചേർന്നു. അന്ന് അദ്ദേഹത്തിനു പതിനാറു വയസ്സായിരുന്നു. അദ്ദേഹത്തിന്റെ ബാല്യത്തെക്കുറിച്ചോ വിദ്യാഭ്യാസത്തെക്കുറിച്ചോ നമുക്ക് വലിയ അറിവൊന്നുമില്ല. സാമാന്യം അന്നു നടപ്പായിരുന്നതുപോലെ എഴുത്താശാനിൽനിന്നും പ്രാഥമിക വിദ്യാഭ്യാസം ലഭിച്ചിരുന്നിരിക്കണം. കാനാട്ടച്ചന്റെ ദിവ്യബലിയിൽ സഹായിച്ചിരുന്നതിനാൽ കാനാട്ടച്ചന് കുഞ്ഞയ്പ്പിനെക്കുറിച്ച് ഏതാണ്ടൊരു ജ്ഞാനം ഉണ്ടായിരുന്നിരിക്കാം. വൈദിക പഠനത്തിനും സന്ന്യാസപരിശീലനത്തിനുംവേണ്ട ബുദ്ധിവൈഭവം കുഞ്ഞയ്പ്പിൽ കണ്ടതുകൊണ്ടായിരിക്കണമല്ലോ കാനാട്ടച്ചൻ അദ്ദേഹത്തെ സ്വീകരിച്ചത്. അങ്ങനെ വാഴക്കുളം ആശ്രമത്തിന്റെ ആരംഭത്തിൽ സഭയിൽ ചേർക്കപ്പെട്ട നാലു കുട്ടികളുടെ കൂടെ മഞ്ഞേരി കുഞ്ഞയ്പ്പും ഉണ്ടായിരുന്നു.(൯)

ഇവരുടെ പഠനത്തിന് ആവശ്യമുള്ള സുറിയാനി ഗ്രന്ഥങ്ങൾ ചാവറയച്ചൻത്തന്നെ മാന്നാനത്തുനിന്നും വാഴക്കുളത്തിനു കൊടുത്തയച്ചിരുന്നതായി ചരിത്രം സാക്ഷിക്കുന്നു. പ്രിയമുള്ള ഈ പിതാവ് നാലു ക്രാസുകളിലായി സുറിയാനി അക്ഷരങ്ങൾ സ്വന്തം കൈപ്പടയിൽ എഴുതിയാണ് അയച്ചത്.(൧൦)

ഇതിനിടയ്ക്കാണ് വാഴക്കുളം കുരിശുപള്ളിയും മുറിയും പൊളിച്ച് വലിയ ആശ്രമം പണിയാൻ അഭിവന്ദ്യ ബർണ്ണദിനോസ് മെത്രാപ്പോലീത്താ അനുവദിച്ചത്. 1860 ജൂലൈ 16-ാം തീയതി ആശ്രമത്തിനു കല്ലിടണമെന്നും കർമ്മെലമാതാവിന്റെ തിരുന്നാൾ ആഘോഷപൂർവ്വം കൊണ്ടാടണമെന്നും അഭിവന്ദ്യതിരുമേനി അഭിലഷിച്ചു. ആശ്രമ വികാരി ബ. കാനാട്ടച്ചൻതന്നെ ശിലാസ്ഥാപനം നടത്തി. കർമ്മങ്ങൾ ആരംഭിച്ചപ്പോൾ ആകസ്മികമായി ഒരു വലിയ കൊടുങ്കാറ്റുണ്ടായി. മഴ വീഴുമെന്ന് തീർച്ചയായി. ദിവ്യകർമ്മങ്ങൾ മുടങ്ങിപ്പോകാതിരിക്കാൻ ജനങ്ങൾ മനംനൊന്തു പ്രാർത്ഥിച്ചു. പഴയ കർമ്മെലമലയിൽ ഏലിയാസ് പ്രവാചകൻ മഴയ്ക്കുവേണ്ടി പ്രാർത്ഥിച്ചപ്പോൾ മഴ നൽകിയ ദൈവം പുതിയകർമ്മെലയിൽ മഴ മാറിപ്പോകാൻ പ്രാർത്ഥിച്ച തന്റെ ജനത്തിന്റെയും പ്രാർത്ഥന ദയാപൂർവ്വം സ്വീകരിച്ചു. മഴ മാറി; എല്ലാം ശുഭമായി പരിണമിച്ചു.

(൯). കർമ്മെല നാളാഗമം പുസ്തകം I p. 12
(൧൦). Ibid. p. 17

കർമ്മെലമാതാവിന്റെ ഭക്തരും സി.എം.ഐ. ക്കാരുടെ ഉറ്റ സുഹൃത്തുക്കളുമായ നാട്ടുകാരുടെ സഹായത്താൽ പണി അതിശീഘ്രം പുരോഗമിച്ചു.

വാഴക്കുളം ആശ്രമത്തിൽചേർന്ന നാലു യോഗാർത്ഥികൾ 11 മാസത്തോളം കാനാട്ടച്ചന്റെ ശിക്ഷണത്തിൽ വളർന്നുവന്നു. എന്നാൽ സന്ന്യാസാർത്ഥികളെ പല സ്ഥലങ്ങളിലായി പരിശീലിപ്പിക്കുന്നതിൽമെച്ചം ഏതെങ്കിലും ഒരു സ്ഥലത്തുതന്നെ ആയിരിക്കട്ടെയെന്നും അത് കൂനമ്മാവിലായിരിക്കട്ടെ എന്നും ബർണ്ണർദീനോസ് മെത്രാപ്പോലീത്താ കല്പനയായി. അങ്ങനെ മാന്നാനത്തും വാഴക്കുളത്തും ഉണ്ടായിരുന്നവരെ കൂനമ്മാവിലേയ്ക്കു മാറ്റി.(11) തത്ഫലമായി 1860 ഒക്ടോബർ 5-നു കുഞ്ഞയ്പ്പും കൂട്ടരും കൂനമ്മാവിൽ വന്നുചേർന്നു. കൂനമ്മാവിൽ വന്നതിനുശേഷം കുഞ്ഞയ്പ്പ് യൗസേപ്പ് അന്തോനിയെന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. അവിടെ ഏതാണ്ട് അഞ്ചു വർഷത്തോളം വൈദിക പഠനവും സന്ന്യാസ പരിശീലനവും നേടി. അവർക്കു പരിശീലനം നൽകിയവരിൽ പ്രധാനി കർമ്മെലീത്തനായ പീലിപ്പോസ് മൂപ്പച്ചനായിരുന്നു. ഏതാണ്ട് അഞ്ചുവർഷത്തെ ദമവും തപവും പ്രണിധാനവും ഔസേപ്പ് അന്തോനി ശെമ്മാശനെ ആദ്ധ്യാത്മികജീവിതത്തിന്റെ നിരർഗ്ഗള സുന്ദരമായ ആത്മാനുഭൂതിയുടെ സാനു പ്രദേശങ്ങളിലേയ്ക്ക് വഴികാട്ടിവിടുകയും ചെയ്തു. അന്നത്തെ വൈദിക - സന്ന്യാസ പരിശീലനത്തെക്കുറിച്ച് പാറപ്പുറമച്ചൻ തന്റെ ഡയറിയിൽ വിവരിച്ചിട്ടുണ്ട്. "അന്നത്തെ ആളുകൾക്ക് ബാഹ്യമായ തപസ്സിലും പ്രായശ്ചിത്തത്തിലും പ്രാർത്ഥനയിലും ഉപവാസത്തിലുമൊക്കെയായിരുന്നു കൂടുതൽ താത്പര്യം. എന്നാൽ മൗനം, ഏകാന്തത, ആശാനിഗ്രഹം എന്നീ ആന്തരിക തപോരീതികൾ ബുദ്ധിമുട്ടുള്ളതും ഇഷ്ടമില്ലാത്തവയുമായിരുന്നു; പ്രത്യേകിച്ച് ചെറുപ്പക്കാർക്ക്. എന്നാൽ പീലിപ്പോസ് മൂപ്പച്ചന്റെ പരിശ്രമഫലമായി ഇക്കാര്യങ്ങളിലും യോഗാർത്ഥികൾ അഭിവൃദ്ധിപ്രാപിച്ചുവന്നു.(12)"

(11). പാറപ്പുറം വർക്കിച്ചന്റെ ഡയറി p. 521
(12). പാറപ്പുറം ഡയറി 542

പീലിപ്പോസ് മൂപ്പച്ചനോടൊപ്പം ലയോപ്പോൾദ് മൂപ്പച്ചനും ഇവർക്ക് സന്ന്യാസ ശിക്ഷണം നൽകിയിരുന്നു. 1860-ൽ വെറും 5-ാം പട്ടക്കാരനായശേഷം നാട്ടിൽവന്ന ലയോപ്പോൾദ് ഇവിടെ പട്ട മെറ്റശേഷം കൂനമ്മാവിലെ നവസന്ന്യാസികളുടെ ഗുരുവായി നിയമിതനായി.(13) അദ്ദേഹം പണ്ഡിതനും പരിചയസമ്പന്നനും കർമ്മെല ചൈതന്യത്തിന്റെ നിദർശന പത്രികയുമായിരുന്നു. തന്റെ വിദ്യാർത്ഥികൾ വേദശാസ്ത്രങ്ങൾ അഭ്യസിക്കുന്നതിന് അനുയോജ്യരാകത്തക്കവിധം അദ്ദേഹം അവരെ ലത്തീൻ ഭാഷയും പഠിപ്പിച്ചിരുന്നു.(14)

ബ. ലയോപ്പോൾദ് മൂപ്പച്ചൻ പകരമതിയായ ആദ്ധ്യാത്മിക ഗുരു

ഏതാണ്ട് അഞ്ചുവർഷത്തോളം പഠനവും പരിശീലനവും കഴിഞ്ഞപ്പോൾ സെമിനാരിക്കാരുടെ ഇടയിൽ ഒരുതരം പനി പകർച്ചവ്യാധി പോലെ പടർന്നു പിടിച്ചു. അതേ തുടർന്ന്, അടുത്തടുത്ത്, മൂന്നുപേർ മരിക്കുകയും ചെയ്തു. ഇവരിൽ ഒരാൾ മഞ്ഞേരി യൗസേപ്പ് അന്തോണി ശെമ്മാശനായിരുന്നു. ബർണ്ണാർഡച്ചൻ അവരുടെ മരണത്തെക്കുറിച്ച് ഇപ്രകാരം എഴുതിയിരിക്കുന്നു. ".....1864-ാ മാണ്ടിൽ മാർച്ച് 2-ന് ആരക്കുഴ ഇടവക മഞ്ഞേരി യൗസേപ്പ് അന്തോനി ശെമ്മാശൻ കൂനമാവുങ്കൽവച്ചു മരിച്ചു. ഇവർ എല്ലാവരും സഭയിൽ ചേർന്ന് ആരംഭകാലത്തുണ്ടായിരുന്ന ജ്ഞാനശുഷ്ക്കാന്തിയിൽ നിലനിന്നവരുംശേഷം സഹോദരന്മാർക്ക് നല്ല ദൃഷ്ടാന്തമായി ജീവിച്ചവരുമാണ്"(15) അങ്ങനെ വിരിയാൻ കൊതിച്ച

ശെമ്മാശ്ശനായിരിക്കെ മരണമടഞ്ഞ യൗസേപ്പ് അന്തോനി (കുഞ്ഞയ്പ്പ്)

(13). ബർണ്ണാർഡ് ക. നി. മു. സ. ചരിത്രം p. 112
(14). പാറപ്പുറം. p. 660
(15). ബർണ്ണാർഡച്ചൻ Ibid p. 68

ആ പുമൊട്ട് മുകുളമായിരിക്കയിൽ തന്നെ അടർന്നുപോയി. ഇത് എല്ലാവരേയും ദുഃഖത്തിലാഴ്ത്തി.

1849 ഏപ്രിൽ 6 ന് ഭൂജാതനായ കുരിയാക്കോസ്, ജ്യേഷ്ഠനായ കുഞ്ഞയ്പ്പ് സഭയിൽ ചേർന്നു, രണ്ടുവർഷം കഴിഞ്ഞാണ്, സന്ന്യാസത്തിനായി ദാഹിച്ച് വാഴക്കുളം സെമിനാരിയിൽ പ്രവേശിച്ചത്. എന്നാൽ ജ്യേഷ്ഠന്റെ ആകസ്മിക മരണം അദ്ദേഹത്തെ വല്ലാതെ ആട്ടിഉലച്ചു. എങ്കിലും അദ്ദേഹം ദൈവത്തിലാശ്രയിച്ചു പിടിച്ചുനിന്നു. തന്റെ അമ്മയായ കർമ്മെലനാഥയുടെ കാപ്പയിൻ കീഴ് താൻ സംതൃപ്തനാണെന്നുള്ള മനോവിശ്വാസത്തിന്റെ ശാശ്വതസ്മരണ നിലനിറുത്തുന്നതിനുവേണ്ടി കുര്യാക്കോസ് സന്ന്യാസനാമം സ്വീകരിച്ചു. സഹോദരന് ജ്ഞാനസ്നാനത്തിൽ നല്കിയ യൗസേപ്പ് അഥവാ ഐപ്പ് എന്ന പേർ കൂടി കൂട്ടിച്ചേർത്തു. അങ്ങനെ കുരിയാക്കോസ് പിന്നീട് കുരിയാക്കോസ് അന്തോനിയച്ചനായും യൗസേപ്പ് അന്തോനിയച്ചനായും അറിയപ്പെട്ടുപോന്നു.

കുരിയാക്കോസ് സന്ന്യാസ ശിക്ഷണം നേടിയത് ലയോപ്പോൾദ് മിഷനറിയിൽ നിന്നായിരുന്നു. 1864 മുതൽ വന്ദ്യനായ ചാവറയച്ചൻ തന്റെ സ്ഥിരതാമസം മാന്നാനത്തുനിന്നും കൂനമ്മാവിലേയ്ക്കു മാറ്റി. അദ്ദേഹവും നവസന്ന്യാസികൾക്ക് പരിശീലനം നൽകിയിരുന്നു. ചാവറയച്ചന്റെ ആഗമനം കൂനമ്മാവിലെ നവസന്ന്യാസികൾക്കും നാട്ടുകാർക്കും സുകൃതജീവിതത്തിന് ഉത്തേജനവും മാതൃകയുമായിത്തീർന്നു. ജീവിക്കുമ്പോൾതന്നെ വിശുദ്ധനെന്ന് ജനസമ്മതനായിത്തീർന്ന സഭാപിതാവിന്റെ നേരിട്ടുള്ള ശിക്ഷണത്തിലും സഹവാസത്തിലും വളരുവാനുള്ള മഹാഭാഗ്യം ലഭിച്ച ചുരുക്കം ചില വ്യക്തികളിൽ ഒരുവനായിരുന്നു യൗസേപ്പ് അന്തോണി ശെമ്മാശൻ. ചാവറയച്ചന്റെ സംരക്ഷണത്തിലുള്ള ആ വളർച്ച നവ സന്ന്യാസികൾക്ക് അമാനുഷികമായ ഒരു അനുഭൂതി തന്നെ പ്രദാനം ചെയ്തു.

1863 മുതൽ 1872 വരെയുള്ള അദ്ദേഹത്തിന്റെ സന്ന്യാസ വൈദിക പരിശീലനത്തെക്കുറിച്ച് വിശദമായി പ്രതിപാദിക്കാൻ ഉപകരിക്കുന്ന ഒരു രേഖയും നമ്മുടെ പക്കലില്ലതന്നെ. പുണ്യശ്ലോകനായ ലയോപ്പോൾദു മൂപ്പച്ചന്റെയും വിശുദ്ധാത്മാവായ ചാവറയച്ചന്റെയും നേതൃത്വത്തിൽ ലഭിച്ച പരിശീലനം മികച്ചതായിരു

ന്നുവെന്നു മാത്രമേ പറയാൻ സാധിക്കൂ. സഭയുടെ ആദ്യപിതാ ക്കന്മാരുമായുള്ള സമ്പർക്കവും സഭയുടെ ആദ്യ ചൈതന്യവും മുൻപറഞ്ഞ പണ്ഡിതരും വിശുദ്ധരുമായ അദ്ധ്യാപകരിൽനിന്നു ലഭിച്ച ശിക്ഷണവും എല്ലാം കൂടി നോക്കുമ്പോൾ കുര്യാക്കോ സിന് അസാധാരണമായ ഒരു ശിക്ഷണമാണ് ലഭിച്ചിരുന്നതെന്ന് നമുക്ക് അനുമാനിക്കാം. ഏതായാലും 1867 മുതൽ പടിപടിയായി വൈദിക പദവിയിലേക്ക് അദ്ദേഹം ഉയർത്തപ്പെട്ടതായി 1889-ൽ എഴുതപ്പെട്ട ഒരു രേഖയിൽ കാണുന്നു. അത് ഇപ്രകാരമത്രേ:

1867 മിഥുനം	24	ആസ്തപ്പാടു പട്ടം
1870 ധനു	4	5-ാം പട്ടം
1871 മിഥുനം	3	6-ാം പട്ടം
1872 കർക്കടകം	25	കുർബ്ബാന പട്ടം

കുര്യാക്കോസ് ശെമ്മാശന് ആറാം പട്ടം കിട്ടുന്നതിന് കൃത്യം ആറുമാസം മുൻപ് കേരള കർമ്മെലീത്താ സഭയുടെ സ്ഥാപ കരിൽ ഒരുവനും ഒന്നാമത്തെ പൊതു പ്രിയോരും, വരാപ്പുഴ അതി രൂപതയുടെ വികാരി ജനറാളുമായിരുന്ന ചാവറയച്ചൻ 1871 മകരം മൂന്നാം തീയതി നിത്യസമ്മാനത്തിനു വിളിക്കപ്പെട്ടു. അങ്ങനെ ആ ഭാരത ദീപം പൊലിഞ്ഞു. മലങ്കരസഭയുടെ ആ വീരപുരു ഷൻ എല്ലാവരെയും കണ്ണീരിലാഴ്ത്തിക്കൊണ്ട് ഈ ലോകത്തോടു വിടപറഞ്ഞു. ചാവറയച്ചന്റെ 7 വർഷത്തോളം നീണ്ട കൂനമ്മാവു ജീവിതത്തിനും വിശുദ്ധനുചേർന്ന മരണത്തിനും ആഘോഷമായ സംസ്ക്കാരാദികൾക്കും ദൃക്സാക്ഷിയായിരുന്നു കുര്യാക്കോസ്. അദ്ദേഹം 1917 വരെയുള്ള സംഗതികളെക്കുറിച്ച് തന്റെ ഡയറി യിൽ സ്വന്തം കൈപ്പടയിൽ എഴുതി സുറിയാനി ഭാഷയിൽ ഒപ്പിട്ട രേഖയിൽ ചാവറയച്ചനെക്കുറിച്ച് ഇപ്രകാരം എഴുതിക്കാണുന്നു: "ചാവറ കുരിയാക്കോസ് ഏലിയ എന്ന അച്ചൻ മാന്നാനത്തെ ഒന്നാ മത്തെ കൊവേന്ത ആയിട്ടു സ്ഥാപിച്ചു. 1855-ാം കാലം ധനുവം എട്ടാം തീയതി അവിടെ പ്രിയോരായി സ്ഥാപിക്കപ്പെടുകയും ചെയ്തു. ഇദ്ദേഹം മാന്നാനം മുതലായ കൊവേന്തകളുടെ പൊതു പ്രിയോർ ജനറാളായിരിക്കയിൽ 1871 മകരം 3-ന് കൂനമ്മാവു കൊവേന്തയിൽ വച്ചു മരിച്ചു. അടക്കപ്പെട്ടു. പിന്നീട് ആ കൊവേന്ത സുറിയാനിക്കാരുടെ കയ്യിൽനിന്നു മാറ്റപ്പെട്ടപ്പോൾ ഈ അച്ചന്റെ

തലയോടും അസ്ഥികളും അവിടെനിന്നും എടുത്തു മാന്നാനത്തുകൊണ്ടു വന്നു ആഘോഷമായി അടക്കുകയും ചെയ്തു. ഇദ്ദേഹം മഹാ പുണ്യപ്പെട്ട ആളായിരുന്നു".(16)

1872 കർക്കടകം 25-ന് കുർബ്ബാന പട്ടം സ്വീകരിച്ച കുര്യാക്കോസച്ചൻ, കുരിയാക്കോസ് യൗസേപ്പ് അന്തോനിപ്പട്ടക്കാരനെന്ന് മലയാളത്തിലും വി.യൗസേപ്പിന്റേയും അന്തോനീസിന്റേയും കുര്യാക്കോസ് എന്ന് സുറിയാനിയിലും തന്നെക്കുറിച്ചുതന്നെ അദ്ദേഹം എഴുതിക്കാണുന്നു.(17) കുനമ്മാവിലുള്ള വി. ഫിലോമിനയുടെ ദേവാലയത്തിൽ ആദ്യകുർബ്ബാന ചൊല്ലി.(18) ആദ്യകുർബ്ബാനയ്ക്കു ശേഷം കുര്യാക്കോസച്ചന് വാഴക്കുളം ആശ്രമത്തിലേയ്ക്കാണ് സ്ഥലം മാറ്റം ലഭിച്ചത്. തുടർന്ന് പ്രഗത്ഭനായ ബ. കാനാട്ട് യാക്കോബ് മറിയം അച്ചന്റെ കീഴിൽ (അദ്ദേഹം വാഴക്കുളം കൊവേന്തയുടെ വികാരിയായിരുന്നു) കൊച്ചച്ചന് പ്രായോഗിക പരിശീലനം ലഭിച്ചു.

ചുറുചുറുക്കുള്ള ആ യുവവൈദികൻ നാനാജാതി മതസ്ഥരുടെയും സ്നേഹത്തിനു പാത്രമായി. കർമ്മോത്സുകനായ കാനാട്ടച്ചന്റെ സാമിപ്യവും സ്നേഹവാത്സല്യവും അദ്ദേഹത്തിന്റെ വ്യക്തിപ്രഭാവത്തിൽ മായാത്ത മുദ്ര പതിച്ചു. വാചാലനായ അദ്ദേഹം പ്രസംഗകലയിൽ അതിനിപുണനാകാൻ കിണഞ്ഞു പരിശ്രമിച്ചു. കാന്തിദോസ് പാതിരി, കട്ടക്കയത്ത് വലിയ ചാണ്ടിയച്ചൻ, തളിയത്തു വർക്കിയച്ചൻ, മർസലീനോസച്ചൻ, മുഞ്ഞേലി തോമാച്ചൻ, കൊച്ചുമുട്ടത്ത് ഡൊമിനിക്കോസ് ത്രേസ്യാ അച്ചൻ എന്നീ സുപ്രസിദ്ധ ധ്യാനഗുരുക്കന്മാരുടെ സന്തത സഹചാരിയും ശിഷ്യനുമായിത്തീർന്നുകൊണ്ട് അദ്ദേഹം ധ്യാനപ്രസംഗകലയിൽ പ്രാവീണ്യം നേടി. ജനസേവനത്തിന്റെ പ്രേഷിതവ്യത്തിയിലേക്ക് ഇറങ്ങി നിന്നുകൊണ്ട് ആ കർമ്മയോഗി ബഹുജനസമ്പർക്കത്തിലൂടെ ജനങ്ങളെ യേശുവിലേയ്ക്കടുപ്പിക്കാൻ തീവ്രയത്നം ചെയ്തു. ദൈവജനത്തിന്റെ ആദ്ധ്യാത്മികോന്നമനത്തിനായി ശുഷ്ക്കാന്തിയോടെ

(16). കൈയ്യെഴുത്തുപ്രതി p. 2 - 3

(17). കൈയ്യെഴുത്തുപ്രതി p. 23

(18). അന്ന് കൊവേന്തപ്പള്ളിയായിരുന്ന ആ ദേവാലയം സുറിയാനിക്കാർ പോന്നശേഷം ഒരു ലത്തീൻ ഇടവകയായി ഉയർത്തിയിട്ടുണ്ട്.

കൂദാശാപരികർമ്മം ചെയ്യുന്നതിലും സാധുക്കളെ സഹായിക്കുന്നതിലും അദ്ദേഹം ബദ്ധപരികരനായിരുന്നു.

ഈ ആദ്യപ്രവർത്തനങ്ങളോടുകൂടി തന്റെ നിത്യസന്ന്യാസ സമർപ്പണത്തിനുള്ള ഒരുക്കവും അദ്ദേഹം നടത്തി. ഇന്നത്തെരീതിക്കു വിപരീതമായി അക്കാലങ്ങളിൽ വൈദികനായ ശേഷമായിരുന്നു നിത്യവ്രതവാഗ്ദാനം നിർവ്വഹിച്ചിരുന്നത്. കാനാട്ടച്ചന്റെ നേതൃത്വത്തിലുള്ള ഈ പരിശീലനം അതിന്റെ തികവിൽ നിർവ്വഹിക്കപ്പെട്ടു. ഒരു സമ്പൂർണ്ണ സന്ന്യാസിയായി ദൈവത്തിന് നിത്യമായി സമർപ്പിക്കുവാനുള്ള തപസ്യയിൽ അദ്ദേഹം നൂറുശതമാനവും സഹകരിച്ചു. അങ്ങനെ അനേകവർഷമായി താൻ കൊതിച്ച സന്ന്യാസ ജീവിതത്തിന്റെ ഉറപ്പാർന്ന അടിത്തറയിൽ നിത്യമായി ബന്ധിതനാകാൻ അദ്ദേഹം തന്റെ സഹപാഠികളോടൊപ്പം അവസരം പാർത്തു നിന്നു.

ആ സുദിനം വന്നണഞ്ഞു. തന്റെ പ്രത്യേക മദ്ധ്യസ്ഥനും സ്നേഹപിതാവുമായ വി. യൗസേപ്പിന്റെ തിരുനാൾ ദിവസം ആരക്കുഴ മഞ്ഞേരിൽ യൗസേപ്പ് അന്തോനിയച്ചൻ, ദൊമ്നിങ്കോസ് ത്രേസ്യാ അച്ചൻ, ഞാറയ്ക്കൽപള്ളി ഇടവക ശങ്കൂരിക്കൽ പൗലോസ് മറിയം അച്ചൻ എന്നീ സതീർത്ഥ്യരോടുകൂടി നിത്യവ്രതംചെയ്ത്, തന്നെ ദൈവത്തിന് സമർപ്പിച്ചു. അന്ന് 1873 മാർച്ച് 19-ാം തീയതി ആയിരുന്നു. വാഴക്കുളം ആശ്രമ വികാരിയായിരുന്ന കാനാട്ടച്ചനാണ് ഇവരുടെ വ്രതം സ്വീകരിച്ചത്. വ്രതവാഗ്ദാനത്തെ തുടർന്ന് മൂന്നു സന്ന്യാസ വൈദികരുംകൂടി ആഘോഷമായ ദിവ്യബലി അർപ്പിക്കുകയും ചെയ്തു.(19)

അങ്ങനെ വർഷങ്ങൾക്കുശേഷം മഞ്ഞേരിൽ കുര്യാക്കോസ് ഒരു സമ്പൂർണ്ണ സന്ന്യാസവൈദികനായി പ്രേഷിതപ്രവർത്തനത്തിനായി കർത്താവിന്റെ വയലേലകളിലേയ്ക്കിറങ്ങാൻ തികച്ചും തയ്യാറായി. ആനന്ദത്തിന്റെയും ആമോദത്തിന്റെയും കൃതാർത്ഥതയുടെയും ഏതാനും ബാഷ്പകണങ്ങൾ അദ്ദേഹത്തിന്റെ കണ്ണുകളിൽ നിന്നും അടർന്നു വീണു. പറക്കാനായുന്ന പക്ഷിക്കുഞ്ഞുപോലെ അദ്ദേഹം ലോകവിഹായസ്സിലേയ്ക്കു പറന്നുയരാൻ

(19). കർമ്മെലനാളാഗമം. Vol. I. p. 87 -88

വെമ്പുകയായി. എങ്കിലും ആ മുഖത്ത് പെട്ടൊന്നൊരു ശോകച്ഛവി മിന്നിപ്പൊലിഞ്ഞു. തന്റെ ജ്യേഷ്ഠൻ കുഞ്ഞയിപ്പിന്റെ ഓർമ്മ അദ്ദേഹത്തെ വികാരതരളിതനാക്കി. അദ്ദേഹംകൂടി ഈ മഹാസംഭവത്തിന് സാക്ഷി നിന്നിരുന്നെങ്കിൽ! അറിയാതെ ചിന്തിച്ചുപോയി. സ്വർഗ്ഗലോകത്തു നിന്നുകൊണ്ട് തന്റെ ജ്യേഷ്ഠൻ തന്നെ അനുഗ്രഹിക്കുന്നുണ്ടെന്ന് വിശ്വാസത്തിന്റെ കണ്ണിലൂടെ ദർശിച്ച അദ്ദേഹത്തിന്റെ മുഖാരവിന്ദം കാറുമാറിത്തെളിഞ്ഞു. നന്ദിയുടെയും സ്നേഹത്തിന്റെയും സ്വർഗ്ഗീയച്ഛവി അദ്ദേഹത്തിന്റെ മുഖത്ത് അലയടിച്ചുനിന്നു.

അദ്ധ്യായം 3

കർത്താവിന്റെ വയലേലകളിൽ

ദിവ്യബലിയർപ്പിക്കുക, കൂദാശകൾ പരികർമ്മം ചെയ്യുക, വചനം പ്രഘോഷിക്കുക എന്നിവയാണ് ഒരു വൈദികന്റെ പ്രധാന ചുമതലകൾ. പൗരോഹിത്യത്തിൽ അന്തഃസ്ഥിതമായിരിക്കുന്ന രാജത്വത്തിന്റെയും പ്രവാചകദൗത്യത്തിന്റെയും അജപാലനത്തിന്റെയും ഉദാത്ത പ്രതീകമായി ദൈവജനത്തിനുവേണ്ടി ദൈവത്താൽ തെരഞ്ഞെടുക്കപ്പെടുന്ന വൈദികനെ സംബന്ധിച്ച് ഇതര പ്രവർത്തനങ്ങൾ വെറും പാർശ്വധർമ്മങ്ങൾ മാത്രമാണ്. പ്രാർത്ഥനയുടെ മനുഷ്യനായി, ദൈവത്തിനും മനുഷ്യനും മദ്ധ്യേ ഉയർത്തിയ കരങ്ങളുമായി നില്ക്കുന്ന വൈദികന്റെ ജീവിതം തീർത്തും മോസസിന്റെതു പോലെ അസൂയാവഹമത്രേ. ഒരു നാടൻ പൈപ്പിനോട് ക്രിസ്തുവിന്റെ ജീവിതത്തെ ഉപമിക്കാറുണ്ട്. സമീപിക്കുന്നവർക്കെല്ലാം ജലധാര പകരുന്ന ഒരു സ്രോതസ്സ്. ജീവന്റെ ദാഹജലം മനുഷ്യ മക്കൾക്കു പ്രദാനം ചെയ്യുവാൻ ഒരു വൈദീകൻ എത്രമാത്രം ഉപയുക്തനാണോ അത്രമാത്രമേ ആ ജീവിതത്തിന് അർത്ഥപൂർണ്ണിമയുണ്ടാകൂ. തന്റെ രക്തവും മാംസവും കാൽവരിയിലെ മരക്കുരിശിൽ സ്വന്തം ജനത്തിനു നൽകിയ മിശിഹായുമായി താദാത്മ്യം പ്രാപിക്കാൻ വൈദികനു സാധിച്ചെങ്കിൽ മാത്രമേ അൾത്താരയിലെ ബലിയുടെ പരികർമ്മിയായി അർത്ഥപൂർണ്ണിമയോടെ അദ്ദേഹം നിലനിൽക്കു. അതുപോലെ തന്നെ

ദൈവവചനത്തിന്റെ ഉപദേഷ്ടാവും വ്യാഖ്യാതാവുമാണ് വൈദികൻ. ആത്മാവിന്റെ പരിവേഷമുള്ളവർക്കേ ക്രിസ്തുവിന്റെ മനഃസ്ഥിതിയുടെ സംവാഹകരാകാനും വചനം വ്യാഖ്യാനിക്കാനും കരുത്തു ലഭിക്കുകയുള്ളു.

ഒരു വൈദികന്റെ ജീവിതലക്ഷ്യം ഇതാണെങ്കിൽ അയാൾ എത്ര അജ്ഞാതനായിരുന്നാൽപോലും ആ ജീവിതം തീർത്തും സംഭവബഹുലമായിരിക്കും. കേരള സഭയ്ക്കും, കേരള കത്തോലിക്കർക്കുംവേണ്ടി സ്വയം ആഹുതി ചെയ്യപ്പെട്ട ജീവിതമായിരുന്നു ബഹു. യൗസേപ്പ് അന്തോനിയച്ചന്റേത്. അൻപത്തിനാലുവർഷത്തോളം നീണ്ടുനിന്ന സംഭവബഹുലമായ ആ ജീവിതം, വാഴക്കുളം, കൂനമ്മാവ്, തേവര എന്നീ ആശ്രമങ്ങളിലാണ് ചെലവഴിച്ചത്. വൈദികപരിശീലനരംഗത്തും, മാതൃകാ അധികാരിയെന്ന നിലയ്ക്കും, ബഹ. യൗസേപ്പ് അന്തോനിയച്ചൻ വലിയ വിജയം വരിച്ചു. കാരണം, അദ്ദേഹം വിനയാന്വിതനും ദൈവത്തിൽ നിന്നും തനിക്കു ലഭിച്ച അധികാരം 'ശുശ്രൂഷ' മാത്രമായി മനസ്സിലാക്കിയവനുമായിരുന്നു.

ബഹു. ചാവറ പിതാവിന്റെ സന്ന്യാസകുടുംബത്തിലെ അംഗങ്ങളുടെ അന്നത്തെ സുപ്രധാനശുശ്രൂഷാരംഗം തീർത്തും ആദ്ധ്യാത്മികം മാത്രമായിരുന്നു. അതിലും പ്രത്യേകിച്ച് കുദാശപരികർമ്മങ്ങളും ധ്യാനപ്രസംഗങ്ങളും, വനവാസത്തിനുകൊതിച്ച പോരുക്കരയച്ചന്റെ സന്ന്യാസ ഭാവവും, കർമ്മരംഗത്തിന് അടിത്തറയിട്ട പാലയ്ക്കലച്ചന്റെ കർമ്മോത്സുകതയും ചാവറയച്ചനിൽ വന്നപ്പോൾ സമജ്ഞസമായി സമ്മേളിച്ചുവെന്നുപറയാം. സി.എം.ഐ. പൈതൃകത്തിന്റെ ഈ മുഖമുദ്ര ബഹു.യൗസേപ്പ് അന്തോനിയച്ചനിൽ മിന്നിത്തിളങ്ങി നിന്നു. അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന്റെ ആഴങ്ങളിൽ അനർഘരത്നങ്ങൾ പോലെ വർണ്ണോജ്ജ്വലമായി തിളങ്ങിയിരുന്ന സഭയുടെ ആരംഭകാല ചൈതന്യത്തിന്റെ ബഹിർസ്പുരണമായിരുന്നു കർമ്മപ്രവൃദ്ധമായ അദ്ദേഹത്തിന്റെ സേവനസരണികൾ.

1872-ൽ വൈദികപദവിയിലേയ്ക്ക് അവരോധിതനായ യൗസേപ്പ് അന്തോനിയച്ചൻ അക്കാലത്തെ സുപ്രസിദ്ധരായ ധ്യാനഗുരുക്കന്മാരോടൊപ്പം സുവിശേഷവത്ക്കരണ പരിപാടികൾക്കായി

തന്റെ വചോവിലാസത്താൽ കേരളത്തെ കോരിത്തരിപ്പിച്ച പണ്ഡിതവരേണ്യൻ കട്ടക്കയം ബ. വലിയ ചാണ്ടിയച്ചൻ. വചനശുശ്രൂഷയിലേയ്ക്കും അജപാലന രംഗത്തേയ്ക്കും ബ. യൗസേപ്പന്തോനിയച്ചനെ കൈപിടിച്ചുയർത്തിയ കർമ്മശക്തി.

കേരളത്തിലുള്ള പലേ പള്ളികളിലും കയറി ഇറങ്ങി. ഇന്നത്തെപ്പോലെ സാമൂഹ്യസമ്പർക്കമാദ്ധ്യമങ്ങൾ സാമാന്യമല്ലാതിരുന്ന ആ കാലഘട്ടത്തിൽ, ആശയപ്രചരണത്തിന് തിരുസഭയുപയോഗിച്ചിരുന്ന സുപ്രധാന ഉപാധി ആദ്ധ്യാത്മിക ധ്യാനങ്ങളായിരുന്നു. പുസ്തകങ്ങളോ അച്ചടിശാലകളോ അന്ന് വലിയ പ്രചാരത്തിൽ എത്തിയിരുന്നില്ല. ടെലിവിഷനെ, റേഡിയോയോ സുലഭമായിരുന്നില്ല. പത്രമാസികകളും അതുപോലെയുള്ളവയൊന്നും മാർക്കറ്റിൽ സംലബ്ദമായിരുന്നില്ല. വിശ്വാസികൾക്ക് വേദപുസ്തകവും ആദ്ധ്യാത്മിക കാര്യങ്ങളും ജീവിതശൈലികളും, പള്ളിപ്രസംഗങ്ങളിലൂടെയും ധ്യാനങ്ങളിലൂടെയുമത്രേ ലഭിച്ചിരുന്നത്. അതിനാൽ, ജനങ്ങൾക്കുവേണ്ടി അഭിഷിക്തനായ ചുറുചുറുക്കുള്ള ആ നവവൈദികൻ ധ്യാനപ്രസംഗങ്ങളിലും കൂദാശപരികർമ്മങ്ങളിലും തന്റെ ജീവന്റെ സിംഹഭാഗവും തളച്ചു നിർത്തി.

ആദ്യമാദ്യം, പ്രഗത്ഭരും പണ്ഡിതരും വിശുദ്ധാത്മകളുമായിരുന്ന സി.എം.ഐ. വൈദികരോടൊത്ത്, പണ്ടു പതിവായിരുന്നതുപോലെ, ചെറുസംഘങ്ങളായാണ് ധ്യാനപ്രസംഗകർ ദൈവവചനം പ്രസംഗിക്കുവാൻ പോയിരുന്നത്. കട്ടക്കയത്തിൽ വലിയ

ചാണ്ടിയച്ചന്റെ ഒരു ബന്ധുകൂടി ആയിരുന്നതിനാൽ യൗസേപ്പ് അന്തോനിയച്ചനെ, പ്രഗത്ഭനായ ആ ധ്യാനഗുരു, സ്വശിഷ്യനെപ്പോലെ കരുതി, ജ്ഞാന ധ്യാനമുറകളെല്ലാം അഭ്യസിപ്പിക്കുകയും ഈ കർമ്മരംഗത്ത് പരിശീലനം പ്രത്യേകമായി നൽകുകയും ചെയ്തിരുന്നു. കടനാട്, പ്രവിതാനം, ആനക്കല്ല്, പാലാ, വടക്കൻ പള്ളിപ്പുറം, ഇടക്കൊച്ചി, വെണ്ടുരുത്തി എന്നിങ്ങനെ അന്നു കേരളത്തിൽ ഉണ്ടായിരുന്ന മിക്കവാറും പള്ളികളിൽ യൗസേപ്പ് അന്തോനിയച്ചൻ ധ്യാനിപ്പിച്ചിട്ടുണ്ട്.

അന്നത്തെ ധ്യാനരീതി ഇന്നുള്ള വചനപ്രഘോഷണത്തിൽനിന്നും വളരെ വ്യത്യസ്തമായിരുന്നു. ഇന്ന് ധ്യാനം പ്രസംഗിച്ച് കുമ്പസാരം കേട്ട് ധ്യാനഗുരു നിഷ്ക്രമിക്കുന്നു. അന്ന് സംഘാതപരിപാടികളായിരുന്നതിനാൽ, ഒരാൾ ധ്യാനിപ്പിക്കുമ്പോൾ ഇതരർ വീടുകൾ സന്ദർശിച്ച്, ആളുകളെ മനസ്സിലാക്കി, പ്രശ്നങ്ങളും വഴക്കുകളും പറഞ്ഞുതീർത്ത്, ഇടവക മുഴുവനിലും ഒരു നവീകരണം സംജാതമാക്കുമായിരുന്നു. ആ നവീകരണത്തിന് ആക്കം കൂട്ടുവാൻ, ധ്യാനാനന്തരം, അഭിവന്ദ്യ മെത്രാന്മാർ ഇടയനടുത്ത പള്ളിസന്ദർശനം നടത്തുകയും ചെയ്തിരുന്നു.

അന്ന് കേരളത്തിൽ സന്ന്യാസഭവനങ്ങൾക്കും സന്ന്യാസികൾക്കും രൂപതാപ്രവർത്തനത്തിൽ വലിയസ്ഥാനമുണ്ടായിരുന്നു. മാന്നാനം, എൽത്തുരുത്ത്, വാഴക്കുളം, പുളിങ്കുന്ന് മുതലായ ആശ്രമങ്ങളിലെ വികാരിമാർ മെത്രാപ്പോലീത്തായുടെ ഡപ്യൂട്ടികളായിരുന്നു. ആശ്രമത്തിനു ചുറ്റുമുള്ള ഇടവകകൾ സ്ഥാപിക്കുന്നതിൽ മാത്രമല്ല, രൂപതാ ഭരണത്തിൽ പോലും ഈ ഡപ്യൂട്ടികൾ സുപ്രധാന പങ്കുവഹിച്ചിരുന്നു. ഒരുപക്ഷേ, ഇടവകവൈദികരുടെ വിരളതയോ, സന്ന്യാസമെത്രാൻമാരുടെ ഭരണനയമോ ഒക്കെയാവാം ഇതിനു കാരണം. ഇന്ന് അതുപോലെ വേണമെന്ന് ആരും പറയുകയില്ല. ഇടവകകൾ വളർന്നു. മെത്രാൻമാരുടെ അധികാരം 2-ാം വത്തിക്കാൻ സൂനഹദോസ് വ്യക്തമാക്കി. പ്രഗത്ഭരായ രൂപതാവൈദികർ പ്രവർത്തനരംഗത്തു വന്നു. ഇവയെല്ലാം കണക്കിലെടുത്തേ പറ്റൂ. എങ്കിലും, ഐക്യവും, സ്നേഹവും, പ്രവർത്തനതലങ്ങളുടെ വ്യക്തമായ വിഭജനവും, സഭയുടെ വളർച്ചയ്ക്ക് അനിവാര്യമാണല്ലൊ

അന്ന് മെത്രാന്മാരുടെ ദേവാലയസന്ദർശനങ്ങൾക്കു മുൻപ് സി.എം.ഐ. സന്ന്യാസികളെ ധ്യാനത്തിനും വചനപ്രഘോഷണത്തിനും, ആദ്ധ്യാത്മിക നവീകരണത്തിനും ലഭിക്കുവാൻ മെത്രാന്മാർ വളരെയധികം ഇഷ്ടപ്പെടുകയും അവരോടതിന് ആവശ്യപ്പെടുകയും ചെയ്തിരുന്നു. അത്ര സ്നേഹവും ബഹുമാനവും മതിപ്പുമായിരുന്നു പിതാക്കന്മാർക്ക് ഈ സന്ന്യാസികളോട്, സന്ന്യാസികൾക്കും അപ്രകാരം തന്നെ ആയിരുന്നു പിതാക്കൻമാരോടും. ഇപ്രകാരം സന്ന്യാസികളെ ധ്യാനപ്രസംഗത്തിനു ലഭിക്കുന്നതിന് അവരുടെ ജനറാളായിരുന്ന അത്യുന്നത ഇന്ത്യൻ ഡലിഗേറ്റിൽ നിന്നും ചില മെത്രാന്മാർ പൊതുവായി അനുവാദം വാങ്ങുകയും ചെയ്തിരുന്നു.([20])

ഇതിന് ഒരു ഉദാഹരണമായി 1890-ാമാണ്ട് ജൂൺ 25-ാം തിയതി കൊച്ചി മെത്രാൻ അഭിവന്ദ്യ ഹെർമസ് പെരേരാ എല്ലാ വികാരിമാർക്കും, അസിസ്റ്റന്റുമാർക്കും ദൈവ ജനത്തിനും കൊടുത്ത കല്പന ഇവിടെ ഉദ്ധരിക്കുന്നു.

"മാന്നാനം, കാർമ്മൽ എന്ന കൊവേന്തകളിലെ ബ. ദർശനപ്പട്ടക്കാരുടെ ആത്മരക്ഷയെക്കുറിച്ചുള്ള നല്ല ശുഷ്കാന്തിയും താല്പര്യവും നമുക്കു ബോധ്യപ്പെട്ടിരിക്കയാൽ കുമ്പസാരമെന്ന ദിവ്യ കൂദാശയെ കൊടുക്കുന്നതിനും ദൈവവചനം അറിയിക്കുന്നതിനും തങ്ങളുടെ മേൽപ്പട്ടക്കാരിൽ നിന്നും അനുവാദം ലഭിച്ചിട്ടുള്ളവരായ മേൽപറയപ്പെട്ട ബ. പട്ടക്കാർക്ക് നമ്മുടെ രൂപതയിൽപ്പെട്ട പള്ളികളിൽ പ്രവേശിക്കുമ്പോഴോ പള്ളിക്കു സമീപേ കൂടി കടന്നു പോകുമ്പോഴോ വികാരിമാരുടെ സമ്മതത്തോടുകൂടി വിശ്വാസികൾക്ക് കുമ്പസാരം കൊടുക്കുന്നതിനും ദൈവവചനം അറിയിക്കുന്നതിനും ഇതിനാൽ നാം അനുവദിച്ചിരിക്കുന്നു."([21]) ഈ കല്പന ഇന്നും മാന്നാനത്ത് ഈടുവയ്പിൽ ഭദ്രമായി സൂക്ഷിച്ചിട്ടുണ്ട്.

ഇപ്രകാരം സി.എം.ഐ. വൈദികർക്ക് പ്രത്യേകമായി പൊതു അനുവാദമാണ് മെത്രാനച്ചൻ നല്കിയിരുന്നത്. ഈ അനുവാദം ഉപയോഗപ്പെടുത്തി സി.എം.ഐ. വൈദികർ എല്ലാ ഇടവ

(20). ക. നാ. Vol. I. p. 230
(21). ക. നാ. Vol. I. p. 230

കകളിലും നാലും എട്ടും ദിവസത്തേയ്ക്ക് ദീർഘിക്കുന്ന ജ്ഞാന ധ്യാനങ്ങൾ നടത്തിയിരുന്നു. ഈ ധ്യാനപ്രസംഗകരിൽപ്രമുഖനായ ഒരാളായിരുന്നു ബ. യൗസേപ്പ് അന്തോനിയച്ചൻ. ഇവർ കത്തോലിക്കാ പള്ളികളിൽ നടത്തിയിരുന്ന ധ്യാനത്തോടൊപ്പം അക്രൈസ്തവരുടെ ഭവനങ്ങൾ സന്ദർശിക്കുകയും അവരെ ക്രിസ്തുവിന്റെ മാർഗ്ഗത്തിലേയ്ക്ക് ആനയിച്ച് മാമ്മോദീസാ നൽകുകയും ചെയ്തിരുന്നു. 1876-ൽ കോന്തുരുത്തി പള്ളിയിൽ ആയിരിക്കവേ യൗസേപ്പ്അന്തോനിയച്ചൻ സമീപ പ്രദേശത്ത് രോഗാതുരനായി കിടന്നിരുന്ന ഒരു ഈഴവനെ മാമ്മോദീസാ മുക്കിയതായി തേവര കൊവേന്തയുടെ നാളാഗമത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.[22] ഉദാഹരണത്തിനുവേണ്ടി സാന്ദർഭികമായി ഇതു കുറിച്ചുവെന്നു മാത്രം.

ഇടവകധ്യാനങ്ങളിൽ വാചാലനായി പീഡാനുഭവധ്യാനം നൽകിയിരുന്ന അന്തോനിയച്ചന്റെയും വലിയചാണ്ടിയച്ചന്റെയും പ്രസംഗങ്ങൾ കേട്ട് ധാരാളം പേർക്കു മനഃപരിവർത്തനം ഉണ്ടാകുകയും, പള്ളി മുഴുവൻ വലിയ പ്രലപനത്തിൽ നിമഗ്നമാകുകയും ചെയ്തിട്ടുള്ള സംഭവങ്ങൾ സാധാരണമായിരുന്നു.[23]

യൗസേപ്പ് അന്തോനിയച്ചൻ കുട്ടികളെയും ധ്യാനിപ്പിച്ചിരുന്നു. കുട്ടികൾക്കു ധ്യാനം നൽകുക ഒരു പ്രത്യേക കലയാണ്. അവരുടെ നിലവാരത്തിലേയ്ക്ക് ഇറങ്ങിനിന്നുകൊണ്ട് അവർക്കു മനസ്സിലാകുന്ന ഭാഷയിൽ ഹൃദ്യമായ രീതിയിൽ ഉദാത്തങ്ങളായ ദിവ്യരഹസ്യങ്ങൾ ചതുരതയോടെ നിരത്തിവയ്ക്കുവാൻ കഴിവുള്ളവർ ഇന്നും വളരെ പരിമിതമാണ്. യൗസേപ്പ് അന്തോനിയച്ചൻ ഇക്കാര്യത്തിൽ ഒരു വിദഗ്ധനായിരുന്നു. വാഴക്കുളം, കോതമംഗലം, കാരക്കുന്നം, നാഗപ്പുഴ, മൈലക്കൊമ്പ്, തെനംകുന്നം തുടങ്ങി ധാരാളം പള്ളികളിൽ കുട്ടികൾക്ക് ധ്യാനം നടത്തുകയും അവരെ ദിവ്യകാരുണ്യ സ്വീകരണത്തിന് ഒരുക്കി അവർക്ക് ആദ്യ കുർബാന നൽകുകയും അതുപോലെതന്നെ സൈഥര്യലേപനത്തിന് ഒരുക്കുകയും ചെയ്തുപോന്നു.[24]

യൗസേപ്പ് അന്തോനിയച്ചന്റെ ധ്യാനപ്രസംഗങ്ങളേയും പ്രത്യേകിച്ച് കുട്ടികൾക്ക് അദ്ദേഹം ദൈവവചനം പ്രഘോഷണം

(22). തേവര നാളാഗമം Vol. I. p. 29
(23). വ. നാ. Vol. I. p. 233
(24). വ. നാ. Vol. I p. 241 - 244

ചെയ്തിരുന്നതിനേയും കുറിച്ച് നമ്പ്യാപറമ്പിൽ. ബ. റജീനാമ്മ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. മഞ്ഞേരിൽ ബ. യൗസേപ്പ് അന്തോനിയച്ചൻ എല്ലാവർക്കും, ആബാലവൃന്ദം ജനങ്ങൾക്കും പ്രിയങ്കരനായ ഒരാൾ ആയിരുന്നു. ഇടവകയിലെ കുട്ടികൾക്ക് മത ബോധനം നടത്തുന്ന കാര്യത്തിൽ വളരെ ശ്രദ്ധാലുവായിരുന്നു അദ്ദേഹം. വേദോപദേശം പഠിപ്പിക്കയും ചെയ്തിരുന്നു. അന്ന് ഇടവകപള്ളി വക സ്ക്കൂൾ ഉണ്ടായിരുന്നില്ല. (ഇടവകയിൽ നിന്നും മതപഠനം നടത്തിയിരുന്നുമില്ല). പ്രഥമ ദിവ്യകാരുണ്യ സ്വീകരണത്തിന് കുട്ടികളെ ഒരുക്കിയിരുന്നു. സാധുക്കളോട് വലിയ സ്നേഹവും അനുകമ്പയും ഉള്ള ആളായിരുന്നു അദ്ദേഹം. പാടു ള്ള സാമ്പത്തിക സഹായങ്ങളും ചെയ്തു കൊടുത്തിരുന്നു, ക്ഷിപ്ര കോപിയും ശിക്ഷണദാർഢ്യം ഉള്ളവനുമായിരുന്ന അദ്ദേഹം ആബാലവൃദ്ധം ജനങ്ങൾക്കും പ്രിയങ്കരനായിരുന്നത് അദ്ദേഹത്തിന്റെ സുകൃതജീവിതംകൊണ്ടും ബഹുജനസമ്പർക്കവും സേവനവും കൊണ്ടുമാത്രമാണെന്നുള്ളതിന് അഭിപ്രായവ്യത്യാസം ഇല്ലതന്നെ. ജനങ്ങളെ ആത്മാർത്ഥമായി സ്നേഹിച്ചാൽ അവർക്കുവേണ്ടി കഠിനാധ്വാനം കാഴ്ചവെച്ചാൽ, അവർക്കുവേണ്ടി സ്വയം മറന്നാൽ, വ്യക്തിത്വത്തിന്റെ പരിക്ലിപ്തികളെയും ന്യൂനതകളെയും ജനം പൊറുക്കുമെന്നതിന്റെ ഒരു ഉദാഹരണമാണ് യൗസേപ്പ് അന്തോനിയച്ചൻ.

ബ. യൗസേപ്പ് അന്തോനിയച്ചൻ നവാഗതരായ ക്രൈസ്തവ സഹോദരങ്ങൾക്കുവേണ്ടി വളരെയധികം അദ്ധ്വാനിച്ചിട്ടുണ്ട്. അക്കാലങ്ങളിൽ ആശ്രമങ്ങളോടനുബന്ധിച്ച് പുലയർ, പറയർ എന്നീ ഹരിജനങ്ങളെ സംഘാതമായി മാനസാന്തരപ്പെടുത്തുകയായിരുന്നു പതിവ്. അവർക്ക് ആത്മീയ പ്രബോധനം നൽകി, സാമ്പത്തിക സഹായങ്ങൾ ചെയ്ത്, അവരെ സമുദായത്തിന്റെ പടികളിലൂടെ പിടിച്ചുയർത്തി ഉന്നതരാക്കുന്നതിലും അന്ന് ആശ്രമവാസികൾ അഹോരാത്രം പരിശ്രമിച്ചിരുന്നു.

ചാവറയച്ചന്റെ മക്കൾ തങ്ങളുടെ പിതാവിന്റെ ദൗത്യം ഈ വിധത്തിലും നിറവേറ്റിയിരുന്നു. ബ. യൗസേപ്പ് അന്തോനിയച്ചൻ

സമുദായത്തിലെ താഴെക്കിടയിലുള്ള ഇവരെ മതപരിവർത്തനം ചെയ്യുന്നതിനും അവരുടെ ഇടയിൽ സേവനം ചെയ്യുന്നതിനും അവരെ ഉൽബുദ്ധരാക്കുന്നതിനും അഹോരാത്രം ശ്രമിച്ചിരുന്നു അതിൽ ആനന്ദം കണ്ടെത്തിയിരുന്നു. ഈ ചെറിയവരിൽ ഒരുവനോടു ചെയ്യുമ്പോഴെല്ലാം എനിക്കുതന്നെ ചെയ്യുന്നു, എന്ന യേശുനാഥന്റെ ഉദീരണമാണ് ഇതിന് അദ്ദേഹത്തിന് ശക്തി നല്കിയത്. മാന്നാനം, ചെത്തിപ്പുഴ, വാഴക്കുളം, പുളിങ്കുന്ന്, മുത്തോലി എന്നീ ആശ്രമങ്ങളുടെ പരിസരത്തും അതിനടുത്തുള്ള പ്രദേശങ്ങളിലും ഇന്നും അണഞ്ഞുപോകാതെ വിശ്വാസത്തിൽ ജ്വലിച്ചു നിൽക്കുന്ന ഹരിജൻ ക്രൈസ്തവരുടെ അസ്തിത്വത്തിനു നിദാനം, ചാവറയച്ചനെ തുടർന്ന് യൗസേപ്പ് അന്തോനിയച്ചൻ മുതലായ സി.എം.ഐ. വൈദികർ ചെയ്ത അശ്രാന്ത പരിശ്രമമാണ്. ഒരുപക്ഷെ, പിൽക്കാലങ്ങളിൽ ഈ സേവനരംഗത്ത് അധികമൊന്നും സഭാംഗങ്ങൾ ചെയ്യാതിരുന്നതിനാലല്ലേ ഇന്നത്തെ ദുരവസ്ഥ ഹരിജനക്രൈസ്തവർക്ക് സംഭവിച്ചിരിക്കുന്നതെന്ന ചോദ്യം ഇവിടെ അസ്ഥാനത്താണെന്നു തോന്നുന്നില്ല. ഇതു സഭയുടെ ഭാഗത്തുനിന്നുണ്ടായ ഒരു വലിയ പോരായ്മയല്ലേ എന്നു ചോദിക്കാൻ തോന്നിപ്പോകുന്നു. കാരണം, യേശുവിന്റെ മാർഗ്ഗത്തിലേയ്ക്ക് അവരെ വിളിക്കുകയും ആദ്യകാലങ്ങളിൽ അന്വേഷിക്കയും ചെയ്തിരുന്നവർ പിൽക്കാലത്ത് അവരെ കൈവെടിഞ്ഞു. നമ്മുടെ വാക്കുകേട്ട് ഭാവി ഭാസുരമാക്കുവാൻ നാം സഹായിക്കുമെന്ന വിശ്വാസത്തിൽ, ക്രൈസ്തവ വിശ്വാസം സ്വീകരിച്ച അവരെ നടുക്കടലിൽ നാം ഉപേക്ഷിച്ച് മെച്ചമായ മേച്ചിൽ സ്ഥലങ്ങളിലേയ്ക്ക് മാറിനിന്നു. അവർക്ക് സർക്കാരുമില്ല, പള്ളിയുമില്ലയെന്ന നിലയായി. ചിലർ വിശ്വാസം ഉപേക്ഷിച്ച് പോയി. മറ്റു ചിലർ ഉറച്ചു നിൽക്കുന്നു. വേറെ ചിലർ ഉയർച്ചയ്ക്ക് യാതൊരുത്താണിയും കാണാതെ വലയുന്നു. ഇതൊന്നും കണ്ടില്ലയെന്ന ഭാവത്തിൽ നാം ബഹുകാര്യപര്യാകുലരായി നമ്മുടെ വഴിയേ നീങ്ങുന്നു.

ഇന്നും അവരെ ഹരിജനങ്ങളും പുതുക്രിസ്ത്യാനികളുമാക്കി നിർത്താനാണ് പലകോണുകളിലും ശ്രമിക്കുന്നത്. ആഢ്യത്വത്തിന്റെ നാലുകെട്ടിനു വെളിയിൽ അനാഢ്യരായി അവരെ

നിർത്തി എന്തൊക്കെയോ എറിഞ്ഞുകൊടുത്തുകൊണ്ട് മെയ്യന ങ്ങാതെ അവരെ 'സേവിക്കാനു'ള്ള പ്രവണത യേശുവിന്റെ സഭയ്ക്കു ഭൂഷണമല്ലതന്നെ. ഈ മുതലക്കണ്ണുനീരും പ്രസ്താവ നയിറക്കലും അവസാനിപ്പിച്ച് മെത്രാന്മാരും ജനങ്ങളും ഇടവക വൈദികരും സന്ന്യാസികളും തങ്ങളുടെ കർത്തവ്യം നിർവ്വഹി ക്കാത്തിടത്തോളം കാലം ഹരിജനക്രൈസ്തവർ വളരുകയില്ല. അവരുടെ മനുഷ്യത്വത്തിനും നമ്മുടെ മനുഷ്യത്വത്തിനും തുല്യ വില കല്പിച്ചാലെ ഇതു നിർവ്വഹിക്കപ്പെടുകയുള്ളൂ. മനുഷ്യമഹ ത്വത്തെക്കുറിച്ച് വാതോരാതെ പ്രസംഗിക്കുന്നവരെന്തേ ഇവരുടെ 'മഹത്വ'ത്തിനു വില കല്പിക്കാത്തത്? സോഷ്യലിസവും ജനാ ധിപത്യവും തുല്യതനൽകിയിട്ടും പ്രായോഗിക ജീവിതത്തിൽ അവർക്കതു ലഭ്യമായിട്ടില്ല. ഇതിന് വളരെ ബുദ്ധിമുട്ടുണ്ട്, പ്രത്യേ കിച്ച് നമ്മുടെ വ്യവസ്ഥിതിയിൽ. ഇതൊരു വെല്ലുവിളിയായി സ്വീക രിക്കാൻ കത്തോലിക്കാസഭ തയ്യാറാവണം. ചിലർക്കൊക്കെ ചില തൊക്കെ നഷ്ടമാകും. പക്ഷേ, വളരെപ്പേർക്ക് വളരെയധികം ലഭി ക്കും. ചിലരുടെ ചിലത് നഷ്ടപ്പെടാതിരിക്കാൻ പലരുടെ പലതും നഷ്ടമാക്കണമോ പിതാക്കന്മാരുടെ ചൈതന്യത്തിലേയ്ക്ക് തിരിച്ചു വരാൻ കൊതിക്കുന്ന സി.എം.ഐ. സഭ, ഈ രംഗത്ത് ആളും അർത്ഥവും ഇറക്കി ഇടയനില്ലാതെ അലയുന്ന ഈ ജനതയെ സമ്പൂർണ്ണമായി ഉൾക്കൊള്ളാൻ ഇനിയും വൈകിക്കൂടാ.

വൈദികവിദ്യാർത്ഥികളുടെ പരിശീലനത്തിൽ ബ. യൗസേപ്പ് അന്തോനിയച്ചൻ ബദ്ധപരികരനായിരുന്നു. 19-ാം നൂറ്റാ ണ്ടിനു മുൻപ് മാർത്തോമാക്രിസ്ത്യാനികളുടെ ഇടയിൽ വൈദീക പരിശീലനം നൽകിയിരുന്നത് മല്പാന്മാരായിരുന്നു. ഏതാണ്ട് ഒരു ഗുരുകുലവാസരീതിയായിരുന്നു അത്.വിദ്യാർത്ഥികൾ മൽപ്പാന്മാ രോടുകൂടി താമസിച്ച് വൈദിക ശിക്ഷണം നേടിയിരുന്നു. എന്നാൽ വിദേശമിഷനറിമാരുടെ ആഗമനത്തോടുകൂടി സെമിനാരികൾ ആരംഭിക്കുകയും പരിശീലനം സെമിനാരിയിലേയ്ക്ക് മാറ്റപ്പെടു കയും ചെയ്തു. സി.എം.ഐ. സഭയുടെ പ്രധാന ആശ്രമങ്ങളായി രുന്ന മാന്നാനം (1841-ൽ) വാഴക്കുളം (1866-ൽ) എൽത്തുരുത്ത് (1868-ത) പുളിങ്കുന്ന് (1872-ൽ) എന്നീ ആശ്രമങ്ങളോടനുബന്ധിച്ച് സെമിനാരികൾ ആരംഭിച്ചു. ഇവിടങ്ങളിൽ ഇടവകവൈദികരേയും

പരിശീലിപ്പിച്ചു തുടങ്ങി, ചാവറയച്ചനോടൊപ്പം മിഷനറിമാരിൽ നിന്നും പരിശീലനം നേടിയ പ്രഗത്ഭരായ പണ്ഡിതന്മാർ, മേൽപ്പറഞ്ഞ സെമിനാരികളിൽ വൈദികവിദ്യാർത്ഥികൾക്ക് പരിശീലനം നൽകിയിട്ടുണ്ട്.

വാഴക്കുളം സെമിനാരി ആരംഭിച്ചപ്പോൾ അവിടെ റെക്ടറായി സേവനം ചെയ്തത് പ്രഗത്ഭനും പണ്ഡിതനും വിശുദ്ധാത്മാവുമായിരുന്ന കാനാട്ടു പൗലോസച്ചനായിരുന്നു. അദ്ദേഹത്തിന്റെ ശിഷ്യനും ഉറ്റമിത്രവുമായിരുന്നു യൗസേപ്പ് അന്തോനിയച്ചൻ. അദ്ദേഹത്തെ വൈദീകവിദ്യാർത്ഥികളുടെ പരിശീലനത്തിൽ പ്രഗത്ഭനാക്കാൻ വളരെ വാത്സല്യത്തോടെ ബ. പൗലോസച്ചൻ തെരഞ്ഞെടുക്കുകയും പരിശീലിപ്പിക്കുകയും ചെയ്തു. വാഴക്കുളം വികാരിയായിരുന്ന കാനാട്ടു ബ. യാക്കോബച്ചൻ, ബ. പൗലോസച്ചനെ സെമിനാരികാര്യങ്ങളിൽ സഹായിക്കാൻ യൗസേപ്പ് അന്തോനിയച്ചനെ അസിസ്റ്റന്റായി നിയമിച്ചു. ഡലഗേറ്റായിരുന്ന ജരാർദ്മൂപ്പച്ചനും ചാവറപിതാവും യൗസേപ്പ് അന്തോനിയച്ചനെ ഇതിനു തെരഞ്ഞെടുത്തുമിരുന്നു. അദ്ദേഹത്തിന്റെ നിയമനത്തിനുവേണ്ടി കാനാട്ട് യാക്കോബച്ചൻ മേൽപറഞ്ഞവരുടെ അനുവാദത്തിനായി എഴുതിയിട്ടുള്ള കത്ത് രേഖകളിൽ കാണുന്നുണ്ട്.(25)

വാഴക്കുളം സെമിനാരിയുടെ റെക്ടറായി നിയമിതനായ യൗസേപ്പ് അന്തോനിയച്ചൻ വൈദികവിദ്യാർത്ഥികളുടെ റെക്ടർ എന്നതിനേക്കാൾ പിതാവായിരുന്നു. അദ്ദേഹം അവരുടെ വളർച്ചയ്ക്കും ഉയർച്ചയ്ക്കും വേണ്ടി വളരെയധികം പ്രവർത്തിച്ചിട്ടുണ്ട്. അന്ന് നടപ്പിലില്ലാതിരുന്ന പലേ ആനുകൂല്യങ്ങളും അവർക്കുവേണ്ടി അദ്ദേഹം അപേക്ഷിച്ചു വാങ്ങി. അവരെ തേവര മുതലായ സ്ഥലങ്ങളിലേയ്ക്ക് വിനോദയാത്രയ്ക്ക് കൊണ്ടുപോയത് അന്നത്തെ രീതിവച്ച് നോക്കുമ്പോൾ പുരോഗമനപരമായ ഒരു പരിഷ്ക്കാരമായിരുന്നു.

സെമിനാരിയിൽ പ്രധാന ഭാഷ സുറിയാനിയായിരുന്നു. തമിഴും പാഠപദ്ധതിയിൽ ചേർത്തിരുന്നു. കാലക്രമത്തിൽ ലത്തീനും, ചിലരൊക്കെ സംസ്കൃതവും പഠിച്ചിരുന്നു. പാഠപദ്ധതിയുടെ

(25). യാക്കോബച്ചന്റെ കത്ത് വാ. നാ. Vol. II. p. 1

മറ്റുഭാഗങ്ങൾ 'എവൻഗേലിയോനും', 'എങ്കർത്താ'യും നമസ്ക്കാരങ്ങളും ആരാധന വിധികളും, 1881-നു ശേഷം അലങ്കാരശാസ്ത്രവുമായിരുന്നു.(26) രാമപുരം, പാലാ, ഭരണങ്ങാനം, അരുവിത്തറ, പുന്നത്തറ, എറണാകുളം, തൃപ്പൂണിത്തുറ, വൈക്കം എന്നീ സ്ഥലങ്ങളിൽ നിന്നുമുള്ള വിദ്യാർത്ഥികൾ വാഴക്കുളം സെമിനാരിയിൽ പഠിച്ചിരുന്നു. അദ്ധ്യാപകനായും റെക്ടറായും മഞ്ഞേരിലച്ചൻ വളരെക്കാലം ഇവിടെ ജോലി ചെയ്തിട്ടുണ്ട്. അദ്ദേഹത്തിന്റെ, സ്മരണ വൈദികവിദ്യാർത്ഥികളിൽ നിറഞ്ഞുനിന്നിരുന്നു.

ബ. കാനാട്ടച്ചന്റെ എല്ലാ ജോലികളിലും മഞ്ഞേരിലച്ചൻ സഹപ്രവർത്തകനായിരുന്നു. റോക്കോസ് ശീശ്മയിൽ അകപ്പെട്ടുപോയ ശെമ്മാശന്മാരെ തിരിച്ചുകൊണ്ടുവന്ന് വാഴക്കുളം സെമിനാരിയിൽ പഠിപ്പിച്ച് വൈദികരാക്കിയ കാനാട്ടച്ചന്റെ പിന്നിൽ യൗസേപ്പ് അന്തോനിയച്ചനും ഉണ്ടായിരുന്നുവെന്ന കാര്യം വിസ്മരിക്കേണ്ടതല്ല.

അങ്ങനെ കാനാട്ടച്ചന്റെ പ്രത്യേക സ്നേഹത്തിനും പരിലാളനയ്ക്കും പാത്രീഭൂതനായ യൗസേപ്പ് അന്തോനിയച്ചനെ കാനാട്ടച്ചന്റെ അസുഖകാലത്ത് 1884-ൽ പ്രൊ. വികാരിയായി നിശ്ചയിച്ചു. വാഴക്കുളം പ്രൊ. വികാരി ആയിരിക്കവേ, കൂനമ്മാവിൽ സമ്മേളിച്ചപൊതുസംഘത്തിൽ ആദ്യമായിട്ട് ബ. യൗസേപ്പ് അന്തോനിയച്ചൻ സംബന്ധിക്കുകയുണ്ടായി. തന്റെ വിശ്വസ്താ

വാഴക്കുളം ആശ്രമദേവാലയം
സമ്പൂർണ്ണസമർപ്പണം മുതൽ യൗസേപ്പ് അന്തോനിയച്ചന്റെ സംഭവബഹുലമായ ജീവിതത്തിന്റെ പലേ അദ്ധ്യായങ്ങളും എഴുതിച്ചേർത്തത് ഈ ദേവാലയത്തെ സാക്ഷിനിർത്തിയാണ്.

(26). ഒ. എം. വർഗീസ്, ഓലിക്കൽ, വാഴക്കുളം - ഒരു ചരിത്ര വിശേഷം p. 114

നുയായി ആയ യൗസേപ്പ് അന്തോനിയച്ചൻ താൻ തുടങ്ങിവച്ചവ യെല്ലാം വളരെ സാമർത്ഥ്യത്തോടെ ചെയ്തു തീർക്കുമെന്ന് കാനാ ട്ടച്ചന് ഉറപ്പുണ്ടായിരുന്നു. 1886 വൃശ്ചികംവരെ മഞ്ഞേരിലച്ചൻ വാഴ ക്കുളം കൊവേന്തയുടെ പ്രൊ. വികാരിയായി സ്തുത്യർഹമാം വിധം ജോലി ചെയ്തു. ബ.കാനാട്ടച്ചൻ കർത്താവിൽ നിദ്രപ്രാപി ച്ചപ്പോൾ ശവസംസ്ക്കാരം തുടങ്ങിയ എല്ലാ കാര്യങ്ങൾക്കും വളരെ ഭംഗിയായി നേതൃത്വം നൽകിയത് നമ്മുടെ കഥാ നായകൻ തന്നെയായിരുന്നു. കാനാട്ടു യാക്കോബച്ചന്റെ സംക്ഷിപ്ത ജീവചരിത്രം വാഴക്കുളം നാളാഗമത്തിൽ എഴുതി ചേർത്തതും സ്മര്യ പുരുഷൻ തന്നെയാണ്.

അദ്ദേഹം പ്രൊ. വികാരിയായിരുന്ന കാലത്താണ് വാഴ ക്കുളം ഇടവകപള്ളിയുടെ സ്ഥാപനം നടന്നത്. ആശ്രമക്കാരും ജന ങ്ങളും തമ്മിൽ ഇതിന്റെ പേരിൽ അഭിപ്രായവ്യത്യാസമുണ്ടാകു കയും തുടർന്ന് പ്രശ്നവ്യാമിശ്രമായ ഒരന്തരീക്ഷം സംജാതമാകു കയും ചെയ്തു. ആ നാട്ടുക്കാരനായ യൗസേപ്പ് അന്തോനിയച്ചൻ വളരെ സമർത്ഥമായി സംഗതികൾ കൈകാര്യം ചെയ്യുകയും അങ്ങനെ 1885-ൽ ഇടവകപ്പള്ളി അനായാസം സ്ഥാപിക്കാൻ കാര ണക്കാരനാകുകയും ചെയ്തു. അദ്ദേഹം പ്രൊ. വികാരിയെന്ന നിലയ്ക്ക് കിഴക്കൻ പ്രദേശങ്ങളുടെ ഡപ്യൂട്ടിയുടെ ജോലിയും ചെയ്തിരുന്നുവെന്ന കാര്യം നാം വിസ്മരിക്കരുത്. പക്ഷേ, അധി കാരത്തേക്കാൾ അനുനയനം കൊണ്ടാണ് അദ്ദേഹം പള്ളി പ്രശ്നം ദൂരികരിച്ച് ശാന്തമായ അന്തരീക്ഷം സംജാതമാക്കി ദേവാലയസ്ഥാ പനത്തിന് ഇടയാക്കിയത്. അതുപോലെ തന്നെ പെരിങ്ങഴ, തോട്ട ക്കര, മുതലായ പള്ളികൾ ആരംഭിക്കുന്നതിനും വാഴക്കുളം ആശ്രമം നേതൃത്വം നൽകിയിട്ടുണ്ട്.

അദ്ധ്യായം 4

തേവര ആശ്രമവും മഞ്ഞേരിലച്ചനും

കേരളം മുഴുവൻ തങ്ങളുടെ പ്രവർത്തനം വ്യാപിപ്പിക്കണമെന്നുള്ള ആഗ്രഹം ആരംഭത്തിൽ തന്നെ സി.എം.ഐ. സഭാപിതാക്കന്മാർക്കുണ്ടായിരുന്നു. കേരള കർമ്മെലീത്താ സഭയെന്ന പേരുതന്നെ ഇതിനൊരുദാഹരണമാണ്. കേരളീയരാൽ സ്ഥാപിതമായ സഭയെന്നോ കേരളജനതയ്ക്കുവേണ്ടിയുള്ള സഭയെന്നോ ഒക്കെ ഇതിനെ വ്യാഖ്യാനിക്കാം.

മദ്ധ്യതിരുവിതാംകൂറിൽ മാന്നാനത്തും, വടക്ക് എൽത്തുരുത്തിലും സുപ്രധാനങ്ങളായ സംഭവങ്ങൾക്ക് സാക്ഷിനിന്നിട്ടുള്ളവയാണ് ഈ ആശ്രമങ്ങൾ രണ്ടും. ഇവ രണ്ടിന്റെയും മദ്ധ്യത്തിൽ വാഴക്കുളവും. കൊച്ചിഭാഗത്ത് എറണാകുളത്തോടുചേർന്ന് ഒരു ആശ്രമം വയ്ക്കണമെന്ന് ദീർഘദൃഷ്ടിയുള്ള പിതാക്കന്മാർക്ക് അതിയായ മോഹമുണ്ടായിരുന്നു. ഭൂപടത്തിൽ കൊച്ചിയ്ക്കുള്ള സ്ഥാനം വലുതായിത്തീരുമെന്ന് അവർ മുൻകൂട്ടി കണ്ടിരിക്കാം.

വാഴക്കുളം ആശ്രമാധിപനായിരുന്ന കാനാട്ട് ബ.യാക്കോബച്ചൻ 1879-ൽ സ്വന്തനാടായ തേവരയ്ക്കടുത്തുള്ള ചങ്ങനാടെന്ന പ്രദേശത്ത് ഒരു ഉപഭവനം വേണമെന്നാഗ്രഹിക്കുകയും അതിനായി ഒരു പറമ്പു വാങ്ങിക്കുകയും ചെയ്തു. അതിൽ ഒരു പള

ളിയും അതിനോടു ചേർന്ന് രണ്ടുനിലയിൽ ഒരു ചെറിയ ബംഗ്ലാവും സ്വന്തചെലവിൽ പണിയിച്ചു. വാഴക്കുളം ശ്രേഷ്ഠന്മാരുടെ മേൽനോട്ടത്തിൽ ഈ പുതിയ സ്ഥാപനം വളർന്നു വന്നു.(27) ഈ ആശ്രമത്തിന്റെ വളർച്ചയിൽ യൗസേപ്പ് അന്തോനിയച്ചന് വലിയ പങ്കുണ്ടായിരുന്നു. വാഴക്കുളത്തായിരിക്കുന്ന കാലത്തു തന്നെ കാനാട്ടച്ചന്റെ സഹായി എന്ന നിലയിൽ തേവര വരികയും സംഗതികൾ നടത്തുകയും ചെയ്തിരുന്നു. പിന്നീട് ഏതാനും വർഷം അവിടെ താമസിച്ചുകൊണ്ടുതന്നെ കാര്യങ്ങൾ വേണ്ടപോലെ സംവിധാനം ചെയ്തു. അനേക വർഷത്തെ എതിർപ്പുകൾക്കും കോടതിയിൽ നിരന്തരമായി നടത്തിയ കേസുകൾക്കും ശേഷമാണ് തേവര കൊവേന്ത വളർച്ചയുടെ പാത താണ്ടിയത്. ലത്തീൻ റീത്തുകാരുമായുള്ള (പദ്രോവാദ) വഴക്കിൽ ഈ പള്ളിയും സ്ഥലവും സുറിയാനിക്കാർക്കു നൽകാൻ റോമിൽനിന്നും വിധി വാങ്ങി. പരി. ലെയോൻ മാർപ്പാപ്പ 1886-ൽ സുറിയാനിക്കാരെ വരാപ്പുഴ മെത്രാൻമാരുടെ അധീകാരസീമയിൽ നിന്നു മാറ്റി അവർക്ക് തനിച്ചു മെത്രാന്മാരെ നിശ്ചയിച്ചപ്പോൾ തേവരക്കാർക്കു വിഷമമായി. അതു സുറിയാനിപള്ളിയെന്ന് കോന്തുരുത്തി പള്ളിക്കാരും കൊവേന്തക്കാരും വാദിച്ചു. ലത്തീൻ പള്ളിയെന്ന് പദ്രോവാദക്കാരും തർക്കിച്ചു. ഇതായിരുന്നു സുറിയാനി ലത്തീൻ വഴക്കെന്ന് സൂചിപ്പിച്ചിരിക്കുന്നത്. ലവീഞ്ഞുമെത്രാന്റെ മുൻപാകെ വാദങ്ങൾ ബോധിപ്പിച്ച് ഈ സ്ഥാപനം സി. എം.ഐ. ക്കാർക്കു നൽകണമെന്ന് അപേക്ഷിച്ചു. അഭിവന്ദ്യ തിരുമേനി ഇത് സി.എം.ഐ. ക്കാർക്കു വിട്ടുകൊടുത്തു. കാരണം പള്ളിയും ബംഗ്ലാവും പണിയിച്ചത് കാനാട്ടച്ചനാണല്ലോ. വടംവലിയിൽ അണിയറ പോരാളികളായി പൊരുതിയത് പ്രഗത്ഭരായ കാനാട്ടു കുഞ്ഞാക്കോച്ചനും ഏഴനിക്കാട്ടു ചാക്കോച്ചനുമാണ് എന്നുള്ള കാര്യം വിസ്മരിക്കാനാവില്ല. മഞ്ഞേരിലച്ചൻ തന്റെ ഭാഗവും നിവർത്തിച്ചു.

1892-ാം മാണ്ടിൽ വാഴക്കുളം ആശ്രമവാസിയായിരുന്ന മഞ്ഞേരിൽ യൗസേപ്പ് അന്തോനിയച്ചൻ തേവര വന്നു താമസിച്ചുകൊണ്ട് ഈ സ്ഥാപനം ഒരാശ്രമമാക്കാനുള്ള എല്ലാ സംവിധാന

(27). വാഴക്കുളം കർമ്മലാശ്രമത്തിന്റെ സുവർണ്ണജൂബിലി ഗ്രന്ഥം p. 49

യൗസേപ്പ് അന്തോനിയച്ചൻ ചോരയും നീരും നൽകി വളർത്തിയ തേവര ആശ്രമദേവാലയം.
ചരിത്രമുറങ്ങുന്ന ഈ ആശ്രമം ഇരുപത്തിരണ്ടു വർഷത്തെ സംഭവബഹുലമായ ആ ജീവിതത്തിന്റെ മൂക സാക്ഷിയാണ്.

ങ്ങളും ചെയ്തു. 1900-ൽ തിരുഹൃദയ തിരുന്നാളിൽ ഈ സ്ഥാപനം സി.എം.ഐ. സഭയുടെ ഒരു വികാരിയാത്ത് ആശ്രമമായി ഉയർത്തുകയും ബ. യൗസേപ്പ് അന്തോനിയച്ചനെ ആശ്രമ ശ്രേഷ്ഠനായി അവരോധിക്കുകയും ചെയ്തു.[28] അന്നുമുതൽ ക്രമമായി വികാരിമാർ തെരഞ്ഞെടുക്കപ്പെടുകയും കൊവേന്തക്രമങ്ങളൊക്കെ ഭദ്രമായി കാത്ത് അനുസരിച്ച് വരികയും ചെയ്തു,[29] ഈ കാല യളവിലാണ് കേരള കർമ്മെലീത്താ സഭയിലെ അതിപ്രഗത്ഭനും, പണ്ഡിതനും, ഭരണാധികാരിയുമായി പില്ക്കാലത്ത് വിരാജിച്ച ബ. ജോൺ ബർക്കുമാൻസച്ചനെ, യൗസേപ്പ് അന്തോനിയച്ചൻ സഭയിൽ സ്വീകരിച്ചത്.

രണ്ടാം പൊതു പ്രിയോരായ ബ. പോരുക്കരയച്ചനുശേഷം സഭയെ ഭരിച്ചിരുന്നത് വരാപ്പുഴ മെത്രാപ്പോലീത്താമാരായ കർമ്മെലീത്താക്കാരായിരുന്നു. വളരെ നാൾക്കു ശേഷം 1903 ലാണ് സഭയ്ക്ക് ഏതദ്ദേശീയനായ ഒരു പ്രിയോർ ജനറാൾ ഉണ്ടാകുന്നത്. ഇതു സംബന്ധിച്ച് തേവര കൊവേന്തയുടെ നാളാഗമം ഇപ്ര

(28). സുവർണ്ണ ജൂബിലി ഗ്രന്ഥം p. 50
(29). ക. നി. മു. സ. സഭാചരിത്രം p. 406

കാരം സാക്ഷിക്കുന്നു. "ടി ആണ്ട് (1903) ധനുവത്തിൽ മാന്നാനത്തുകൂടിയ പൊതു സംഘത്തിൽ വച്ച് നാട്ടുകാരിൽ ഒന്നാമത്തെ പ്രിയോർ ജനറാളായി ഏ. പെ. ബ. മലയാളത്തിന്റെ മിസ്യൊനാരി അപ്പസ്തോലിക്കാ വലിയ ചാണ്ടിയച്ചൻ തെരഞ്ഞെടുക്കപ്പെട്ടു.

ടി മകരമാസം മുതൽക്ക് ഏ. പെ. ബ. പ്രിയോർ ജനറാളച്ചൻ ഇവിടെ പാർപ്പാൻ തുടങ്ങി".(30) ജനറാളച്ചൻ തേവരെ താമസിക്കുവാൻ പ്രത്യേക കാരണമുണ്ട്. തേവര മാന്നാനത്തിനും എൽത്തുരുത്തിനും മധ്യത്തിലുള്ള സ്ഥലമാണല്ലോ. തന്നെയുമല്ല, ജലമാർഗ്ഗമായോ കരമാർഗ്ഗമായോ ആളുകൾക്ക് എൽത്തുരുത്തിൽ നിന്നും മാന്നാനത്തുനിന്നും എളുപ്പത്തിൽ അവിടെ വന്നു ചേരാം. ഈ പശ്ചാത്തലത്തിൽ സഭാംഗങ്ങൾക്ക് തേവരയിലുള്ള പെ. ബ. ജനറാളച്ചനെ കാണാൻ കൂടുതൽ സൗകര്യമുണ്ടായിരുന്നു. ഇതിനുള്ള കളം ഒരുക്കിക്കൊടുത്തതും ബ. അന്തോനിയച്ചനാണ്.

തിരുഹൃദയ ആശ്രമസ്ഥാപനം കോന്തുരുത്തി ഇടവക്കാർക്ക് വളരെ സന്തോഷവും സംതൃപ്തിയും നൽകി. എന്നാൽ, കുട്ടൻപറമ്പുകാർക്കും പടിഞ്ഞാറെ മോതിരപ്പള്ളി ചോറി എന്നയാൾക്കും അത്ര തൃപ്തിയായില്ല. പക്ഷേ, പുറമെയൊക്കെ സന്തോഷം നടിച്ചിരുന്നുവെന്നുമാത്രം.(31) ഇവർ ലത്തീൻകാരുമായിരുന്നു. എങ്കിലും സൗകര്യത്തിനുവേണ്ടി കോന്തുരുത്തിക്കാരെ മാറ്റി ലത്തീൻകാരായ വറുതുണ്ണി, വാറു, കുര്യാക്കോസ് ഇവരെ പള്ളിപ്പാട്ടുകാരാക്കി. ദേവാലയ ഗാനങ്ങൾ പഠിപ്പിച്ച് ആരാധനക്രമം മോടിപിടിപ്പിക്കാൻവേണ്ടി ആശ്രമത്തിനടുത്തുള്ളവരെ സന്ന്യാസിമാർ ദേവാലയഗീതങ്ങൾ പഠിപ്പിക്കുക ഒരു സാമാന്യ സംഭവമായിരുന്നു. യൗസേപ്പ് അന്തോനിയച്ചനും ഇതിനു മുൻകൈയ്യെടുത്ത് തേവരയിലും ഗാനസംഘം ഉണ്ടാക്കുകയാണ് ചെയ്തത്. എന്നാൽ ഇതു വലിയ പ്രശ്നത്തിനു കാരണമായി. തുടർന്നുള്ള ഏതാനും വർഷം യൗസേപ്പ് അന്തോനിയച്ചൻ ഒരു ഗറില്ലാ സമരത്തെ അതിജീവിക്കേണ്ടിവന്നു.

(30) തേ. നാ. p. 77

(31) തേ. നാ. p. 66

ലത്തീൻകാരുടെ വാദങ്ങളെല്ലാം അവഗണിച്ച് ആശ്രമം സുറിയാനിക്കാർക്കും അതും സി.എം.ഐ.ക്കാർക്കും നൽകിയതു നാം മുൻപു കണ്ടുവല്ലോ. പാമ്പിനെ നോവിച്ചുവിട്ടാലുള്ള പ്രശ്നം വിവരിക്കേണ്ട കാര്യമില്ല. പിന്നീടുണ്ടായ സമരത്തിന് വെണ്ടുരുത്തിക്കാർ കരുവാക്കിയത് പടിഞ്ഞാറേ മോതിരപള്ളി ചോറിയെ ആണ്. ചില ലത്തീൻകാരും ഏതാനും ചില വൈദികരും ചോറിയെ ഉപയോഗിച്ചു എന്നു വേണം പറയുവാൻ. ഈ ചോറിയാകട്ടെ പുറമേ ആശ്രമത്തോടു കൂറു കാണിച്ചിരുന്നുതാനും. മറ്റുള്ളവരുടെ പ്രേരണയ്ക്കു വശംവദനായി ചോറി കൊവേന്തയ്ക്കു ചെയ്ത സഹായത്തിനു പ്രതിഫലം ആവശ്യപ്പെട്ടു തുടങ്ങി. മാത്രമല്ല, അയാൾ മരിച്ചാൽ മൃതദേഹം ആശ്രമദേവാലയത്തിൽ അടയ്ക്കണമെന്നും ആവശ്യപ്പെട്ടു. ശവസംസ്ക്കാരത്തിന് കാനാട്ടച്ചൻ പണ്ടേ സമ്മതിച്ചുവെന്നും അയാൾ വാദിച്ചു. ഇതിനായി ആരുമറിയാതെ ചോറി മെത്രാപ്പോലീത്തയ്ക്ക് ഒരു അപേക്ഷ അയച്ചു. എന്നാൽ അരമനയിൽനിന്നും യാതൊരു മറുപടിയും നൽകിയില്ല.(32)

ഇതിനെ തുടർന്ന് ചോറി ബ. യൗസേപ്പ് അന്തോനിയച്ചന്റെ പക്കൽ ഒരു അപേക്ഷ നൽകി. 1902 കർക്കടകം മൂന്നാം തിയതി നൽകിയ ഈ അപേക്ഷ തേവര നാളാഗമത്തിൽ ഉണ്ട്.(33) തേവരപ്പള്ളിയുടെ ആരംഭം മുതൽ അയാൾ പള്ളിയ്ക്കുവേണ്ടി വളരെ ബുദ്ധിമുട്ടുകയും, മറ്റുചിലരുടെ മുൻപാകെ കാനാട്ടച്ചൻ ചോറിയെ തിരുഹൃദയത്തിനു പ്രതിഷ്ഠിക്കുകയും ചെയ്തുവെന്നും, അയാൾ മരിച്ചാൽ ഈ ദേവാലയത്തിൽ സംസ്കരിച്ചുകൊള്ളാമെന്ന് കാനാട്ടച്ചൻ പറഞ്ഞിരുന്നുവെന്നും അസുഖം കൂടുതലായതിനാൽ, ഇപ്രകാരം ഒരു കല്പന എഴുതിത്തരണമെന്നുമായിരുന്നു കത്തിലേ സാരം.

ബ.യൗസേപ്പ് അന്തോനിയച്ചൻ ഇതിനു താഴെപ്പറയുന്ന മറുപടി നൽകി. ഇക്കാര്യം നടക്കണമെങ്കിൽ സഭയുടെ ന്യായപ്രമാണമനുസരിച്ച് മേലാധികാരികളുടെ അനുവാദം വാങ്ങണം. അതുപോലെ തന്നെ സഭയുടെ പ്രിയോർ ജനറാളായ വരാപ്പുഴ മെത്രാപ്പോലീത്തായുടെയും സ്ഥലം അധികാരിയായ എറണാകുളം വികാ

(32). തേവര ആശ്രമത്തിന്റെ നാളാഗമം p. 71
(33). തേ. ആശ്ര. നാ. p. 72

രി അപ്പസ്തോലിക്കയുടെയും അനുവാദം വേണം. ഈ മൂന്നു അനുവാദങ്ങളും താൻ വാങ്ങിത്തന്നാൽ തന്നെ ദേവാലയത്തിൽ അടക്കിക്കൊള്ളാം. ചോറിയ്ക്ക് അതിഷ്ടമായില്ല. അനുവാദം യൗസേപ്പ് അന്തോനിയച്ചൻ തന്നെ വാങ്ങണമെന്നായി ചോറി. അതു സാധ്യമല്ലെന്നു അച്ചനും പറഞ്ഞു. ഇതിന്റെ പേരിൽ ചോറിയ്ക്ക് ബ. അച്ചനോടു വിരോധമായി. ഇതിനെ തുടർന്ന്, ദുർവാശിക്കാരനും മഹാനിഗളിയുമായ ആ മനുഷ്യൻ വെണ്ടുരുത്തി ലത്തീൻ പളളിവികാരി ജോക്കിൻപാദ്രിയുമായി ദുരാലോചന നടത്തി.(34)

അന്ന് തേവര ഉണ്ടായിരുന്ന സ്ക്കൂൾ ലത്തീൻക്കാരുടെ താണെന്ന് അവർ വാദിച്ചു. മാത്രമല്ല, ഏതാനും മാന്യന്മാരെ ഇരുത്തി സ്ക്കൂൾ നടത്തണമെന്നും മറ്റും വെണ്ടുരുത്തിക്കാർ ആവശ്യപ്പെടുകയും ചെയ്തു. ഇതിനെ തുടർന്ന് വളരെയധികം ശല്യങ്ങൾ വെണ്ടുരുത്തിക്കാരും അവരുടെ വൈദികനും ചെയ്തു. പെരുമാനൂക്കാരൻ പൂക്കാട്ടുംപുറത്തെ അന്തപ്പനാശാനാണ് അന്ന് സ്ക്കൂളിൽ പഠിപ്പിച്ചുകൊണ്ടിരുന്നത്. സ്ക്കൂൾ നന്നാക്കുവാൻ നാട്ടിൽ നിന്നു പിരിച്ചെടുത്തിരുന്ന സാധനങ്ങൾ ഞായറാഴ്ചത്തെ ദിവ്യബലിയ്ക്കുശേഷം ലേലം ചെയ്തിരുന്നു, ചോറിയും ജോക്കിൻ പാദ്രിയും കൂടി ഇതിനു നിശ്ചയിച്ചിരുന്നത് നടു ഒടിയൻ മാതു എന്ന ലത്തീൻകാരനെയായിരുന്നു. ലേലം വിളിക്കാരനായതിനാൽ പിന്നീട് ഇവൻ 'ലേലം വിളി' യെന്ന പേരിൽ അറിയപ്പെട്ടിരുന്നു. എന്നാൽ ഈ ലേലം വിളിയിൽ പെരുമാനൂരുകാർ ചേർന്നിരുന്നില്ല.

സ്ക്കൂൾ കാര്യത്തിൽ ലത്തീൻകാർ അനധികൃതമായി കയ്യ് കടത്തുന്നതിനെ നിരോധിക്കണമെന്ന് യൗസേപ്പ് അന്തോനിയച്ചനും ബ. ജരാർദച്ചനുംകൂടി ചാത്യാത്ത് ചെന്ന് വരാപ്പുഴ ജനറാളിനോടപേക്ഷിച്ചു. വികാരി ജനറാൾ ജോക്കിമച്ചന് ഒരു കല്പന കൊടുത്തയച്ചു. യൗസേപ്പ് അന്തോനിയച്ചൻ ആ കല്പന സ്ക്കൂൾ സന്ദർശനത്തിനെത്തിയ ജോക്കിം പാദ്രിയക്കു നൽകി. കൽപ്പന കണ്ട അദ്ദേഹം മടങ്ങിപ്പോവുകയും വികാരി ജനറാളിനെ കണ്ട് സമാധാനം ബോധിപ്പിക്കുകയും ചെയ്തു.(35)

(34). തേ. നാ. p. 72

(35). തേ. നാ. p. 79

എങ്കിലും വെണ്ടുരുത്തിക്കാരുടെ ശല്യം തുടർന്നതിനാലും സ്ക്കൂളിന്റെ നടത്തിപ്പിന് വിഘ്നം വരുത്തിക്കൊണ്ടിരുന്നതിനാലും തേവര, ചങ്ങനാട്, കടവന്ത്ര, കോന്തുരുത്തി മുതലായ സ്ഥലങ്ങളിലേ സുറിയാനിക്കാർ ഒന്നാംക്ലാസ്സ്മജിസ്ട്രേറ്റിൽ ഒരു ഹർജി കൊടുത്തു. ഇതിൽ ക്ഷുഭിതരായ ചിലവെണ്ടുരുത്തിക്കാർ, കൊവേന്തക്കാരെ ഇവിടെനിന്നും ഓടിക്കണമെന്നും അവർ പ്രശ്നക്കാരാണെന്നും മറ്റും കുറ്റങ്ങൾ പറഞ്ഞു പരത്തി. ഇതിനിടെ ജൂൺ 22-ന് സ്ക്കൂൾ കെട്ടിടത്തിന്റെ മേൽക്കൂര മേയാൻ അച്ചൻ ജോലിക്കാരോടാവശ്യപ്പെട്ടു. ആശാൻ രഹസ്യത്തിൽ ഈ വിവരം ചോറിയേയും അയാളുടെ അനുയായികളേയും അറിയിച്ചു. അവർ വന്നു കലഹം ഉണ്ടാക്കി. മെത്രാപ്പോലീത്തായെ മഞ്ഞേരിലച്ചൻ വിവരമറിയിച്ചു. പക്ഷെ അദ്ദേഹം വെണ്ടുരുത്തിക്കാരെ ഇതിൽ നിന്നും പ്രതിനിവർത്തിപ്പിച്ചില്ലതന്നെ. അതിനാൽ വീണ്ടും ഒന്നാം ക്ലാസ്സ് മജിസ്ട്രേറ്റ് കോടതിയിൽ ഹർജി ഫയൽ ചെയ്തു. 30-ാം തിയതി പോലീസ് വന്നു മഹസർ തയ്യാറാക്കി, വിചാരണ നടത്തി. പ്രതികളായ ചോറിയ്ക്കും കൂട്ടുകാർക്കും 100 രൂപാ പിഴയും ആറുമാസത്തെ തടവും വരുമെന്ന് നോട്ടീസ് അയച്ച് അറിയിച്ചു.(36)

ഇതു മനസ്സിലാക്കി ഭയപ്പെട്ട ചോറിയും കൂട്ടരും മറ്റൊരു ഉപായം സ്വീകരിച്ചു. അന്നുതന്നെ, അവർ ജയിച്ചുവെന്നു ജനങ്ങളുടെ ഇടയിൽ പ്രചരണം നൽകി. അതിനു തെളിവായിട്ട് ആശാനേ പ്രേരിപ്പിച്ച് അവർതന്നെ സ്ക്കൂൾ മേഞ്ഞു. മാത്രമല്ല, ആശാനും അവരുടെ ആൾക്കാരുംകൂടി എപ്പോഴും സ്ക്കൂളിൽ വന്ന കൊവേന്തക്കാരെ അസഭ്യം പറയുകയും ചെറുയോഗങ്ങൾ കൂടുകയും സ്ക്കൂൾ തങ്ങൾക്ക് കിട്ടിയെന്ന് വീമ്പിളക്കുകയും ചെയ്തുപോന്നു. ഇങ്ങനെ കുറെനാൾ കഴിഞ്ഞു.

1903 ഒക്ടോബർ 5-ാം തിയതി മഞ്ഞേരിലച്ചൻ എറണാകുളത്തുചെന്ന് മാർ ലൂയിസ് മെത്രാനച്ചനെ കണ്ടു. കോന്തുരുത്തിക്കാരു കുട്ടികളെ സ്ക്കൂളിൽ അയക്കേണ്ടെന്നു മെത്രാനച്ചൻ പറഞ്ഞതനുസരിച്ചു, തങ്ങളുടെ കുട്ടികളെ അവർ സ്ക്കൂളിലയച്ചില്ല. ഇൻജംക്ഷൻ ഓർഡറിൽ ഇങ്ങനെ ഉണ്ടായിരുന്നു എന്നാൽ

(36). തേ. നാ. p. 83

വെണ്ടുരുത്തി വികാരിക്ക് ഇതേപോലെ കൊടുത്തിരുന്ന കൽപന തൃണവൽഗണിച്ചുകൊണ്ട് അദ്ദേഹം ലത്തീൻകാരായ കുട്ടികളെ വീണ്ടും സ്ക്കൂളിലയച്ചു.... ഇതേ തുടർന്ന് ദലഗാദ് അപ്പസ്തോലിക്കയുടെ കൽപന പ്രകാരം സ്ക്കൂൾ പൂട്ടുകയും ചെയ്തു.

തുടർന്ന് ദലഗാദ് അപ്പസ്തോലിക്കാ എറണാകുളത്തുവന്നു. വരാപ്പുഴ മെത്രാപ്പോലീത്തായുടെ അരമനയിൽ 9 ദിവസം താമസിച്ച് സ്ക്കൂൾകാര്യം പഠിച്ചു. മെത്രാപ്പോലീത്താ കൊവേന്തക്കാർക്ക് എതിരായി വളരെ പറഞ്ഞുവെങ്കിലും ദലഗാദ് ആ വാദമെല്ലാം തള്ളിക്കളഞ്ഞുകൊണ്ട് സ്ക്കൂൾ ആശ്രമത്തിന് വിട്ടുതരികയും ചെയ്തു([37]) എങ്കിലും ലത്തീൻകാരും അവരുടെ നേതാവായിരുന്ന ജോക്കിൻ പാദ്രിയും സുറിയാനി സമുദായത്തോട് കലഹിച്ച് പ്രശ്നം ഉണ്ടാക്കിക്കൊണ്ടിരുന്നു. ഒരിക്കൽ അവരുടെ അച്ചന്റെ നിർദ്ദേശമനുസരിച്ച് സ്ക്കൂൾ ആക്രമിക്കാൻ വെണ്ടുരുത്തിക്കാർ വള്ളങ്ങളിൽ വരികയായിരുന്നു. സുറിയാനിക്കാരായ ആളുകൾ ഇതറിഞ്ഞ് കായലിൽ വച്ചു തന്നെ അവരെ തടഞ്ഞു. കരയ്ക്കുനിന്ന് കഠിനമായ കല്ലേറുകിട്ടിയ വെണ്ടുരുത്തിക്കാർ തിരിച്ചു പോകുകയാണുണ്ടായത്. ജോക്കിം അച്ചനെ വെണ്ടുരുത്തിയിൽ നിന്ന് മാറ്റാൻ പലരും ആവശ്യപ്പെട്ടിട്ടും മെത്രാപ്പോലീത്താ അതു ചെയ്തില്ല. കള്ളയെഴുത്തുകളും ഭീഷണികളും യൗസേപ്പ് അന്തോനിയച്ചനെതിരായി അവർ അയച്ചുകൊണ്ടിരുന്നു. ഇതിനെല്ലാം നേതൃത്വം നല്കിയത് അവരുടെ വികാരിയച്ചനും.

ബ. യൗസേപ്പ് അന്തോനിയച്ചൻ തേവര ആശ്രമത്തിന്റെ അധിപനായിരുന്ന കാലത്ത് മറ്റൊരു സംഭവംകൂടിയുണ്ടായി. മോൺസിഞ്ഞോർ സലേസ്കി ചെറിയ ഏതാനും ആശ്രമങ്ങൾ നിർത്തലാക്കണമെന്ന് ആവശ്യപ്പെട്ടു. കുനമ്മാവിലുള്ള തൊണ്ടിപ്പറമ്പിലെ ആശ്രമം, പാണാവള്ളി, തേവര എന്നീ ചെറിയ ആശ്രമങ്ങൾ എന്നിവയാണ് ആ ലിസ്റ്റിൽ ഉണ്ടായിരുന്നത്. ബ. മഞ്ഞേരിലച്ചന്റെ ശക്തമായ സ്വാധീനംകൊണ്ട് തേവര നിർത്തലാക്കാൻ ഇടയായില്ല.

---

(37). തേ. നാ. p. 88

1905-ൽ സി.എം.ഐ. സഭയുടെ കാനോനിക സ്ഥാപനത്തിന്റെ 50-ാം വർഷവും തേവര തിരുഹൃദയപള്ളിയുടെ 25-ാം വർഷവും കൂടി ഒരുമിച്ച് സാഘോഷം കൊണ്ടാടുവാൻ തീരുമാനിച്ചു. ജൂലൈ 17-ാം തിയതി തേവര ആശ്രമത്തിനു മുന്നിലുള്ള അമലോത്ഭവമാതാവിന്റെ കപ്പേളയ്ക്കു കല്ലിട്ടു. മുൻപു നാം കണ്ട ലത്തീൻ സുറിയാനി വഴക്കിന്റെ പശ്ചാത്തലത്തിൽ വെണ്ടുരുത്തിക്കാരും ആശ്രമവാസികളും തമ്മിൽ നല്ല രഞ്ജിപ്പിലല്ലായിരുന്നുവെങ്കിലും മഞ്ഞേരിലച്ചന്റെ നയവും ഭക്തിയും, നല്ല പെരുമാറ്റവും മൂലം എല്ലാം ഭംഗിയായി നടന്നു. ബ.യൗസേപ്പ് അന്തോനിയച്ചൻ സ്ഥലം മാറിപ്പോകുന്നുവെന്നറിഞ്ഞ ജനങ്ങൾ പരസ്പരവൈരാഗ്യം മറന്ന് ഒരുമിച്ചുകൂടി അനുരജ്ഞനത്തിന് തയ്യാറായി. കാനാട്ടച്ചനുശേഷം മഞ്ഞേരിലച്ചൻ അവിടെ പാർക്കുകയും പണികൾ നടത്തുകയും ചെയ്തകാര്യം അവർ ഓർമ്മിച്ചു. ജൂബിലി ഗംഭീരമാക്കണമെന്ന് മഞ്ഞേരിലച്ചന് ആഗ്രഹമുണ്ടെന്നറിഞ്ഞ അവർ സർവ്വ കഴിവും ഉപയോഗിച്ച് ആഘോഷങ്ങൾ ഭംഗിയാക്കി. അലങ്കാര സംവിധാനങ്ങൾ മോടിയേറിയതായിരുന്നു. അന്ന് സാധാരണമല്ലാത്ത വിവിധ ദൃശ്യങ്ങൾ അലങ്കാരത്തിനു കൊഴുപ്പുകൂട്ടി. നയനാഭിരാമമായ ആ വർണ്ണപ്രപഞ്ചം ചങ്ങനാട്ടുദേശത്തെ ഒരു പറുദീസയാക്കിമാറ്റിയെന്ന് നാളാഗമക്കാരൻ സാക്ഷിക്കുന്നു.(38) തേവരയും ചുറ്റുപാടുമുള്ള ജനങ്ങളെ ഒരുമിപ്പിക്കാൻ ഇങ്ങനെയൊരാഘോഷത്തിനേ സാധിക്കുകയുള്ളുവെന്ന് മഞ്ഞേരിലച്ചൻ മനസ്സിലാക്കിയിരുന്നു. ഒരു മനഃശാസ്ത്രവിദഗ്ധന്റെ ഉൾക്കാഴ്ചയോടെ അദ്ദേഹം പറയുന്നത് ഈ നാട്ടുകാർ ഘോഷപ്രിയന്മാരും സന്തോഷവാന്മാരുമായതിനാൽ ജൂബിലി ആഘോഷിക്കുവാൻ സമ്മതിച്ചുവെന്നത്രേ.(39) ഈ മനസ്ഥിതി ഉള്ളവരെ ഒരുമിപ്പിക്കാൻ അവരുടെ മാനസിക പ്രവണതയെതന്നെ അദ്ദേഹം കരുവാക്കിയെന്നു ചുരുക്കം.

വികാരിയായിരുന്ന മഞ്ഞേരിൽ യൗസേപ്പച്ചന്റെ കുനമ്മാവിലേയ്ക്കുള്ള ഈ സ്ഥാനചലനം ജനങ്ങളിൽ സൃഷ്ടിച്ച ശോകച്ചവി തുത്തുമാറ്റാൻ ഇപ്രകാരം ബ. അച്ചനു കഴിഞ്ഞു. റീത്തിന്റെ പേരിലും ജാതിയുടെ പേരിലും ഉണ്ടായിരുന്ന 'കശപിശ' അദ്ദേഹത്തോട് ജനങ്ങൾക്കുള്ള സ്നേഹത്തിനും ബഹുമാനത്തിനും

(38). തേ. നാ. p. 106
(39). തേ. നാ. p. 105

യാതൊരു കോട്ടവും വരുത്തിയില്ല. അദ്ദേഹം കോർട്ടിൽ പോയപ്പോഴും നീതിക്കുവേണ്ടി സഭാകോടതി കയറിയപ്പോഴും ഒക്കെ ഈ ജനങ്ങളെയെല്ലാം പിതാവിനുതുല്യം സ്നേഹിച്ചിരുന്നുവെന്നതാണ് പരമാർത്ഥം.

ആശയത്തിൽ, ആദർശത്തിൽ വ്യവച്ഛേദനം ഉണ്ടാവാം. അതുപോലെതന്നെ അവകാശങ്ങൾക്കുവേണ്ടി വാദമുഖങ്ങൾ ഉന്നയിക്കാം. പക്ഷേ, ഇതൊന്നും സ്നേഹത്തെ മുറിപ്പെടുത്തിയിരുന്നില്ലയെന്നതാണു സത്യം. അങ്ങനെ മനുഷ്യനെ വെറുക്കാത്ത ഒരു തത്വശാസ്ത്രത്തിന്റെ അവതാരകനായിരുന്നു യൗസേപ്പ് അന്തോനിയച്ചൻ. ഇതിന്റെ പ്രസരം ജനങ്ങളിലും സ്വാധീനം ചെലുത്തി. അതിന്റെ തെളിവാണ് സ്ഥലം മാറിപ്പോയപ്പോൾ അവർ അദ്ദേഹത്തിനു നല്കിയ യാത്രയയപ്പ്. തേവര നാളാഗമം ഇതേക്കുറിച്ചു പറയുന്നത് ഇപ്രകാരമാണ്. "വികാരി യൗസേപ്പ് അന്തോനിയച്ചൻ കൂനമ്മാവിലേയ്ക്കു സ്ഥലം മാറിപ്പോകുന്ന ദിവസങ്ങളിൽ കാനാടന്മാർ ഒന്നും, സുറിയാനിക്കാർ പൊതുവിൽ ഒന്നും, ഇങ്ങനെ ഓരോ മംഗള പത്രങ്ങളും മേല്പടി വികാരിയച്ചന് സമർപ്പിക്കുകയും ചെയ്യുകയുണ്ടായി."(40)

അങ്ങനെ ആ കർമ്മചതുരൻ സന്തോഷത്തോടും സംതൃപ്തിയോടും കൂടി തന്റെ ജീവിത ലക്ഷ്യങ്ങളിൽ ഒന്നായിരുന്ന തേവര ആശ്രമത്തിൽ നിന്നും അനേകരുടെ വിതുമ്പലിന്റെ അകമ്പടിയോടെ യാത്ര പറഞ്ഞ് കൂനമ്മാവിലേയ്ക്ക് പോയി. തന്റേടിയായ ആ മനുഷ്യന്റെ കണ്ണുകളിൽ കണ്ണുനീർത്തുള്ളികൾ നനവു ചാർത്തി. അത് നിയന്ത്രിക്കാൻ അദ്ദേഹം വളരെയധികം തത്രപ്പെടുകതന്നെ ചെയ്തു. വെണ്ടുരുത്തിക്കാരും, കോന്തുരുത്തിക്കാരും, പെരുമാനുക്കാരും ചേർന്ന് അദ്ദേഹത്തിന് സ്നേഹോഷ്മളമായ യാത്രാമംഗളങ്ങൾ നേർന്നു. അവരുടെ കണ്ണുകളും ഈറനണിഞ്ഞുനിന്നു.

ബ. യൗസേപ്പ് അന്തോനിയച്ചൻ കൂനമ്മാവ് ആശ്രമത്തിന്റെ കാര്യങ്ങളിൽ അതീവതല്പരനായിരുന്നു. അവിടെ കൊവേന്തക്കാരുടെ നിലത്തിന്റെ തിട്ടയിൽ അനധികൃതമായി പുരവച്ച മാനാട്ട്

(40). തേ. നാ. p.107

ഇട്ടിയവരയുടെ മകൻ തോമസുമായി ഉണ്ടായ പോലീസ്കേസ് പറഞ്ഞു തീർക്കുവാനായി അന്നത്തെ തേവര ആശ്രമത്തിന്റെ വികാരി ലയനാർദു ലൂയിസച്ചൻ യൗസേപ്പ് അന്തോനിയച്ചനെ വിളിച്ചു വരുത്തി. പെ. ബ.ജനറാളച്ചന്റെ ആഗ്രഹവും കല്പനയുമനുസരിച്ച് ബ.അച്ചൻ തേവരയിൽ വന്ന് കേസ് വളരെ സമാധാനപരമായി പറഞ്ഞുതീർത്തു.(41)

പിന്നീട് ബ, യൗസേപ്പ് അന്തോനിയച്ചൻ 1908-ൽ തേവരയ്ക്കു വികാരിയായി തിരിച്ചുവന്നു. വികാരിജോലി 1911 വരെ അദ്ദേഹം സ്തുത്യർഹമായി നിർവ്വഹിച്ചു. പഴയതെല്ലാം ബ. അച്ചനും വെണ്ടുരുത്തിക്കാരും മറന്നു. സ്നേഹത്തിന്റെയും സഹകരണത്തിന്റെയും ഒരു വർത്തനരീതിയായിരുന്നു ആ നാളുകളിൽ. ആശ്രമം, ദേവാലയം എന്നിവയ്ക്കായി വളരെയധികം പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്തി. പുതിയ സ്ഥലങ്ങൾ ഒന്നിനു പിറകെ ഒന്നായി വാങ്ങി ആശ്രമവളപ്പ് വിസ്താരപ്പെടുത്തി.അങ്ങനെ കാനാട്ടച്ചൻ ആരംഭിച്ച വേല ബ. യൗസേപ്പ് അന്തോനിയച്ചൻ സമ്പൂർത്തികരിച്ചു.

ഈ കാലയളവിൽതന്നെയാണ് യൗസേപ്പ് അന്തോനിയച്ചന്റെ നേതൃത്വത്തിലും മറ്റുവൈദികരുടെ സഹകരണത്തിലും ആലുവ ഭാഗത്ത് ഒരു പുതിയ ആശ്രമം സ്ഥാപിക്കുവാൻ സ്ഥലം അന്വേഷിയ്ക്കുകയും പല സ്ഥലങ്ങളിൽ നിന്നും ഇതിനായി പണം പിരിയ്ക്കുകയും ചെയ്തത്.

1912-ൽ അദ്ദേഹം തേവരനിന്നും വാഴക്കുളത്തിന് സ്ഥലം മാറിപ്പോയി. അങ്ങനെ തേവരയുമായുള്ള ഔദ്യോഗിക ബന്ധത്തിനു തിരശ്ശീലവീണു.

(41). തേ. നാ. p.110

അദ്ധ്യായം 5

വ്യക്തിത്വമാനങ്ങൾ

ബ. മഞ്ഞേരിൽ കുര്യാക്കോസച്ചന്റെ (യൗസേപ്പ് അന്തോനിയച്ചൻ) വ്യക്തിത്വമാനത്തെക്കുറിച്ച് ഒരു അപഗ്രഥനം നടത്തുന്നത് അച്ചനെ കുറച്ചുകൂടി അടുത്തു മനസ്സിലാക്കാൻ നമുക്കു ഉൾപ്രേരണ നൽകും.

ഈശ്വരവിശ്വാസവും, കുടുംബപാരമ്പര്യവും, വൈദികരോടും സഭയോടും ബഹുമാനവും സ്നേഹവുമുള്ള ഒരു ക്രൈസ്തവ കുടുംബത്തിലാണല്ലോ അദ്ദേഹം ഭൂജാതനായത്. എല്ലാം വെട്ടിവിഴുങ്ങുന്ന ബാല്യത്തിൽ, നന്മയുടെ പരിവേഷമല്ലാതെ മറ്റൊന്നും ആ കുടുംബാന്തരീക്ഷത്തിൽ നിന്നും അദ്ദേഹത്തിനു ലഭിച്ചിട്ടില്ല. സ്നേഹമുള്ള മാതാപിതാക്കൾ, ഓമനിക്കുന്ന മൂത്തപെങ്ങൾ, വിശാല ഹൃദയരായ ജ്യേഷ്ഠന്മാർ, മാതൃക നൽകുന്ന വൈദികർ, ഇവരിൽ നിന്നെല്ലാം സ്നേഹത്തിന്റെ അനുഭവങ്ങൾ മാത്രമേ അദ്ദേഹത്തിനു ലഭിച്ചിരുന്നുള്ളൂ. ഈ അനുഭവങ്ങളുടെ മാസ്മര വലയത്തിൽ മനുഷ്യസ്നേഹത്തിന്റെ നൂറു നൂറു നീർച്ചാലുകൾ ആ ജീവിതത്തിലേയ്ക്കു കടന്നു വന്നു. അദ്ദേഹം സമാഹരിച്ചെടുത്ത സ്നേഹപ്രകർഷം ജീവിതാവസാനംവരെ അദ്ദേഹത്തിൽ നിലനിന്നു. മാത്രമല്ല, ക്രമപ്രവൃദ്ധമായി അത് വളർച്ച

നേടി, പ്രൊഫുല്ലമായി, ഫലസംദായകമായി. സന്ന്യാസത്തിലെ കാർക്കശ്യവും വൈദീക ജീവിതത്തിലെ ശിക്ഷണവും ചിട്ടയും സ്വയം ഏറ്റെടുത്തപ്പോൾപോലും അതിന് യാതൊരു മങ്ങലുമേ റ്റിരുന്നില്ല. അധികാരത്തിന്റെ അലത്തലപ്പുകളിൽ അദ്ദേഹം ആന്ദോളനമാടിയപ്പോഴും, സഭയും സമുദായവും അംഗീകാര ത്തിന്റെ അംശവസ്ത്രം അദ്ദേഹത്തിൽ ചാർത്തിയപ്പോഴും ഈ സ്നേഹപ്രചുരിമ അദ്ദേഹത്തിൽ ഒളിചിന്നി നില്ക്കുകമാത്രമേ ഉണ്ടായിട്ടുള്ളൂ. മറ്റൊരുവാക്കിൽ, അദ്ദേഹത്തിന്റെ സ്നേഹജീവിതം വിലകുറഞ്ഞ മുത്തുചിപ്പിക്കൊണ്ട് നെയ്തെടുത്തതായിരുന്നില്ല, അതിലെ ഓരോ മുത്തുകളും വിലയേറിയ രത്നക്കല്ലുകളായിരു ന്നു.

ദൈവസ്നേഹത്തിന്റെ ഉദാത്ത ഉയരങ്ങളിൽ വിഹരിക്കാൻ കർമ്മപ്രവൃദ്ധമായ ആ ജീവിതം മറന്നുപോയില്ല. അദ്ദേഹം എന്തെല്ലാം നിവർത്തിച്ചിരുന്നുവോ, ഏതെല്ലാം വാദപ്രതിവാദങ്ങ ളിൽ ഇടപ്പെട്ടിരുന്നുവോ, എപ്പോഴെല്ലാം സഭാ കോടതികളിലും സിവിൽ കോടതികളിലും കയറി ഇറങ്ങിയോ അപ്പോഴെല്ലാം, അദ്ദേ ഹത്തെ മുന്നേട്ടു നയിച്ചത് ആത്മാവിന്റെ അന്തർഗൃഹത്തിൽ അദ്ദേഹം സൂക്ഷിച്ചിരുന്ന ഉത്ക്കട ദൈവസ്നേഹം ഒന്നു മാത്രമാ യിരുന്നു. തന്റെ സ്വാർത്ഥതയ്ക്കുവേണ്ടി, പേരിനും പെരുമയ്ക്കും വേണ്ടി, അദ്ദേഹം ഒന്നും തന്നെ ചെയ്തിട്ടില്ല. എല്ലാം ദൈവ ത്തിന്റെ ഉപരിമഹത്വത്തിനും ആത്മാക്കളുടെ രക്ഷയ്ക്കും വേണ്ടി യത്രേ ചെയ്തിട്ടുള്ളത്.

ബ. അച്ചന്റെ ദൈവസ്നേഹം പ്രകടമായിരുന്നത് തന്റെ പ്രാർത്ഥനാജീവിതത്തിലൂടെയാണ്. പ്രവർത്തനോന്മുഖമായിരുന്ന കാലഘട്ടങ്ങളിൽ പോലും അദ്ദേഹം പ്രാർത്ഥനയുടെ ഒരു മനു ഷ്യനായി ജീവിച്ചിരുന്നു. പരിശുദ്ധാത്മാവു നിറഞ്ഞ തന്റെ സഭാ സ്ഥാപകനോടൊത്തുള്ള ജീവിതവും, അദ്ദേഹത്തിന്റെ ശിക്ഷണവും നല്ല മാതൃകയുമെല്ലാം ആദ്യാപി യൗസേപ്പ് അന്തോനിയച്ചനും ലഭിച്ചിരുന്നു. സഭയുടെ ആദ്യചൈതന്യത്തിൽ നിന്ന് ഒട്ടും വ്യതി ചലിക്കാതെ, പ്രാർത്ഥനയ്ക്ക് യാതൊരു കുറവും വരുത്താതെ, കർമ്മോത്സുക ജീവിതം നയിക്കാൻ ചാവറയച്ചന്റെ ശിക്ഷണം അദ്ദേഹത്തെ സഹായിച്ചിരുന്നു. അതുകൊണ്ട് തന്നെയാണ് വിശ്ര

മജീവിതത്തിനായി വാഴക്കുളത്തു താമസിക്കുന്ന കാലത്തുപോലും അനുദിനസമൂഹ പ്രാർത്ഥനകളിൽ നിന്നൊന്നും അദ്ദേഹം ഒഴിവെടുക്കാതിരുന്നത്. മാത്രമല്ല, കൂടുതൽ സമയവും ദേവാലയത്തിൽ ദിവ്യകാരുണ്യ സവിധേ അദ്ദേഹം ചെലവഴിച്ചിരുന്നു. പീഡാനുഭവ ധ്യാനങ്ങളിലൂടെ സ്വയം കരയുകയും ചെയ്തിരുന്ന ആ വലിയ ധ്യാന പ്രസംഗകൻ ദിവ്യകാരുണ്യസന്നിധിയിൽ കണ്ണീർ ചിന്തി പ്രാർത്ഥിച്ചിരുന്ന രംഗം ഹൃദയഹാരിയായിരുന്നു.

ദൈവവുമായുള്ള ഐക്യത്തിൽനിന്നും സ്വയം സമ്പാദിച്ചെടുത്ത ധൈര്യവും തന്റേടവും അദ്ദേഹത്തെ വാചാലനാക്കി, കർമ്മോത്സുകനാക്കി. നിത്യവെളിച്ചത്തിൽ നിന്നും കൊളുത്തിയെടുത്ത നിലാവെളിച്ചവും പേറി അദ്ദേഹം പാപോച്ചാരാണവേദിയിലും ദൈവവചനപ്രഘോഷണവേദിയിലും തനിക്കുലഭിച്ച ദൈവസ്നേഹത്തിന്റെ ദിവ്യപ്രകാശം ഇതരർക്കു പങ്കിട്ടുകൊടുത്തു. ആതുരസേവന തല്പരനും പാവപ്പെട്ടവരുടെ സഹായിയും പാപികളുടെ ആശ്വാസകനുമായി മാറി മഞ്ഞേരിലച്ചൻ. പള്ളിക്രമങ്ങളിൽ ആനന്ദം കണ്ടെത്തിയ അദ്ദേഹം കൂദാശാ പരികർമ്മങ്ങളിൽ അതീവതല്പരനായിരുന്നു. നീണ്ടമണിക്കുറുകൾ പാപമോചനവേദിയിലിരുന്ന് അനുരജ്ഞനത്തിന്റെ കൂദാശയിലൂടെ ലക്ഷങ്ങളെ സാന്ത്വനപ്പെടുത്തിയ യൗസേപ്പ് അന്തോനിയച്ചൻ ആർസിലെ വികാരിയെപ്പോലെ കേരളത്തിൽ ധാരാളം നന്മ ചെയ്തവനാണ്. അസാധാരണബുദ്ധിവൈഭവമുണ്ടായിരുന്ന അദ്ദേഹം തനിക്കു ലഭിച്ചിരുന്ന വിശ്രമസമയം പുസ്തകപാരായണത്തിലും വി. ഗ്രന്ഥപഠനത്തിനുമായി മാറ്റി വച്ചു. അറിവിന്റെ ആഴങ്ങളിൽ മുങ്ങിത്തപ്പി ആശയങ്ങളുടെ പവിഴമുത്തുകൾ വാരി, മാനവചേതനയിൽ കൊള്ളിയാനും കൊടുങ്കാറ്റും സൃഷ്ടിക്കാനുതകുന്ന കടഞ്ഞെടുത്ത ശൈലിയിൽ ദൈവവചനം വിളമ്പുമ്പോൾ, ആസ്വാദകരായ ആയിരങ്ങളിൽ മാറ്റത്തിന്റെ പൂത്തിരി കത്തിക്കുകയായിരിക്കും അദ്ദേഹം ചെയ്യുക. അദ്ദേഹത്തിന്റെ ജീവിത സ്പർശിയായ ധ്യാനപ്രസംഗങ്ങളുടെ ഉറവിടം സ്വന്തം ജീവിതം തന്നെയായിരുന്നു. ജീവിതവുമായി അയൽബന്ധമില്ലാത്ത പ്രസംഗങ്ങൾ മുഴങ്ങുന്ന ചെമ്പോ, ചിലമ്പുന്ന കൈത്താളമോ മാത്രമായിരിക്കും, അനുവാചകരിൽ വ്യതിയാനം സൃഷ്ടിക്കുകയില്ലതന്നെ. വൃക്ഷത്തെ ഫലത്തിൽനി

ന്നറിയുന്നതുപോലെ അദ്ദേഹത്തിന്റെ പ്രസംഗങ്ങളുടെ ഫല ത്തിൽനിന്നു തന്നെ ആ ജീവിതത്തെ മനസ്സിലാക്കാൻ ശ്രമിക്കുക യായിരിക്കും എളുപ്പം. യൗസേപ്പ് അന്തോനിയച്ചന്റെ ദൈവ സ്നേഹം എപ്രകാരമാണ് കൂദാശാനുഷ്ടാനത്തിലൂടെയും ദൈവ വചനപ്രഘോഷണത്തിലൂടെയും പാപസങ്കീർത്തന വേദികളിലൂ ടെയും സമസൃഷ്ടികളിലേയ്ക്കൊഴുകി പുതിയ മാനം കണ്ടെത്തി യത് എന്നു സൂചിപ്പിക്കുകയായിരുന്നു ഇവിടെ.

അദ്ദേഹത്തെ സംബന്ധിച്ച് ദൈവസ്നേഹവും പരസ്നേ ഹവും ഒരു നാണയത്തിന്റെ ഇരുവശങ്ങൾ മാത്രമായിരുന്നു. അപ രനിൽ കുടിവാഴുന്ന യേശുവിനെ വിശ്വാസദർപ്പണത്തിൽ കണ്ടു കൊണ്ട് അവനെ പരിചരിച്ച് ദൈവത്തെ മഹത്വപ്പെടുത്തുന്ന ഒരു രീതിയായിരുന്നു അത്. അദ്ദേഹത്തിന്റെ പരസ്നേഹപ്രവർത്തന ങ്ങൾ വിശ്വാസപ്രഘോഷണോപാധി തന്നെയായിരുന്നു. അവിടെ ദൈവമഹത്വവും ആത്മരക്ഷയും മാത്രമേ അദ്ദേഹം ലക്ഷ്യം വച്ചി രുന്നുള്ളു. തന്റെ ജീവനെപ്പോലും തൃണവത്ഗണിച്ചുകൊണ്ടാണ് വീരോചിതമായ പരസ്നേഹത്തിന്റെ രാജപാഥയിലൂടെ അദ്ദേഹം നടന്നു നീങ്ങിയത്. ഒരു ദൃക്സാക്ഷി വിവരണം ഉദാഹരണത്തി നായി ഇവിടെ വിവരിക്കാം. മുൻകാലങ്ങളിൽ മസൂരിബാധ കേര ളത്തിൽ സർവ്വസാധാരണമായിരുന്നല്ലോ? അറിവിന്റെ അഭാവമോ, മെഡിക്കൽ സയൻസിന്റെ കഴിവില്ലായ്മയോ എന്തോ ഈ സംക്ര മികരോഗത്തെ കോളറാപോലെതന്നെ മനുഷ്യൻ ഭയപ്പെട്ടിരുന്നു. പലരും രോഗം കാരണം മരണത്തിന് അധീനരായിരുന്നതിനാൽ പേടികൊണ്ട് ബന്ധുക്കൾപോലും ഇവരിൽനിന്നും അകന്നു മാറി യിരുന്നു. ഇത് പടർന്നു പിടിക്കുന്ന രോഗവുമാണല്ലോ. തന്മൂലം പരിചരണത്തിന് ആരേയും കിട്ടുക അത്ര എളുപ്പമല്ല. ഇപ്രകാരമു ള്ള ദീനബാധിതർക്ക് കൂദാശാപരികർമ്മം നൽകാൻ സാമാന്യ വൈദികരും മടിക്കാട്ടിയിരുന്നുപോലും. കുമ്പസാരമോ കുർബാ നയോ രോഗീലേപനമോ ഒന്നും കൂടാതെ, ഇവയുടെ ആശ്വാസ മൊന്നും ലഭിക്കാതെ, ആ രോഗികൾ മരണമടയുകയായിരുന്നു പതിവ്.

എന്നാൽ, ബ. യൗസേപ്പ് അന്തോനിയച്ചൻ ഇപ്രകാരമു ള്ള സാംക്രമിക രോഗികളുടെ മരണനേരത്ത് യാതൊരു ഭയവും

കൂടാതെ വീടുകളിൽപോയി അവരെ കുമ്പസാരിപ്പിച്ച് ദിവ്യകാരുണ്യം നൽകി, രോഗീലേപനവും നൽകി, ആശ്വസിപ്പിക്കുക പതിവായിരുന്നു. ഒരു പക്ഷേ, പഴയ ചികിത്സാമുറകൾ അറിയാമായിരുന്നതുകൊണ്ടായിരിക്കാം അദ്ദേഹം ഭയം കൂടാതെ ഈ രോഗികളെ സന്ദർശിച്ചിരുന്നത്. അദ്ദേഹം പലേ രോഗികളേയും ചികിത്സിക്കയും ചികിത്സാവിധി എഴുതിയ പുസ്തകം അടുത്തതലമുറയുടെ ഉപയോഗത്തിനായി കുടുംബത്തിൽ ഏൽപിക്കുകയും ചെയ്തു. നെല്ലിക്കുന്നത്തെ വീട്ടിൽ എല്ലാവരും മസൂരി ബാധിച്ച് മരണാസന്നരായപ്പോൾ അവിടെച്ചെന്ന് എല്ലാവരെയും ആശ്വസിപ്പിക്കുകയും കൂദാശകൾ പരികർമ്മംചെയ്യുകയും ചെയ്ത സംഭവത്തിന് നമ്പിയാപറമ്പിൽ കുഞ്ഞുമാണി ദൃക്സാക്ഷിയായിരുന്നു. ഇത് ഒരു ഉദാഹരണം മാത്രം. നാട്ടിൽ ഇപ്രകാരമുള്ള രോഗങ്ങൾ ഉണ്ടാവുന്നകാലത്ത് മഞ്ഞേരിലച്ചന് തിരക്കാണ്. മറ്റു ഏതു ജോലിയുണ്ടായാലും അതെല്ലാം മാറ്റിവെച്ച് ഈ പ്രേഷിതവൃത്തിയ്ക്ക് അദ്ദേഹം ഇറങ്ങിപ്പോകുമായിരുന്നു. ഇപ്രകാരമുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടണമെങ്കിൽ അടിസ്ഥാനപരമായി വ്യക്തിത്വത്തിന് ഒരു തന്റേടവും ഉറപ്പും ദൈവാശ്രയത്തിലുള്ള വിശ്വാസവും ഉണ്ടയേ പറ്റൂ. മനുഷ്യവ്യക്തിത്വത്തിന്റെ ഇഴനൂലുകളിൽ അതിപ്രധാനമായ രണ്ടു തറികളാണ് വിശ്വാസവും ധൈര്യവും. പേടിയില്ലായ്മയെന്ന നിഷേധാത്മകഭാവം മാത്രമല്ല, മറിച്ച് അനുലോമപരമായ ഒന്നത്രെ ധൈര്യം, എന്തും സംഭവിക്കട്ടെയെന്ന ധൈര്യം. അതിന്റെ അടിസ്ഥാനം ദൈവവിശ്വാസവും ദൈവത്തിന്റെ തിരുച്ചിത്തത്തിനുള്ള അർപ്പണവുമായിരുന്നു. ഒരു സന്ന്യാസ വൈദികവ്യക്തിത്വത്തിന്റെ മൂലക്കല്ലാണ് ദൈവവിശ്വാസത്തിൽ ഉറപ്പാർന്ന ഈ ധൈര്യം. ഇത് പരിശുദ്ധാത്മാവിന്റെ ഒരു ദാനവുമാണല്ലോ.

രോഗികളേയും മരണാസന്നരെയും പരിചരിച്ചിരുന്ന ഈ ദീനദയാലു സഹസൃഷ്ടികളോടെല്ലാം പരമാർത്ഥസ്നേഹമുള്ളവനായിരുന്നു, പ്രത്യേകിച്ച് സമുദായത്തിന്റെ താഴെക്കിടയിൽ അശരണരായും അനാഥരായും ജീവിച്ചിരുന്നവരുടെമേൽ അദ്ദേഹത്തിന് അതിയായ ഒരു വാത്സല്യമുണ്ടായിരുന്നു. പാരമ്പര്യമുള്ള ഒരു ആഢ്യകുടുംബത്തിൽ ജനിക്കുകയും ആഢ്യകുടുംബത്തിൽതന്നെ വളർത്തപ്പെടുകയും ചെയ്ത ഒരു സവർണ്ണൻ, ഭാരതത്തിന്റെ, കേര

ത്തിന്റെ, പാരമ്പര്യമനുസരിച്ച് അധമരോടും അധഃകൃതരോടും ഇടപ്പെടുക അന്ന് ചിന്തനീയമല്ലതന്നെ. വർണ്ണവർഗ്ഗങ്ങളുടെ ഇടുക്കാർന്ന ഇലുകകളിൽ മനുഷ്യത്വത്തെ ഒതുക്കി നിർത്തി, സമുദായത്തെകുറവു തിരിച്ചുകാണിച്ച്, മനുഷ്യനെ മനുഷ്യനിൽ നിന്നകറ്റി നിറുത്തിയിരുന്ന തീണ്ടലിന്റെയും തൊടീലിന്റെയും പാരമ്പര്യം നമ്പൂരി കുടുംബങ്ങളെയും അതുപോലുള്ള ആഢ്യകുടുംബങ്ങളെയും പിശാചുബാധപോലെ പിൻതുടർന്നിരുന്നു. ക്രിസ്തുവിന്റെ സഭയിൽ ആദർശതലത്തിൽ ഇപ്രകാരം ഒരു വ്യവച്ഛേദനമില്ലെങ്കിലും, ഭാരത ക്രൈസ്തവരുടെ ആഢ്യപാരമ്പര്യത്തിന്റെയും പ്രായോഗികബുദ്ധിയുടെയും ഫലമായി വ്യവച്ഛേദനം നിലനിന്നിരുന്നു. പുലയർ, പറയർ, കുറവർ എന്നീ അധഃകൃതരായ ഹരിജനങ്ങളെ അടുക്കളയിലോ അടച്ചുകെട്ടിലോ കയറ്റുകയോ അവർക്ക് നല്ല പാത്രങ്ങളിൽ ഭക്ഷണം നൽകുകയോ ഒന്നും ചെയ്യാതിരുന്ന കാലം! ഇക്കൂട്ടരിൽ നിന്നും ക്രിസ്തുമതം സ്വീകരിച്ചവരെപ്പോലും 'പുതുക്രിസ്ത്യാനി' 'മാർഗ്ഗവാസി' എന്നീ പുച്ഛനാമങ്ങളിലാണു സംബോധനചെയ്തിരുന്നത്.

ഈ പശ്ചാത്തലത്തിലാണ് ചാവറയച്ചൻ കർമ്മരംഗത്തു വരികയും പുലരെയും പറയരെയും മറ്റ് അധഃകൃതരേയും മാനസാന്തരപ്പെടുത്തുകയും അവർക്ക് പള്ളിക്കൂടങ്ങൾ സ്ഥാപിക്കുകയും അവരെ ആഢ്യരുടെ ഭാഷയായ സംസ്കൃതം പഠിപ്പിക്കുകയും ചെയ്തത്. ചാവറയച്ചന്റെ അനുയായികൾ ആ പിതാവിന്റെ ആദർശം ശിരസാവഹിച്ച് ഓരോ ആശ്രമങ്ങളോടും ചേർന്ന് ഹരിജനക്രൈസ്തവരെ വളർത്തിയെടുക്കുകയും അവരെ ഉന്നതങ്ങളായ ജീവിതമാനങ്ങളിലേയ്ക്കുയർത്തുവാൻ, വിദ്യാഭ്യാസം നൽകാൻ, അനുവദിക്കുകയും ചെയ്തു. പുലയരെയും പറയരെയും ക്രിസ്ത്യാനികളാക്കുകയെന്നതായിരുന്നു പ്രധാന ലക്ഷ്യം. എന്നാൽ ക്രൈസ്തവരായി കഴിഞ്ഞ് അവരെ നിരാശ്രയരായി വിട്ടുകളഞ്ഞില്ല. അവർക്കു ജോലികൊടുത്ത്, വിദ്യാഭ്യാസം നൽകി സമുദായത്തിന്റെ പൊതുധാരയിലേയ്ക്ക് അവരെ സന്നിവേശിപ്പിക്കുകയായിരുന്നു ചാവറയച്ചന്റെ ലക്ഷ്യം.

യൗസേപ്പ് അന്തോനിയച്ചനും ഈ പാത സ്വീകരിച്ചു. വാഴക്കുളത്ത് മുൻകാലങ്ങളിൽ പുലയരുടെ കുടിലുകൾ വളരെ ഉണ്ടാ

യിരുന്നു. വളരെയധികം ജോലിത്തിരക്കുകളിൽ വ്യാപൃതനായിരുന്ന അദ്ദേഹം അവരുടെ കുടിലുകൾ കയറി ഇറങ്ങാൻ തുടങ്ങി. അദ്ദേഹം അവരുടെ അനുഭാവം നേടിയെടുത്തു. ബ. അച്ചൻ അവരെ വേദപാഠം പഠിപ്പിക്കുകയും ചെയ്തുപോന്നു. ആശ്രമക്രമങ്ങൾക്കും നിയമങ്ങൾക്കും യാതൊരു ഭംഗവും വരുത്താതെ അവരുടെ ഭൗതികോന്നമനത്തിനുള്ള പലേകാര്യങ്ങളും അദ്ദേഹം ചെയ്തു. സമ്പന്നരുടെ കുടികിടപ്പുകാരായ അവരെ അവരുടെ ജന്മിമാർ ചൂഷണം ചെയ്യാതിരിക്കാൻ നിർദ്ദേശിച്ചു. മാത്രമല്ല, അവരിൽ നിന്നും സഹായങ്ങളും ഈ കുടിലുകളിൽ എത്തിച്ചു കൊടുത്തു. ഇന്ന് വാഴക്കുളം ഭാഗത്ത് അവശക്രൈസ്തവ മേൽവിലാസവും പേറി വളരെയൊന്നും ആളുകളില്ല. അനേകം വീട്ടുകാർ ഉദ്ധരിക്കപ്പെട്ട് സമൂഹത്തോടു അലിഞ്ഞു ചേർന്നു കഴിഞ്ഞിരിക്കുന്നു. ഉയർന്നമാനങ്ങൾ കണ്ടെത്തിയ ചിലരെങ്കിലും മറുനാട്ടിൽചെന്ന് 'നിലവാര'മുള്ളവരായി ജീവിക്കുന്നു. ബ. അന്തോനിയച്ചനും സഹസന്ന്യാസികളും തുടക്കമിട്ട പുരോഗമനശ്രമങ്ങൾ പിൽക്കാലത്ത് ഉദ്ദിഷ്ടലക്ഷ്യത്തിലെത്തിയെന്നത് നിഷേധിക്കാനാവാത്ത ഒരു വസ്തുതയാണ് വാഴക്കുളത്തെ സംബന്ധിച്ചിടത്തോളം. മറ്റ് ആശ്രമങ്ങളിൽ ഈ പ്രവർത്തനരംഗം വളരെ മന്ദീഭവിച്ചിട്ടുണ്ട്. യൗസേപ്പ് അന്തോനിയച്ചന്റെ കഴിവും മിഴിവുമുള്ള വ്യക്തികൾക്കേ ഇത്തരം ശുശ്രൂഷകൾ മെച്ചമായി നിർവ്വഹിക്കാൻ സാധിക്കൂ.

ബ. യൗസേപ്പ് അന്തോനിയച്ചൻ ദൈവമാതാവിന്റെ വലിയ ഒരു ഭക്തനായിരുന്നു. കർമ്മെലമാതാവിനോട് അദ്ദേഹത്തിന് ബാല്യാഭി ഉണ്ടായിരുന്ന കറകളഞ്ഞ സ്നേഹവും ഭക്തിയുമാണ് ആ അമ്മയുടെ നാമത്തിൽ ആരംഭിക്കപ്പെട്ട സന്ന്യാസസഭയിൽ അംഗമാകാൻ ഉൾപ്രേരണ നൽകിയത്. വാഴക്കുളത്തുനിന്ന് ആദ്യമായി കർമ്മെല സഭയിൽചേർന്ന യോഗാർത്ഥി അദ്ദേഹത്തിന്റെ ജ്യേഷ്ഠൻ കുഞ്ഞേപ്പായിരുന്നുവെന്ന കാര്യം അനുസ്മരിക്കുമല്ലോ. എന്നാൽ, അദ്ദേഹം വൈദികനായില്ല. ആ വലിയ വിടവു നികത്തിക്കൊണ്ട് വാഴക്കുളം പ്രദേശത്തെ ആദ്യ സി.എം.ഐ. വൈദികനായിത്തീർന്നത് യൗസേപ്പ് അന്തോനിയച്ചനായിരുന്നു. കർമ്മെലമാതാവിന്റെ പേരുപേറുന്ന വാഴക്കുളം ആശ്രമത്തിലാണ്

അദ്ദേഹം തന്റെ ജീവിതത്തിൽ കൂടുതൽ ഭാഗവും ചെലവഴിച്ചത്. കർമ്മെലമാതാവും ഉത്തരീയഭക്തിയും കർമ്മെലമാതാവിന്റെ തിരുനാളാഘോഷവും എല്ലാം അദ്ദേഹത്തെ ആനന്ദതുന്ദിലനാക്കി. ആ നല്ല അമ്മ തന്റെ മകനെ മരണംവരെ പരിപാലിക്കയും ചെയ്തു.

കത്തോലിക്കാസഭയിൽ അധികാരം ശുശ്രൂഷയാണ്. ഇതു ശരിയെങ്കിൽ സന്ന്യാസത്തിൽ ഇതെത്രയോ അർത്ഥ പൂർണ്ണമായിരിക്കണം. ലോകത്തിൽ അധികാരം ശക്തിയാണ്, കീഴ്പ്പെടുത്തലാണ്, അധീശത്വമാണ്. ക്രിസ്തുവിന്റെ പ്രത്യയശാസ്ത്രത്തിൽ അതു സ്നേഹമാണ്, ശുശ്രൂഷയാണ്, ദാസഭാവമാണ്, അധികാരത്തെ ഒരു ദാനമായി മനസ്സിലാക്കിയാലേ, അഹങ്കാരത്തിന്റെയും അന്തസാരഹീനതയുടെയും പെരുമാറ്റങ്ങളിൽ നിന്നും മനഃസ്ഥിതികളിൽ നിന്നും മനുഷ്യൻ മാറിനില്ക്കുകയുള്ളൂ. ബ. യൗസേപ്പ് അന്തോനിയച്ചൻ അധികാരശുശ്രൂഷ ചാവറയച്ചനിൽ നിന്നും കാനാട്ടച്ചനിൽനിന്നുമാണ് അഭ്യസിച്ചത്. നേതൃത്വഗുണമുള്ള രണ്ടു വ്യക്തികളുടെ സഹവാസം അദ്ദേഹത്തെ നേതാവാകുവാൻ ഒരുക്കി. വാഴക്കുളം വികാരിയായിരുന്ന കാനാട്ടച്ചന്റെ അസിസ്റ്റന്റായി വാഴക്കുളത്ത് അദ്ദേഹം ജീവിച്ചു. അതിനിടയിൽ ദീർഘനാളത്തെ

സി.എം.ഐ. സഭയുടെ 1897 - ലെ പൊതു സംഘത്തിൽ ബ. യൗസേപ്പ് അന്തോനിയച്ചൻ ഒരംഗമായിരുന്നു.

വാഴക്കുളം ജീവിതം യുവസന്ന്യാസികളുടെ റെക്ടറായി അദ്ദേഹത്തെ ഉയർത്തി. അദ്ദേഹം തേവരയിൽ ദീർഘനാൾ അധികാരിയായി സേവനമനുഷ്ഠിച്ചു. അതുപോലെതന്നെ കൂനമ്മാവ് ആശ്രമത്തിലും മൂന്നുവർഷം ഭരണാധിപനായിരുന്നു. അദ്ദേഹം ചിട്ടയുള്ളവനും, കർക്കശനും, ക്ഷിപ്രകോപിയും ഒക്കെയാണെങ്കിലും ആത്മാർത്ഥ സ്നേഹത്തിന്റെ വിളനിലമായിരുന്നു. തന്റെ കീഴിലുള്ള ഓരോ വ്യക്തികളുടെയും ആശയാഗ്രഹങ്ങൾ നിർവ്വഹിച്ചുകൊടുക്കാനും സമൂഹത്തിന്റെ അഭിവൃദ്ധിമാത്രം മുന്നിൽ കാണാനുള്ള ഒരു ആദർശശുദ്ധി അദ്ദേഹത്തിനു കൈമുതലായിരുന്നു. 1885 മുതൽ, സി.എം.ഐ. സഭയുടെ ഉന്നതാധികാര സംഘമായ പൊതുസംഘങ്ങളിൽ, തുടരെ അനേകപ്രാവശ്യം അംഗമായി തെരഞ്ഞെടുക്കപ്പെടുകയും സഭയുടെ നയപരിപാടികൾ ക്രോഡീകരിക്കപ്പെടുന്ന എല്ലാ രംഗങ്ങളിലും ഭാഗഭാക്കാകുകയും ചെയ്തു.(42)

അധികാരത്തിന്റെ അലത്തലപ്പുകളിൽ സഭയുടെ അംഗീകാരത്തിന്റെ ഉന്നിദ്രപ്രതലങ്ങളിൽ വ്യാപരിച്ചിരുന്നപ്പോഴും അദ്ദേഹം വിനയാന്വിതനായിരുന്നു. അദ്ദേഹത്തിന്റെ വിനയത്തെ പരാമർശിച്ച് 'കർമ്മെലയിലെ സൗഗന്ധികൾ' എന്ന ഗ്രന്ഥത്തിന്റെ കർത്താവ് ഇപ്രകാരം പറയുന്നു. "അധികാരസ്ഥാനങ്ങളിൽ പരിലസിച്ചിരുന്ന കാലത്തുപോലും തന്റെ സ്വകീയമായ വിനയത്തെ വളർത്തിയെടുക്കുവാൻ അദ്ദേഹം ശ്രമിച്ചിരുന്നു. വിനയം സന്ന്യാസിക്കു ഭൂഷണമാണെന്ന് അദ്ദേഹം കരുതിയിരുന്നു. അഹങ്കാരികളെ താഴ്ത്തുകയും വിനയാന്വിതരെ ഉയർത്തുകയും ചെയ്യുന്ന യഹോവയുടെ കരങ്ങളാൽ ജീവിതത്തിന്റെ പല പ്രതലങ്ങളിലും ഉയർത്തപ്പെട്ട അദ്ദേഹം തന്റെ വിനയത്തിനുള്ള സമ്മാനം ഇഹത്തിൽവച്ചുതന്നെ നേടിയെടുത്തു. വിനയം അദ്ദേഹത്തെ പരമാർത്ഥ സ്നേഹമുള്ള ഒരു സന്ന്യാസിയാക്കിതീർത്തു. സഭയോടും സഭാംഗങ്ങളോടും അദ്ദേഹം കാട്ടിയ സ്നേഹം യഥാർത്ഥവിനയത്തിന്റെ ആഴത്തിൽ വേരിറങ്ങി വളർന്നുവന്നതാണ്. ആ വളർച്ച വിനയാന്വിതസേവനത്തിന്റെ അരുണാഭനിറഞ്ഞ ഫലങ്ങളെ ഉൽപ്പാദിപ്പിക്കയും ചെയ്തു."(43)

(42). Cfr. പൊതുസംഘനിയമങ്ങൾ

(43). ജെ. ചിറയിൽ - കർമ്മെലയിലെ സൗഗന്ധികങ്ങൾ p. 188

സഭാനേതൃത്വ രംഗത്ത് - പ്രിയോർ ജനറാൾ കട്ടക്കയത്തിൽ വലിയ ചാണ്ടിയച്ചനോടൊത്ത്.

വ്യക്തിത്വത്തിന്റെ ആഴത്തിൽ വേരുറച്ച ഈ വിനയമായിരിക്കാം കുനമ്മാവു വികാരിയായി പൊതുസംഘം അദ്ദേഹത്തെ തെരഞ്ഞെടുത്തപ്പോൾ, ആ ഭാരത്തിൽനിന്നു തന്നെ വിമുക്തമാക്കണമെന്ന് പൊതുസംഘത്തിന് അദ്ദേഹം അപേക്ഷ സമർപ്പിച്ചത്. അദ്ദേഹം ഒരിക്കലും ഒരു ആഡംബര പ്രിയനായിരുന്നില്ല. നടപ്പിലും ഉടുപ്പിലും എല്ലാം ആ വിനയം പ്രത്യക്ഷപ്പെട്ടിരുന്നു. വിശ്രമത്തിനായി വാഴക്കുളത്തു വല്യച്ചൻ താമസിക്കുന്ന കാലത്ത് കണ്ണു പിടിക്കയില്ലെങ്കിൽപോലും കീറിയ തന്റെ വസ്ത്രങ്ങൾ സ്വയം തുന്നുന്നതു കാണാമായിരുന്നു. 'വല്ലസഹോദരൻമാരെക്കൊണ്ടും ഇതു ചെയ്യിച്ചുകൂടെ'യെന്നു ബ. ഗ്രിഗറിയച്ചൻ ചോദിച്ചപ്പോൾ 'അവർക്ക് വേറെ എന്തെല്ലാം ജോലിയുണ്ട്' എന്നു പറഞ്ഞു കുനിഞ്ഞിരുന്നു വീണ്ടും തൈപ്പു തുടങ്ങി. ഒരു കാര്യത്തിലും മറ്റുള്ളവരെ ഒട്ടും വിഷമിപ്പിക്കരുതെന്നുള്ള വിനയാന്വിതന്റെ മനസ്ഥിതിയാണ് ഇവിടെ വ്യക്തമാകുക.

ശത്രുസ്നേഹത്തിൽ ക്രിസ്തു നാഥന്റെ പാദാരവൃന്ദങ്ങളെ അനുധാവനം ചെയ്യുവാൻ അദ്ദേഹം ശ്രമിച്ചിരുന്നു. ക്ഷിപ്രകോ

പിയും ക്ഷിപ്രപ്രസാദിയുമായിരുന്നു മഞ്ഞേരിലച്ചൻ. ആരോടും അദ്ദേഹം വൈരാഗ്യം മനസ്സിൽ വച്ചിരുന്നില്ല. പ്രായമായിരുന്ന കാലത്തും, വാഴക്കുളത്ത് വിശ്രമിക്കുന്ന കാലത്തും, തന്റെ ബല ഹീനമായ കോപം വരുമ്പോൾ കുത്തി നടക്കുന്ന ചൂരൽ വടി ആഞ്ഞു നിലത്തുകുത്തി വളയ്ക്കുന്നതു കാണാമായിരുന്നു. തനി ക്കെതിരായി തേവരെ കള്ളക്കത്തെഴുതുകയും, തെറ്റിദ്ധാരണ പറഞ്ഞു പരത്തുകയും, കൊവേന്തക്കാരെ നാടുകടത്തുമെന്ന് വീമ്പിളക്കുകയും, പള്ളിയുടെയും സ്ക്കൂളിന്റെയും കാര്യത്തിൽ എപ്പോഴും ശല്യമുണ്ടാക്കുകയും ചെയ്തിരുന്ന വെണ്ടുരുത്തിക്കാ രായ ചിലരോടും പ്രത്യേകിച്ച് ചോറിയോടും കുടുംബത്തോടും വളരെ സ്നേഹമായിട്ടാണ് അദ്ദേഹം പെരുമാറിയിരുന്നത്.

എല്ലാ കാര്യങ്ങളിലും സഭാധികാരികളെ അനുസരിക്കു കയും അവർക്കു കീഴ്വഴങ്ങുകയും അവരുടെ അനുവാദത്തോടു കൂടിമാത്രം പ്രവർത്തിയ്ക്കുകയും ചെയ്ത ഒരു സന്ന്യാസിയായി രുന്നു യൗസേപ്പ് അന്തോനിയച്ചൻ. തന്റെ ചിന്താസന്താനവും, തനിക്ക് ഏറ്റവും പ്രിയങ്കരവും, ചെയ്യണമെന്ന് ആഗ്രഹമുള്ളതും, ആയ കാര്യങ്ങൾപോലും നേരായ മാർഗ്ഗങ്ങളിലൂടെ മാത്രം, അതും അധികാരികളെ അറിയിച്ച് അനുവാദം വാങ്ങിമാത്രം ചെയ്യുക അദ്ദേ ഹത്തെ സംബന്ധിച്ച് വളരെ എളുപ്പമായിരുന്നു. കാരണം താൻ ചെയ്തിരുന്നതെല്ലാം ദൈവതിരുമനസ്സായിരിക്കണമെന്ന് അദ്ദേ ഹത്തിന് നിർബന്ധമുണ്ടായിരുന്നു. അധികാരികളുടെ അനുവാദം ദൈവതിരുമനസ്സറിയാനുള്ള ഒരു പ്രായോഗിക മാർഗ്ഗമാണല്ലോ സന്ന്യാസത്തിൽ. സ്വാർത്ഥതയേയും സ്വന്തതാല്പര്യത്തേയും ദൈവതിരുമനസ്സിന്റെ ലേബലൊട്ടിച്ചു കാണിക്കാൻ വേണ്ടി അധി കാരികളെ 'ഹേമിച്ച്' തങ്ങൾ ചെയ്തതിനൊക്കെ അനുവാദം വാങ്ങുന്ന പ്രായോഗിക ബുദ്ധികളായ ചില ആധുനിക സന്ന്യാ സികളിൽ നിന്നും അദ്ദേഹം തീർത്തും വിഭിന്നനായിരുന്നു. മര ണത്തോളം, അതും കുരിശുമരണത്തോളം, പിതാവിന്റെ തിരുമന സ്സിനു സമ്പൂർണ്ണമായി കീഴ്വഴങ്ങി 'എല്ലാം പൂർത്തിയാക്കിയ' നല്ല ഗുരുനാഥൻ തന്നെയായിരുന്നു അദ്ദേഹത്തിന്റെ മാർഗ്ഗദീ പം. അനുസരണം ബലിയേക്കാൾ ദൈവത്തിന് പ്രിയങ്കരമാണെന്ന് അദ്ദേഹം തന്റെ സഭാപിതാവായ ചാവറയച്ചനിൽ നിന്നും നന്നായി പഠിച്ചിരുന്നു.

അനുദിനവൃത്താന്തങ്ങൾ ഭാവിതലമുറയുടെ ഉപയോഗത്തിനുവേണ്ടി വിമർശനബുദ്ധ്യാ തെരഞ്ഞെടുത്ത് എഴുതുമ്പോൾ അതിന് ചരിത്ര തിളക്കമുണ്ടാകുന്നു. ഓരോ ദിവസവും സംഭവിക്കുന്നവ സത്യസന്ധമായി കുറിച്ചിട്ട് അവയ്ക്ക് തനിക്കു ബോധ്യമായ കമന്റും കൂടി എഴുതി വളരെ മനോഹരമാക്കി നാളാഗമമെന്ന ഓമനപ്പേരിൽ അദ്ദേഹം ജീവിച്ചിരുന്ന കാലഘട്ടത്തിന്റെ ചരിത്രം കുറിച്ചുവയ്ക്കാൻ യൗസേപ്പ് അന്തോനിയച്ചൻ നിയമിതനായി. സി. എം.ഐ സഭയുടെ ആരംഭപിതാക്കന്മാരിൽ നിന്ന് ലഭിച്ചതും ഇന്നും പലയിടങ്ങളിലും തുടർന്നുപോരുന്നതുമായ ഈ നാളാഗമം വിരചിക്കൽ മഞ്ഞേരിലച്ചൻ ഒരു തപസ്യയായി സ്വീകരിച്ചു. വാഴക്കുളം, തേവര എന്നീ ആശ്രമങ്ങളുടെ നാളാഗമങ്ങൾ സശ്രദ്ധം വളരെ മനോഹരമായ കൈപ്പടയിൽ സത്യസന്ധമായി അദ്ദേഹം എഴുതി സൂക്ഷിച്ചിട്ടുണ്ട്. മാന്നാനം, എൽത്തുരുത്ത്, കൂനമ്മാവ് എന്നീ ആശ്രമങ്ങളിൽ നടന്നിട്ടുള്ള കാര്യങ്ങളും മുൻപറഞ്ഞ വാഴക്കുളം തേവര നാളാഗമങ്ങളിൽ നിന്നും നമുക്ക് ലഭിക്കും. ഇത് ആശ്രമത്തിൽ നടന്ന സംഭവങ്ങളുടെ പട്ടികയല്ല; മറിച്ച്, ആ കാലഘട്ടത്തിന്റെ തുറന്ന ചരിത്രമാണ്. സഭാസംബന്ധിയും സിവിൽസംബന്ധിയുമായ പലേ വിവരണങ്ങളും ഇതിൽ തനിമയോടെ നൽകിയിട്ടുണ്ട്. ഈ രേഖകളിൽ യാതൊരു അസത്യവും കലർത്തിയിട്ടില്ലെന്ന് അദ്ദേഹംതന്നെ പലപ്പോഴും എഴുതിചേർത്തിരുന്നു. തേവര നാളാഗമത്തിൽ അദ്ദേഹം എഴുതുന്നു. "തിരുഹൃദയപ്പള്ളി സ്ഥാപിക്കപ്പെട്ട നാൾ തുടങ്ങി ഇന്നുവരെ എഴുതിയിരിക്കുന്ന നാളാഗമചരിത്രങ്ങൾ ഒക്കെയും കണ്ടും കേട്ടും നടന്നും നടത്തിയും തുടക്കം മുതൽ ടി നാൾവരെ ഇതിന്റെ ഒരു നടത്തുകാരന്റെ സ്ഥാനത്തിൽ കൂടെയും വിചാരിപ്പാൻ ന്യായമുള്ള ആൾ ആയ മുൻ വികാരി കുര്യാക്കോസ് എന്നു സാധാരണ പറഞ്ഞു വരുന്ന അന്തോനിയച്ചനായ ഞാൻ തന്നെ എഴുതിയിരിക്കുന്നതിനാൽ ടി നാളാഗമത്തിന് യാതൊരു ന്യൂനതയും ഇല്ലെന്ന് ഏവരും അറിഞ്ഞുകൊള്ളണം."(44)

ഇതുപോലെതന്നെ കാർമ്മൽ നാളാഗമത്തിൽ സ്മര്യപുരുഷൻ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. "കൊവേന്തയുടെ

(44). Cfr. തേവര നാളാഗമം

സ്ഥാപനത്തുമ്മെൽ സംക്ഷേപമായിട്ടെഴുതുന്നാൾ ഈ സംഗതികൾ കണ്ണാൽ കണ്ടു, ചെവിയാൽ കേട്ടു, കയ്യിൽ തൊട്ടു എന്നാൾ തന്നെ എന്നതിനാൽ ഈ സംഗതികൾക്ക് ഒരല്പംപോലും വ്യത്യാസം വന്നു പോകുവാൻ.....പാടുള്ളതല്ല. വായിക്കുന്നവരു വിശ്വസിപ്പാൻ ന്യായമാകുന്നു.(45)

എത്ര സത്യസന്ധതയോടെയാണ് ഈ നാളാഗമത്തിലെ ഓരോ കാര്യവും എഴുതിയിരിക്കുന്നതെന്നും ഇതിന്റെ വാസ്തവികതയെ യാതൊരു കാരണവശാലും സംശയിക്കേണ്ടതില്ലെന്നും അദ്ദേഹം നമുക്ക് ഉറപ്പു തരുന്നു. ഒരു നല്ല ചരിത്രകാരന്റെ സത്യസന്ധത ഇവിടെ വിളങ്ങി പ്രകാശിക്കുന്നു.

ഈ നാളാഗമങ്ങളുടെ സത്യസന്ധതയെ ചോദ്യം ചെയ്യാനാവാത്തവിധം അദ്ദേഹം എല്ലാ സംഗതികളും പരമാർത്ഥമായി എഴുതിയിരുന്നു. അദ്ദേഹത്തെക്കുറിച്ചും വാഴക്കുളം ആശ്രമത്തെക്കുറിച്ചും അവിടെ ജീവിക്കുന്ന തന്റെ സഹോദരങ്ങളെക്കുറിച്ചും അസഭ്യവും പുലഭ്യവും പറഞ്ഞുകൊണ്ട് പള്ളിമുറ്റത്ത് ആരോ ഒരാൾ ഒരു ഊമക്കത്തു കെട്ടിത്തൂക്കുകയുണ്ടായി. ആശ്രമവും ഇടവകക്കാരും തമ്മിൽ വാഴക്കുളം പള്ളിയേക്കുറിച്ചുള്ള തർക്കത്തിന്റെ പശ്ചാത്തലത്തിലാണ് ഇതു നാം മനസ്സിലാക്കേണ്ടത്. തന്റെ സത്പേരിനെ ബാധിക്കുന്ന, ആശ്രമത്തിനു കളങ്കം സൃഷ്ടിക്കുന്ന, സന്ന്യാസിമാർക്ക് അനിഷ്ഠം വരുത്തുന്ന ഈ ഊമക്കത്തുപോലും, അതിന്റെ പൂർണ്ണതയിൽ വാഴക്കുളം നാളാഗമത്തിൽ അദ്ദേഹം എഴുതിചേർത്തിട്ടുണ്ട്.(46)

അദ്ദേഹം ഒരു വസ്തുത കുറിക്കുമ്പോൾ അത് വ്യർഥാ കുറിക്കുകയില്ല. വ്യക്തമായ അഭിപ്രായ വ്യത്യാസങ്ങൾ, പൊരുത്തക്കേടുകൾ വ്യാഖ്യാനങ്ങൾ എന്നിവയും അതോടുകൂടി ചേർക്കാറുണ്ട്. ഇപ്രകാരമുള്ള വീക്ഷണങ്ങൾ ചരിത്ര സംഭവത്തിന്റെ എല്ലാ വശങ്ങളിലേയ്ക്കും അതിന്റെ ആഴത്തിലേയ്ക്കും അനുവാചകരെ നയിക്കുകയും, ഓരോന്നിലേക്കും കൂടുതൽ വെളിച്ചം വീശി സംഗതികളെ കൂടുതൽ മനസ്സിലാക്കാൻ സഹായിക്കയും ചെയ്യുന്നു.

(45). കാർമ്മെൽ നാളാഗമം Vol. 1. p. 17
(46). കാ. നാ. Vol. I. p. 156

ചരിത്രകാരനും സ്വന്തഅഭിപ്രായമുണ്ടാകാം. പക്ഷേ, ചരിത്രത്തെയും സ്വന്തമായ അഭിപ്രായത്തെയും വ്യവച്ഛേദിച്ചു നിർത്തുന്നതിലാണ് ചരിത്രത്തിന്റെ വിശ്വാസ്യത തെളിഞ്ഞു മിന്നുന്നത്. ഏതാനും ചില ഉദാഹരണങ്ങൾ ഇവിടെ കുറിക്കാം. തേവര കൊവേന്തയുടെ സ്ഥാപനവും അതിന്റെ പേരിലുണ്ടായ ലത്തീൻ സുറിയാനി ശീതസമരവും വിവരിക്കുമ്പോൾ അദ്ദേഹം ഒരു മനഃശാസ്ത്രജ്ഞന്റെ പ്രാവീണ്യത്തോടെ മാനവചെയ്തികളെ വിലയിരുത്തുന്നു. ഒന്നാമത്തെ വികാരിയായി നിയമിതനായ അദ്ദേഹം വന്ന് നിയമന പത്രം വായിച്ചു. തുടർന്ന് ഇപ്രകാരം എഴുതുന്നു. "അപ്പോൾ കൂടിയിരുന്ന മാന്യന്മാരായ കോന്തുരുത്തി ഇടവകക്കാർ ചിലർ അച്ചന്മാർക്ക് മംഗളം പറഞ്ഞു പിരിയുകയും ചെയ്തു..... എന്നാൽ മേല്പടി സ്ഥാപനവും മറ്റും കുട്ടൻ പറമ്പുകാർക്കും അവരിൽ പ്രത്യേകിച്ച് പടിഞ്ഞാറെ മോതിരപ്പിള്ളി ചോറിയെന്നവനും അത്ര തൃപ്തിയായില്ല..... ഈ പള്ളി സുറിയാനി ആയി തീർന്നതും കൊവേന്ത സ്ഥാപിച്ചതും അവർക്ക് സന്തോഷകാര്യമല്ലായിരുന്നു. പുറമേയൊക്കെ സന്തോഷഭാഷയിൽ നടന്നിരുന്നു...."(47)

അന്നത്തെ ദലഗാദ് അപ്പസ്തോലിയ്ക്കായെക്കുറിച്ച് അദ്ദേഹം എഴുതുന്നു. "ആ വർഷംവരെ റോമായ്ക്കു പോകുന്നതുവരെ ബ. പ്രിയോർ ജനറാളായിരുന്നാലും സഭക്ക് ഒരു ഉപകാരവും വന്നിട്ടില്ല എന്നു മാത്രമല്ല നാട്ടുകാർ പാദ്രിമാരെ കുറയ്ക്കുന്ന ശീമക്കാരെ വളരെ ആളുകളെ വരുത്തുന്നതിനും ഇസ്പാന്യാക്കാർ ഒന്നാം സഭക്കാരെയും വരുത്തിപ്പിക്കുകയും ഇസ്പാന്യാക്കാർ മിസം മുഴുവൻ ആകുകയും ചെയ്തു."(48)

സത്യം പറയുമ്പോൾ മുഖം നോട്ടമില്ല. തന്റെ അധികാരിയാണെങ്കിലും അയാൾ 'രാഷ്ട്രീയം' കളിച്ചാൽ അതു തുറന്നു പറയും. മുഖത്തടിച്ചുപറയുന്ന ആ രീതി അന്നത്തെ ലത്തീൻ - സുറിയാനി കുടിപ്പോരിന്റെ വികൃതമുഖം തുറന്നു കാട്ടുന്നു. അദ്ദേഹം വീണ്ടും എഴുതുന്നു. "ടി കാലങ്ങളിൽ സുറിയാനി പള്ളികളുടെ അടുക്കലും ഇടയിലും പുതുക്രിസ്ത്യാനികൾക്ക് ഉള്ള

(47). തേ. നാ. p. 65

(48). Cfr. തേവര നാളാഗമം.

തെന്നുപറഞ്ഞ് പള്ളികൾ വളരെ വച്ചു കെട്ടിച്ചു നടത്തിയിരുന്നു. ഉന്നത ദലഗാദ് അപ്പസ്തോലിക്കാ പോയശേഷവും ഇവിടെ പെരുമാന്നൂർ, തൈക്കൂട്ടം, മൂത്തേടം, മറ്റു പല പള്ളികളുടേയും വികാരിമാരെ മാറ്റിയെങ്കിലും ടി വഴക്കുകൾ ഒക്കെയും ഉണ്ടാക്കിയ വെണ്ടുരുത്തി വികാരി ജോക്കിൻ പാദ്രിയെ മാറ്റീട്ടില്ല. എന്നുമാത്രമല്ല, ഇതിനെപ്പറ്റി അപേക്ഷിക്കയും ചെയ്തിട്ടും മാറ്റീട്ടില്ല. ഇതും ഓർക്കുമ്പോൾ എന്താണെന്നറിവാൻ പാടുള്ള കാര്യമാകുന്നു."(49) ഇതിൽ നിന്നെല്ലാം ചരിത്രത്തിന്റെ എഴുതപ്പെടാത്ത പുറങ്ങളിലേയ്ക്കും, ഒളിച്ചുവയ്ക്കാൻ ചിലരെങ്കിലും കിണഞ്ഞു പരിശ്രമിക്കുന്ന ചില പ്രശ്നങ്ങളിലേയ്ക്കും എഴുത്തുകാരൻ വെളിച്ചം വീശുന്നു എന്നു മനസ്സിലാകും. ഇത് ചരിത്രപഠിതാക്കൾക്ക് വളരെ ഉപകാരപ്രദവുമാണ്. യൗസേപ്പ് അന്തോനിയച്ചന്റെ ചരിത്ര വൈഭവവും അത് വരും തലമുറകൾക്ക് വ്യക്തമായി മനസ്സിലാക്കി കൊടുക്കുന്നതിലുള്ള രചനാപടുത്വവുമാണ് ഇവിടെ വിളങ്ങി നിൽക്കുക. വ്യക്തമായി വസ്തുതകൾ മുഖം നോക്കാതെ എഴുതിപ്പിടിപ്പിക്കുന്നതിൽ അദ്ദേഹം കാട്ടിയ ആത്മധൈര്യവും സത്യസന്ധതയും ഇവിടെ എടുത്തു പറയേണ്ട സ്വഭാവവിശേഷങ്ങളാണ്.

(49). തേ. നാ. p.76

വാഴ്ത്തപ്പെട്ട ചാവറപിതാവ്

അദ്ധ്യായം 6

ചാവറയച്ചന്റെ ഭൗതികാവശിഷ്ടങ്ങൾ മാന്നാനത്തേക്ക്

യൗസേപ്പന്തോനിയച്ചന്റെ നാളാഗമ വിവരണങ്ങളേക്കുറിച്ചു പ്രതിപാതിക്കുമ്പോൾ ചരിത്രപ്രാധാന്യമേറുന്ന ഒരു രേഖ അദ്ദേഹം എഴുതിയ നാളാഗമങ്ങളിൽ ഒളിഞ്ഞുകിടക്കുന്നതായി കാണാം. അതുമറ്റൊന്നുമല്ല വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ മരണാനന്തര സംഭവങ്ങളെക്കുറിച്ചുള്ളതാണ്. ധീരോദാത്തവും സത്യസന്ധവും ഇന്നലെകളുടെ ചരിത്ര സംഭവത്തെ വെളിച്ചത്തുകൊണ്ടുവരുന്നതുമായ ഈ നാളാഗമരചന ഇന്ന് വളരെ വിലപ്പെട്ട കാര്യങ്ങൾ സംഭാവന ചെയ്യുന്നു. ചാവറയച്ചന്റെ തിരുശേഷിപ്പ് കൂനമ്മാവിൽ നിന്നും മാന്നാനത്തുകൊണ്ടുവന്ന സംഭവം ഇവിടെ പ്രത്യേകം പരാമർശ്യമാണ്. അടുത്തകാലത്ത് ചാവറയച്ചനെ വിശുദ്ധനെന്നു നാമകരണംചെയ്യുന്നതിനുള്ള നടപടിയുടെ ഭാഗമായി, മാന്നാനത്തു വി.യൗസേപ്പുപിതാവിന്റെ നാമത്തിലുള്ള ദേവാലയത്തിന്റെ പ്രധാന അൾത്താരയ്ക്കു താഴെയുള്ള കല്ലറയിൽ, ചാവ

റയച്ചന്റെ തിരുശേഷിപ്പ് ഉണ്ടെന്ന്, പഠനത്തിന്റെയും അന്വേഷണങ്ങളുടെയും വെളിച്ചത്തിൽ, കത്തോലിക്കാസഭ ഔദ്യോഗികമായി പ്രഖ്യാപിച്ചിട്ടുണ്ട്. ആഗോള സഭയുടെ ഔദ്യോഗികപ്രഖ്യാപനത്തെ കാറ്റിൽ പറത്തുന്നത് സഭാതനയർക്കു ഭൂഷണമാണോ? ഇതറിഞ്ഞിട്ടോ അതോ അറിഞ്ഞിട്ടും അറിയാത്തഭാവം നടിച്ചിട്ടോ, പാവപ്പെട്ട ഭക്തജനങ്ങളെ വഴിതെറ്റിക്കാൻ ഏതാനും തല്പരകക്ഷികൾ, ചില കോണുകളിൽ നിന്നും തെറ്റായ പ്രചാരണം നടത്തുകയും സ്വാർത്ഥതാല്പര്യങ്ങളുടെ സംരക്ഷാർത്ഥം സത്യത്തെ വളച്ചൊടിക്കയും കാറ്റത്ത് പറത്തുകയും ചെയ്യുന്നുണ്ട്. ഒരു പ്രത്യേക സമുദായത്തിന്റെ പ്രസ്റ്റീജിന് ഇതാവശ്യമായിരിക്കാം. ചരിത്രം തിരുത്തിക്കുറിക്കാനുള്ള വെമ്പലിൽ ചിലവാറോലകൾ എഴുതികൂട്ടി ചരിത്രത്തിന്റെ ഭാഗമാക്കാൻ അവർക്ക് ഇത് വേണ്ടിയിരിക്കാം. ഇതിനോടുകൂടി മറ്റു ചിലരും വിരോധത്തിന്റെ പേരിലോ അനീതി സഹിച്ചതിന്റെ പേരിലോ, അസൂയയുടെ പേരിലോ ഒക്കെ അരു നിന്നും കാണാറുണ്ട്. അമ്മയെ തല്ലിയാലും രണ്ടഭിപ്രായം എന്ന ചൊല്ലുമാത്രം മതി ഇതു വ്യാഖ്യാനിക്കാൻ.



അവസാനത്തെ ഏഴുവർഷം ചാവറയച്ചൻ താമസിച്ചിരുന്ന കൂനമ്മാവിലെ സെന്റ് ഫിലോമിനാസ് ആശ്രമമുറി

ചാവറയച്ചന്റെ മരണം കൂനമ്മാവാശ്രമത്തിൽ വച്ചായിരുന്നു സംഭവിച്ചത്. അദ്ദേഹത്തെ സംസ്ക്കരിച്ചത് ആശ്രമ ദേവാലയത്തിലും. ഇതിനെക്കുറിച്ച് ആർക്കും സംശയമില്ല. പിന്നീട് 1889 -ൽ ചാവറയച്ചന്റെ ഭൗതികാവശിഷ്ടങ്ങൾ മാന്നാനത്തിനു മാറ്റി ആഘോഷമായി സ്ഥാപിച്ചു. ഇതിനേക്കുറിച്ചാണ് വ്യാജപ്രചരണങ്ങൾ ഇന്ന് ചില കോണുകളിൽ നിന്ന് ബോധപൂർവ്വം വന്നുകൊണ്ടിരിക്കുന്നത്. അന്നത്തെ ബഹളത്തിനിടയിൽ ചാവറയച്ചന്റെ ഭൗതികാവശിഷ്ടം കൊണ്ടുപോയിട്ടില്ലെന്നും, അല്ല, മറ്റാരുടേയോ കുഴിമാടം തുറന്ന് അയാളുടെ അസ്ഥിയാണു കൊണ്ടുപോന്നതെന്നും ചാവറയച്ചന്റെ ഭൗതികാവശിഷ്ടങ്ങൾ ഇന്നും കൂനമ്മാവ് സെന്റ് ഫിലോമിനാപള്ളിയിലുണ്ടെന്നുമൊക്കെയാണ് തല്പരകക്ഷികളുടെ പ്രചരണം.

എന്തുകൊണ്ടാണ് ആദ്യാപി തിരുശേഷിപ്പുമാറ്റത്തെ സംബന്ധിച്ച് ജനങ്ങൾ ബഹളമുണ്ടാക്കിയത്! ഇത് പഠനാർഹമായ ഒരു വസ്തുതയാണ്. ഇതെ സംബന്ധിച്ച് രേഖകളിൽ ഇപ്രകാരം കാണുന്നു. "".....കാര്യം എന്തെന്നു മുഴുവനും മനസ്സിലാക്കാതെ കലഹങ്ങൾ തുടങ്ങി. അവരിൽ ചിലർ പ്രിയോരച്ചന്റെ കുഴിമാടം തുറക്കുന്നത്, അതിൽ ഒരു ഈയത്തകിടിൽ ഏതാനും വാചകങ്ങൾ എഴുതി ഭൂമിദാനംചെയ്തപ്പോൾ കുടെവച്ചിട്ടുണ്ടായിരുന്നുവെന്നും, അതെടുക്കാൻവേണ്ടിയാണെന്നും, എടുത്താൽ പള്ളിയും കൊവേന്തയും സുറിയാനിക്കാരുടെവകയാക്കാൻ തക്ക ലക്ഷ്യം കിട്ടുമെന്നും പറഞ്ഞു കലഹങ്ങളും ശല്യങ്ങളും ചെയ്തിരുന്നു. മറ്റുചിലർ മറ്റോരോന്ന് ഊഹിച്ചുകൊണ്ടു – പള്ളിയുടെയും കൊവേന്തയുടെയും വാതിലുകൾ ഒക്കെയും ഇടിച്ചുപൊളിപ്പാൻ തക്കവണ്ണം കലഹങ്ങൾ മുഴുത്തു."(50)

ഈ കുപ്രചരണത്തെ ഖണ്ഡിക്കുവാൻ ഗവേഷകർക്കും പഠിതാക്കൾക്കും നിഷ്പ്രയാസം സാധിക്കുന്നത് അന്നത്തെ നാളാഗമങ്ങളും ഡയറിക്കുറിപ്പുകളുംവഴിയത്രേ. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത് വളരെ മുൻനോട്ടത്തോടുകൂടി, ദൃക്സാക്ഷിയായിരുന്ന യൗസേപ്പ് അന്തോനിയച്ചനും മറ്റുചിലരും എഴുതിയ നാളാഗമ ഭാഗങ്ങളാണ്. അദ്ദേഹത്തിന്റെ ദൃക്സാക്ഷിവിവരണം താഴെ ചേർക്കു

(50). സഭയുടെ നാളാഗമം, p.43

ന്നു. "ഈ ആണ്ട് മുൻ പറഞ്ഞിരിക്കുന്ന കുര്യാക്കോസ് ഏല്യാ എന്ന ഒന്നാമത്തെ പൊതു പ്രിയോർ ചാവറയച്ചന്റെ തലയോടും അസ്ഥികളും കൂനമ്മാവിൽനിന്ന് ഈ മേടത്തിൽ മാന്നാനത്തു കൊണ്ടുവന്നു. ഒരിക്കോൽ നീളമുള്ള ചെമ്പുപെട്ടിയിൽവച്ച് സൂക്ഷ്മമായി മുദ്രയുംവച്ച് വിവരത്തിനുള്ള എഴുത്തുകളും അതിൽ അടക്കംചെയ്ത് ഈ കൊവേന്തയുടെ പള്ളിയിൽ വല്ല്യഅൾത്താരയ്ക്കു താഴെ സങ്കീർത്തിമുറിയുടെ വാതുക്കൽ ആഘോഷമായിട്ട് അടക്കംചെയ്യുകയും ചെയ്തു. അടക്കിപ്പുദിവസത്തിൽ ക്ഷണിപ്പിൻപ്രകാരം പല പട്ടക്കാരും വളരെ ജനങ്ങളും കൂടിയിരുന്നു. ഈ ദിവസത്തിൽ കാലത്തെ ഈ പെട്ടി വല്യസാളയിൽ ആസ്ഥമാക്കിയിരുന്നു. കാപ്പാ, അൾമത്തി ഉടുത്ത് പള്ളിയിൽ നിന്നും പുറപ്പെട്ട് പട്ടക്കാരും ശെമ്മാശന്മാരും സന്ന്യാസികളും ആഘോഷമായി വല്യസാളയിൽ വന്നു ആദ്യം ഒപ്പീസ് കഴിച്ചു. പിന്നീട് വഴിക്കാല ചൊല്ലി. ആഘോഷത്തോടു പള്ളിയിലോട്ടു പ്രദക്ഷിണമായി പുറപ്പെട്ടു. ഈ പെട്ടി ഏസ്തിന്മേൽ വച്ചുകൊണ്ട് റാസ ചൊല്ലി കടശി പ്രസംഗം ഉണ്ടായി. പറഞ്ഞ ആൾ (പുളിങ്കുന്നു ഇടവക) പുത്തൻപുരയ്ക്കൽ ലയപ്പോൾദച്ചനായിരുന്നു. ഈ ദിവസത്തിൽ ആലോചനയ്ക്കായി കൂടിയിരുന്ന എല്ലാ ആശ്രമശ്രേഷ്ഠന്മാരും ദിസ്തെന്തിമാരും ഞാനുമുണ്ടായിരുന്നു."(51)

യൗസേപ്പ് അന്തോനിയച്ചന്റെ ഈ ചരിത്രവിവരണത്തിന് ആധാരമായ സംഭവത്തെക്കുറിച്ച് മാന്നാനം നാളാഗമത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. "ഈ ചരിത്ര സംക്ഷേപത്തിൽ കാണിച്ചിരിക്കുന്നപ്രകാരം കൂനമ്മാവുങ്കൽ പള്ളിയിൽ അടക്കം ചെയ്യപ്പെട്ടിരുന്ന ഈ വന്ദ്യപിതാവിന്റെ അസ്ഥികളെ 1889 ഇടവം 24 വെള്ളിയാഴ്ച മാന്നാനത്തുപള്ളിയിൽ ആഘോഷമായി അടക്കം ചെയ്തു. ഈ പെട്ടിയിൽ കാണുന്ന അസ്ഥികൾ ടി വന്ദ്യപിതാവിന്റെതാകുന്നു."(52)

"കൂനമ്മാവു കൊവേന്ത സുറിയാനിക്കാരായ നമ്മുടെ സന്ന്യാസികൾക്ക് ബർണ്ണർദീനോസു മെത്രാപ്പോലീത്താ തന്നിട്ട് 30 വർഷത്തിലധികം നമ്മുടെ നൊവിസ്യാത്തായിട്ടു അനേകസ

(51). ക. നാ. p.201

(52). മാന്നാനം നാളാഗമം. p.377

ന്യാസികൾ അവിടെ പാർത്തു വരികയിൽ 1887-ാം കാലം സുറിയാനിക്കാരെ വരാപ്പുഴ കർമ്മെലീത്താ മേൽപട്ടക്കാരുടെ അധികാരത്തിൽ നിന്നു മാറ്റി. ടി മെത്രാന്മാരെ ശു. സിംഹാസനം ഏൽപിച്ച ഉടനെ കൂനമ്മാവുങ്കൽ നിന്നു നമ്മുടെ സ്ഥാനികളെ ഒഴിവാക്കുന്നതിന് വരാപ്പുഴ മിസക്കാരു വേലചെയ്തു. കടശി 1889 കുംഭമാസത്തിൽ ഇന്ത്യയുടെ ദെലഗാത്തപ്പസ്തോലിക്കായുടെ കൽപന പ്രകാരം നമ്മുടെ സന്ന്യാസികൾ കൂനമ്മാവു വിട്ടൊഴിഞ്ഞു. അതിനാൽമേൽപടി കുര്യാക്കോസ് ഏലിയാസെന്ന പിതാവിന്റെ അസ്ഥികളും അവിടെ നിന്നെടുത്ത് മാന്നാനത്തു സ്ഥാപിക്കാൻ നിശ്ചയിച്ചു. നമ്മുടെ സഭയുടെ പൊതു ആലോചനാസംഘം മാന്നാനത്തു കൊവേന്തയിൽ കൂടിയിരുന്നു. ആലോചന കഴിഞ്ഞു പിറ്റേന്നാളായ 24-ാം വെള്ളിയാഴ്ച അനേകം സന്ന്യാസികളും കൊവേന്തകളുടെ ശ്രേഷ്ഠന്മാരൊക്കെയും ഇടവക വികാരിമാരിൽ പലരും അനേകജനങ്ങളും കൂടി 8 മണിയ്ക്ക് ആഘോഷമായ റാസയും ഒപ്പീസും പ്രസംഗവും കഴിച്ചുകൊണ്ട് ഒരു ചെമ്പുപെട്ടിയിലാക്കി ഇവിടെ സ്ഥാപിച്ചു."(53)

മാന്നാനം നാളാഗമത്തേക്കാൾ സൂക്ഷ്മമായി കാര്യങ്ങൾ എഴുതിയിരിക്കുന്നത് യൗസേപ്പ് അന്തോനിയച്ചനാണെന്ന് വ്യക്തമാണല്ലോ. ഈ കുടിയിറക്കിനേക്കുറിച്ച് ബ. യൗസേപ്പ് അന്തോനിയച്ചൻ ഒരു വിമർശകന്റെ ബുദ്ധിവൈഭവത്തോടും സത്യത്തിന്റെ കാവൽ ഭടന്റെ തന്റേടത്തോടുംകൂടി പറയുന്നത് ശക്തമായ ആ വ്യക്തിത്വത്തിന്റെ പ്രതിഫലനമാണ്. "മനഃപ്രയാസമുള്ള നടപടികൾക്കുകാരണം ടി സ്ഥലം സുറിയാനിക്കാർക്കായിട്ടു ഒഴിഞ്ഞുതന്ന സമയം തക്കതായ പ്രമാണം തരാതെയും മേടിക്കാതെയും ഇരുന്നതു മുഖാന്തരമത്രേ ഒഴിഞ്ഞുപോകുന്നതിനിടയായത്."(54)

ഇത്രയധികം ഉറപ്പാർന്ന കാര്യത്തെക്കുറിച്ച് വളരെ ചുരുക്കം ചിലരെങ്കിലും സംശയിക്കുന്നത് എന്തുകൊണ്ടാണ്? ഇതിനും അടിസ്ഥാനം ബ. യൗസേപ്പ് അന്തോനിയച്ചന്റെ സത്യത്തോടുള്ള സ്നേഹംതന്നെയാണ്. കർമ്മെലനാളാഗമത്തിൽ മറ്റൊരു ഭാഗത്ത് കൂനമ്മാവിൽ നിന്നുള്ള കുടിയിറക്കിനെക്കുറിച്ച്

(53). മാന്നാനം നാളാഗമം. p.377 - 378

(54). കർമ്മെല നാളാഗമം. p.197



ചാവറയച്ചന്റെ ഭൗതികാവശിഷ്ടം മാന്നാനത്തേയ്ക്കു മാറ്റിയതു സംബന്ധിച്ച് കുര്യാക്കോസച്ചൻ സ്വന്ത കൈപ്പടയിൽ എഴുതിയിട്ടുള്ള നാളാഗമ ഭാഗങ്ങളിൽ ഒന്ന്.

അദ്ദേഹം വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. പത്തു ദിവസത്തിനകം സ്ഥലം വിട്ടുകൊള്ളണമെന്നായിരുന്നു കൽപന. അദ്ദേഹം എഴുതുന്നു "മേൽ നിശ്ചയിച്ച പ്രകാരം ടി അച്ചന്മാർ കൂനമ്മാവുങ്കൽ ചെന്ന് പുത്തമ്പുള്ളി ഇടവകയിൽ നിന്നും ആളുകളെ കൂട്ടി സാമാനങ്ങളുംകൊണ്ട് 10 ദിവസം കൊണ്ട് എടുത്തു അമ്പഴക്കാട്ടിനു പോകുകയും ..... പിന്നെയും ടി അച്ചന്മാർ കൂനമ്മാവുങ്കൽ നിന്നു പുറപ്പെടുകയും ഒന്നാമത്തെ പ്രിയോരായ ചാവറകുര്യാക്കോസ് ഏലിയാ അച്ചന്റെ അസ്ഥികൂടെയും കൊണ്ടുപോകുന്നതിന് കുഴിമാടം തുറക്കുന്നതിന് തുടങ്ങിയാറെ, പള്ളിവെട്ടിപ്പൊളിക്കുന്നെന്ന്

ഒരു അന്യായം പറഞ്ഞ് ജനങ്ങൾ കലാപം തുടങ്ങുകയാൽ അപ്പോൾ എടുക്കുന്നതിന് ഇടയായില്ല. എങ്കിലും പിന്നീട് എടുത്തുതരാമെന്ന് പീലിപ്പോസ് മൂപ്പൻ പാദ്രിയച്ചൻ ഏറ്റുപറഞ്ഞതിനാൽ സമ്മതിച്ചു. ഇതിനെയൊക്കയും എടുത്ത് ഇതുവരെയും തുറക്കാതെ പൂട്ടിയിരുന്ന പള്ളിയുടെ താക്കോലും ടി മൂപ്പൻ പാദ്രിയെ ഏൽപിച്ച് വച്ചു എല്ലാവരും കൂടി മീനം 9-ന് പുറപ്പെടുകയും ചെയ്തു.(55) സി.എം.ഐ.ക്കാർ അപ്പോൾ എടുത്തില്ലയെന്നുള്ള വാചകത്തിൽ നിന്നാണ് തിരുശേഷിപ്പ് കൂനമ്മാവിൽനിന്നും കൊണ്ടുപോന്നില്ലായെന്ന് തൽപരകക്ഷികൾ വാദിക്കുന്നത്.

വരാപ്പുഴ വികാരി ജനറാൾ പീലിപ്പോസു മൂപ്പച്ചൻ സി. എം.ഐ. ക്കാരെ വഞ്ചിച്ചുവോ? ഒരിക്കലും ഓർക്കാൻ വയ്യ. ഉഭയ സമ്മതപ്രകാരം കുടിയൊഴിപ്പിൽ നിരീക്ഷിക്കുന്നതിന് ലത്തീൻ ഭാഗത്തു നിന്ന് വച്ചത് മൂപ്പച്ചനെ ആയിരുന്നു. മറ്റു മൂന്നുപേർ സുറിയാനിക്കാരും (56). മൂപ്പച്ചൻ 11-ാം തീയതി പള്ളി തുറന്നു, കുർബ്ബാനചൊല്ലി അവിടെ താമസമാക്കി. താൻ ചെയ്ത പ്രതിജ്ഞ പീലിപ്പോസു മൂപ്പൻ നിർവ്വഹിച്ചു. പക്ഷേ ലത്തീൻകാർ വീണ്ടും പ്രശ്നം സൃഷ്ടിച്ചു. കേസ് ഊട്ടിയിലുണ്ടായിരുന്ന ഡലഗേറ്റിന്റെ പക്കൽ ചെന്നു. വിസ്താരം കഴിഞ്ഞ് വിധിയായി. അസ്ഥികൾ സി.എം. ഐ. ക്കാർക്കു നൽകണം എന്നായിരുന്നു കൽപന. ഇതേക്കുറിച്ച് പാലാക്കുന്നേൽ വല്യച്ചന്റെ ഡയറിയിൽ ഇപ്രകാരം കാണുന്നു. "സുറിയാനിക്കാരുടെ പണം ചെലവുചെയ്തു പണിയിച്ച കൊവേന്ത അവർക്കു കൊടുക്കാതെ അവിടെ നിന്ന് അവരെ ഇറക്കുന്നതിന് റോമിൽനിന്നും കൽപനവന്നിരിക്കുന്നു എന്നും മെത്രാന്മാരു കൂടി പ്രസ്താവിച്ചു ഇറക്കിയതിന്റെശേഷം സുറിയാനിക്കാരുടെ പിതാവായ ചാവറകുര്യാക്കോസ് മൽപാനച്ചന്റെ ശവം ആ കൂനമ്മാവുങ്കൽ പള്ളിയിൽ അടക്കിയിരുന്നതിനാൽ ആ അസ്ഥികൾ കൂടെയെങ്കിലും തരണമെന്നും കൊവേന്ത അച്ചന്മാരു സിദ്ധാന്തിച്ചതിനാൽ സമ്മതിക്കാഞ്ഞതിനാൽ ഇവരു സ്വമേധയായി കബറിടം മാന്തി അസ്ഥികൾ ഏടുപ്പാൻ ഭാവിച്ചു. മാന്തി തുടങ്ങിയ വിവരം മഞ്ഞുമ്മേൽ മെത്രാപ്പോലീത്തായെ

(55). കർമ്മെല നാളാഗമം. p.193

(56). ക. നാ p.193

പടയൊഴിഞ്ഞ പടക്കളം. കൂനമ്മാവ് വി. ഫിലോമിനായുടെ ആശ്രമം. വന്ദ്യനായ ചാവറയച്ചനിൽ നിന്നും യൗസേപ്പ് അന്തോനിയച്ചൻ സഭാചൈതന്യം ആവോളം നുകർന്നെടുത്തത് ഇവിടെവച്ചാണ്.

ലത്തീൻകാരു ജനങ്ങൾ അറിയിച്ച് വടി തടി ആയുധങ്ങളോടു കൂടെ തടസ്സപ്പെട്ടതിനാൽ കൊവേന്ത അച്ചന്മാരു എടുക്കാതെ പുറത്തിറങ്ങിപ്പോരുകയും ഈ വിവരത്തിന് ഒട്ടക്കമേന്തിന് ദലഗാദിനെ ബോധിപ്പിച്ചു. വിസ്താരം കഴിഞ്ഞ് അസ്ഥികൾ കൊവേന്തക്കാർക്കു കൊടുക്കുന്നതിന് കല്പന വന്നു." "1889 ഇടവം 24-ാം തീയതി ചാവറ പ്രിയോർ പരിശുദ്ധ കുര്യാക്കോസ് മല്പാനച്ചന്റെ തലഓട്ടിയും രണ്ടുമൂന്നു അസ്ഥികളും മാന്നാനത്തു കൊണ്ടുവന്ന് വലിയ ആഘോഷമായി അടക്കി."(57)

അസ്ഥികൾ കൂനമ്മാവിൽനിന്നു കല്ലറ തുറന്നു കൊണ്ടു വന്ന സംഭവം കേരളസഭാ ചരിത്രകാരനായ ബ. ബർണ്ണാർഡച്ചൻ വളരെ വിസ്തരിച്ചു പറഞ്ഞിട്ടുണ്ട്.(58) മാത്രമല്ല, ചാവറയച്ചന്റെ കല്ലറയാണോ തുറന്നതെന്ന സംശയം അസ്ഥാനത്താണ്. കല്ലറ തുറന്നതും ചാവറയച്ചന്റെ അസ്ഥികൾ പുറത്തെടുത്തുകൊണ്ടുവന്നതുമായ ചരിത്ര യാഥാർത്ഥ്യത്തിന് യാതൊരുപോറലും

(57). പാലാക്കുന്നേൽ വല്യച്ചന്റെ നാളാഗമം p.296
(58). ക. നി. മു. സാ. സഭയുടെ ചരിത്രം p.341

സംഭവിച്ചിട്ടില്ലാത്തവിധം ആ കാലസന്ധിയിൽതന്നെ അതിനു വേണ്ടി പരിശ്രമിച്ചവർ, അതിന്റെ ദൃക്സാക്ഷികൾ, അത് നിർവ്വഹിച്ചവർതന്നെ എഴുതിയിട്ടുണ്ട്. ചരിത്രാന്വേഷികളുടെ വിജ്ഞാനതൃഷ്ണ ശമിപ്പിക്കുന്നതിനും, സംശയാലുക്കളുടേയും കപട പ്രചാരണക്കാരുടേയും തനിനിറം പുറത്തു കൊണ്ടുവരുന്നതിനായി ആ രേഖകൾ ഇവിടെ പകർത്തുകയാണ്. 1889 മുതലുള്ള ചരിത്ര സംഭവങ്ങൾ, അന്നുതന്നെ രേഖപ്പെടുത്തിയിട്ടുള്ള സഭയുടെ നാളാഗമത്തിൽ നിന്നുമാണ് എടുത്തിരിക്കുന്നത്.

"നമ്മുടെ കാലംചെയ്ത പ്രിയോരച്ചന്റെ കുഴിമാടം തുറന്ന് അസ്ഥികൾ എടുപ്പിച്ചു തരുവിക്കുന്നതിനു അപേക്ഷിച്ചിരുന്നതു പോലെ ചെയ്തു എന്നു വരികിലും അതിന്റെ ചിലവു നിങ്ങൾ ചെയ്യണമെന്നാണു പീലിപ്പോസ് മൂപ്പച്ചന്റെ കല്പന. ആ സംഗതിയെക്കുറിച്ച് അദ്ദേഹം എനിക്കയച്ച എഴുത്തിന്* തൊണ്ടിപ്പറമ്പ് ബംഗ്ലാവിൽനിന്നു 1889 മേടം 1-ാം തീയതി ഉച്ചയ്ക്കുമുമ്പായി ഞാനൊരു മറുപടി അയച്ചു. അത്:

പെ.ബ.അച്ചാ,

ഇന്നു കബറിടം തുറപ്പിച്ച് അസ്ഥികൾ എടുപ്പിച്ചു തരാമെന്നും അത്രെ അച്ചൻ പറഞ്ഞിരുന്നത്. മിനിഞ്ഞാന്ന് ഏതാനും വേലകൾ ചെയ്തവർക്ക് കൂലിക്കുള്ളവകയ്ക്കായി 1 രൂപ അച്ചന്റെ പക്കൽ കൊടുത്തയക്കയും ചെയ്തു. എന്നാൽ മിനിഞ്ഞാന്നു വേല എടുത്തവർക്കു മതിയാകുന്ന കൂലി കിട്ടാഞ്ഞിട്ടാണു ഇന്ന് ആളുകൾ വരാത്തതെന്നു കപ്യാരു പറഞ്ഞു. എന്തുകൊണ്ട് അങ്ങനെ കുറച്ചുകൊടുത്തു എന്നറിയുന്നില്ല.

കൂനമ്മാവു പള്ളിയുടെമേലും മറ്റു ഉള്ള സർവ്വാധികാരം മെത്രാപ്പോലീത്താച്ചനാണെന്നും ജനങ്ങൾക്കല്ലെന്നും ആണ് പരബോധം. ഇക്കാര്യങ്ങളൊക്കെയും നടത്തുന്നതിന് എ. പെ. ബ. ദലഗാത്തച്ചനും എ. പെ. ബ. മെത്രാപ്പോലീത്താച്ചനും അച്ചനെ ഏല്പിച്ചിരിക്കുന്നത്. ആയതുകൊണ്ട് മുൻഅപേക്ഷിച്ചിരിക്കുന്നതുപോലെയും അച്ചൻ വാക്കുതന്നതുപോലെയും കുഴിമാടം തുറന്ന് അസ്ഥികൾ എടുപ്പിച്ചു തരുമോ ഇല്ലയോ എന്നറിവാൻ ആഗ്രഹിക്കുന്നു.

* ഇപ്പോഴത്തെ കൂനമ്മാവ് സി.എം.ഐ. ആശ്രമം.

വിശേഷിച്ചും മുൻഅപേക്ഷിച്ചതുപോലെ കുഴിമാടം തുറക്കുന്നസമയം ഞങ്ങളിൽ ഏതാനുംപേർ ഉണ്ടായിരിപ്പാൻ ആവശ്യം.

ഇതു ചെത്തിപ്പുഴ കൊവേന്ത വികാരി
ആ. ഗീവറു. യോ.

ടി എഴുത്തിനു മറുപടി തന്നില്ല.

ഇതിന്റെ ശേഷം ഉച്ചതിരിഞ്ഞ് 4.30 മണിക്കു വേറൊരു എഴുത്തയപ്പാൻ ആവശ്യപ്പെട്ടു. താഴെ അതിന്റെ പകർപ്പ്.

89 മേടം 1 തിങ്കളാഴ്ച
ഇ.മ.യ. തൊണ്ടിപ്പറമ്പ് ബംഗ്ലാവ്

ഏ. പെ. ബ. അച്ചാ,

കുഴിമാടം തുറക്കുന്നതിന് ആളിനെ അച്ചൻ അന്വേഷിച്ചാൽ കിട്ടുകയില്ലെന്ന് അല്പം മുമ്പ് എന്നോടു പറഞ്ഞു. ഇപ്പോൾ കൊട്ടയ്ക്കും ഇളാങ്കിനും മറ്റും ആൾ വന്നിരിക്കുന്നു. എന്തെന്നു തിരിയുന്നില്ല.

കുഴിമാടം തുറക്കുന്ന സമയം ഞങ്ങളിൽ ഏതാനുംപേർ ഉണ്ടായിരിക്കണമെന്നു ഇതിനുമുമ്പിലുള്ള എഴുത്തിൽ അപേക്ഷിച്ചിരുന്നതുപോലെ ഇപ്പോഴും പറയുന്നു. കുഴിമാടം തുറക്കുന്ന സമയം ഞങ്ങളിൽ ഏതാനുംപേരുകൂടെ നിന്നിട്ടല്ലാതെ അതിൽ നിന്നെടുക്കപ്പെടുന്നവകളെ അനുസരിപ്പാനും കൈക്കൊൾവാനും പാടുള്ളതല്ല. പകൽ സമയത്തല്ലാതെ സമയക്കെട്ടിൽ ഞങ്ങളിൽ ആർക്കും അവിടെ നില്പാനും പാടില്ല.

ഇത് ചെത്തിപ്പുഴ കൊവേന്ത വികാരി
ആ.ഗിവറു. യോ

രണ്ടാമതു ഈ എഴുത്തു എഴുതാനുള്ള കാരണം: അന്ന് ഉച്ചതിരിഞ്ഞ് 4 മണിയോടുകൂടി ഇനിക്കാൾ വന്നു. ഞാൻ ചെന്ന് അദ്ദേഹത്തെ കണ്ടു. അപ്പോൾ തന്നെ കുഴിമാടം തുറക്കാൻ വേണ്ടുന്ന ആൾകളെ കൊണ്ടുചെല്ലണം. അദ്ദേഹം ആസ്വഥമായിരിക്കുന്നെന്നും പറഞ്ഞു.

എന്നാൽ ആ സമയം ആളുകളെ കിട്ടാൻ പ്രയാസം. ഒരു വേള വാച്ചവരേയും കിട്ടിയാലും കുഴിമാടം തുറന്നു വരുമ്പോൾ രാത്രിയായിപ്പോകും. അതു എല്ലാംകൊണ്ടും ശരിയല്ല. ആയതിനാൽ ഞാൻ ബംഗ്ലാവിൽ വന്നിരുന്നുകൊണ്ട് ടി എഴുത്ത് എഴുതി അയച്ചു.

ഇതല്ലാതെയും 2-ാം തീയതി കാലത്ത് ഒരെഴുത്ത് ഞാൻ അയച്ചു. താഴെ കാണും പ്രകാരം.

89 മേടം 2

ഇ.മ.യ. തൊണ്ടിപ്പറമ്പ് ബംഗ്ലാവ്

ഏ. പെ. ബ. അച്ചാ,

പ്രിയോരച്ചന്റെ കുഴിമാടം തുറന്നു അസ്ഥികൾ എടുത്തു തരേണ്ടുന്ന സംഗതി പ്രമാണിച്ചു പലപ്പോഴും എഴുതി അപേക്ഷിക്കയും അച്ചന്റെ അടുത്തു സാദ്ധ്യപ്പെട്ടുപറകയും ചെയ്താറെ കാര്യത്തിനു നടപ്പില്ലാതെയും ഫലമില്ലാതെയും ആയി. എന്നു മാത്രമല്ല ഞങ്ങളുടെ ഈ അദ്ധ്വാനം മറ്റാളുകൾക്കു ഒരു ഹാസ്യവിഷയവും ആയിത്തീർന്നിരിക്കുന്നു.

ആയതിനാൽ ഇനിയും ഞങ്ങളെ ബുദ്ധിമുട്ടിക്കരുതെന്നും കാര്യത്തിനു നടപ്പുള്ള മാർഗ്ഗം ആലോചിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിവരത്തിനു എഴുത്താലെ മറുപടി തരണമെന്നും അച്ചനോടപേക്ഷിക്കുന്നു. അല്ലാത്തപക്ഷം ഇനിയും അവിടെ വന്ന് കാര്യസാദ്ധ്യമില്ലാതെ മറ്റാളുകൾക്ക് ഹാസ്യ വിഷയമായി മടങ്ങിപോരുന്നതിനു മനസ്സില്ല. ഞങ്ങൾ ഈ കാര്യത്തിനു ശ്രമിക്കുന്നതു തിരുസഭയിൽ ഉന്നതസ്ഥാനം കൈക്കൊണ്ടിരിക്കുന്ന ഒരാളിന്റെ കല്പനപ്രകാരമാണ്. ഞങ്ങളുടെ സ്വന്തമനസ്സാലെയല്ല. അതു നിറവേറ്റിത്തരുന്നതിന് അച്ചനെയാണ് ഭരമേല്പിച്ചിരിക്കുന്നത്. ഇതിന് എഴുത്താലെ ഒരു മറുപടി തരണം.

ഇത് ചെത്തിപ്പുഴ കൊവേന്ത വികാരി

ആ. ഗീവറു. യോ.

2-ാം കാലത്തു അയച്ച എഴുത്ത് പീലിപ്പോസ് മൂപ്പച്ചന്റെ പക്കൽ ചെന്നപ്പോൾ, ഉടനെ ഞാൻ ചെല്ലുന്നതിനാൾ പറഞ്ഞയ

ച്ചു. ഞാൻ പോയില്ല. ബ. ചാണ്ടപ്പിള്ളയച്ചൻ പോയി മൂപ്പച്ചനെ കണ്ടു. അദ്ദേഹത്തിന്റെ എഴുത്തില്ലാതെ യാതൊന്നും ചെയ്യുകയില്ലെന്നു പറഞ്ഞു. ഉടനെ എനിക്ക് എഴുത്തയച്ചു.

അതിന്റെ മേൽ വാചകം:

ക.ദി.മൂ.സ.ആ. ഗീവറുഗീസ് യോഹന്നാൻ മാംദാനാ അച്ചന്

കൂനമ്മാവുങ്കൽ

89 മേടം 2

ബ. അച്ചാ,

നീങ്ങിപ്പോയ പ്രിയോർ കുറിയാക്കോസ് ഏലിയാ അച്ചന്റെ കബറിടം തുറന്ന് അസ്ഥി എടുക്കുന്നതിന് ഇപ്പോൾ തന്നെ വരണം. ആരും വിരോധിക്കയില്ല. ഞാൻ ഏറ്റിരിക്കുന്നു.

എന്നു വരാപ്പുഴ രൂപതയുടെ വികാരി ജനറാൽ പീലിപ്പോസ് ദെ സ യുസെ മൂപ്പൻ പാദ്രി.

(ഒപ്പ്)

എന്നാൽ ഇപ്രകാരം എഴുത്തയച്ചതിനും കാര്യം ഇത്ര എളുപ്പമാക്കിയതിനെന്തു കാരണം. ദെലഗാത്തച്ചനെ ഭയന്നിട്ടു തന്നെയാണ്. എന്നുതന്നെയല്ല, ഈ സംഗതി പ്രമാണിച്ചു ഊട്ടക്കമെണ്ടിൽ നിന്നു പീലിപ്പോസ് മൂപ്പച്ചനായി അദ്ദേഹത്തിന്റെ കൽപന വന്നിട്ടുണ്ടായിരുന്നെന്നും തോന്നുന്നു.

മേലെഴുതിയ ടി എഴുത്തുവന്നതിന്റെ ശേഷം ഞാൻ ഉടനെ ചെന്നു. വേണ്ടുന്ന ഉപചാരത്തോടെ എന്നെ കൈക്കൊണ്ടു. ഉടൻതന്നെ പള്ളിയിലേയ്ക്കു വിളിച്ചുകൊണ്ടുപോയി - വേലക്കാരെകുറിച്ചും കൂലിയെകുറിച്ചും ഒന്നും ചോദിക്കയും പറകയും ഉണ്ടായില്ല. ഉടനെ കുഴിമാടം തുറപ്പിക്കാൻ തുടങ്ങി. വികാരി ജനറാളായ പെ. ബ. പീലിപ്പെസ് മൂപ്പച്ചനും ഞാനും ബ. ചാണ്ടപ്പിള്ളയച്ചനും ആ പള്ളിയുടെ ബ. അസുസെന്തിയച്ചനും ഏതാനും ജനങ്ങളും ഉണ്ടായിരുന്നു. കുറെ നേരം ചെന്നപ്പോൾ ബ. കാന്തിദോസ് മൂപ്പച്ചനും വന്നു.

കുഴിമാടം തുറന്നു നോക്കിയപ്പോൾ ഏതാനും അസ്ഥികൾ മാത്രം കിട്ടി. അതെടുത്ത് ഒരു പെട്ടിയിൽ വച്ച് കൂനമ്മാവു

കന്യാസ്ത്രീ മഠം അടുക്കെയുള്ള ബംഗ്ലാവിലേക്കു ഞാൻ കൊണ്ടു പോന്നു.

അവിടെ നിന്നും ഏറെ താമസിയാതെ മാന്നാനത്തേയ്ക്കു കൊണ്ടുവന്നു. പള്ളിയിൽ വല്ല്യത്രോണോസിന്റെ അഴിക്കു താഴെ തെക്കുവശത്തു വേണ്ടുന്ന ആഘോഷത്തോടെ അടക്കം ചെയ്തു."(59) തിരുശേഷിപ്പുകൊണ്ടുപോകുവാൻ ശ്രമിച്ചവരിൽ പ്രധാനിയും കുഴിമാടം തുറക്കുന്നതിന് ദൃക്സാക്ഷിയും സ്വന്ത കൈകളാൽ തന്നെ കുനമ്മാവു പള്ളിയിൽ നിന്നും ബംഗ്ലാവി ലേയ്ക്കു കൊണ്ടുപോയ ആളുമായ ബ. ഗീവർഗ്ഗിസ് യോഹന്നാൻ മാംദാനാ അച്ചന്റെ ഈ സാക്ഷ്യത്തെ സുബോധമുള്ള ആർക്കെങ്കിലും നിരസിക്കുവാൻ സാധിക്കുമോ?

രണ്ടാം പ്രിയോർ ജനറാൾ കുര്യാക്കോസ് ഏലീശ, പോരുക്കരയുടെ വിവരണം. ചാവറയച്ചനെക്കുറിച്ച് ആധികാരികമായി പറയുവാൻ കഴിവുള്ള ഒന്നാമത്തെ വ്യക്തി പോരുക്കര ഏലിശാച്ചനാണ്. സ്ഥാപക പിതാക്കളിൽ ഒരാളായ പോരുക്കര തോമ്മാച്ചന്റെ അനുജനുംകൂടിയായ ഇദ്ദേഹത്തിന് 1831 മുതൽ 71 വരെയുള്ള കാലം മുഴുവൻ ചാവറയച്ചനെ ഏറ്റം അടുത്തുള്ള പരിചയമുള്ളയാളായിരുന്നു. ഇദ്ദേഹം ചാവറയച്ചന്റെ പിൻഗാമിയായി സഭയുടെ രണ്ടാമത്തെ ജനറാളായിരുന്നു എന്നു മാത്രമല്ല അദ്ദേഹത്തിന്റെ മൃതസംസ്ക്കാര ശുശ്രൂഷകൾക്ക് നേതൃത്വമെടുത്തയാളും ഇദ്ദേഹം തന്നെ. 1885 വരെ ജനറാളായിരുന്ന ഏലിശാച്ചനു കുനമ്മാവിൻ നിന്നു ചാവറയച്ചന്റെ ഭൗതികാവശിഷ്ടങ്ങൾ മാന്നാനത്തേക്കു മാറ്റുന്നതിൽ നല്ല പങ്കുണ്ടായിരുന്നു. എല്ലാ വിശദാംശങ്ങളും അറിയാവുന്നയാളും അദ്ദേഹമായിരുന്നു. ചാവറയച്ചൻ മരിച്ചശേഷം അദ്ദേഹത്തിന്റെ ജീവചരിത്രം വിശദമായി എന്നാൽ അധികം ദീർഘമല്ലാതെ എഴുതിയ ആദ്യത്തെ സഭാംഗവും അദ്ദേഹം തന്നെയാണ്. ഈ ചരിത്രത്തിൽ ചാവറയച്ചന്റെ ശവസംസ്ക്കാര ശുശ്രൂഷകളെക്കുറിച്ചു മാത്രമല്ല 1889-ൽ അദ്ദേഹത്തിന്റെ ഭൗതികാവശിഷ്ടം കുനമ്മാവിൽ നിന്നു മാന്നാനത്തേക്കുമാറ്റിയതിന്റെ വിശദാംശങ്ങളും ഏലിശാസച്ചൻ തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. 1890-നു മുമ്പ് അദ്ദേഹം എഴുതി സൂക്ഷിച്ചിരുന്ന ചാവറയച്ചന്റെ ജീവചരിത്രം, സി.എം.ഐ സഭയിൽ ചാവറ

(59). സഭയുടെ നാളാഗമം. p. 68 -72

യച്ചനും ആദ്യ അംഗങ്ങളും വ്രതവാഗ്ദാനം നടത്തിയതിന്റെ സുവർണ്ണ ജൂബിലിസ്മാരകമായി, 1905-ൽ ആണ് ആദ്യമായി പ്രസിദ്ധീകരിച്ചത്. ഇത് സഭയുടെ സ്ഥാപക പിതാക്കന്മാരെ മൂന്നുപേരെയും പെടുത്തികൊണ്ടുള്ള ഒരു ഗ്രന്ഥമായിരുന്നു. ഇതിൽ തന്റെ സഹോദരനുംകൂടിയായ പോരുക്കരതോമാച്ചന്റെയും ചാവറകുര്യാക്കോസ് ഏലിയാസച്ചന്റെയും ജീവചരിത്രം ഏലീശ്വാച്ചൻ എഴുതിയതും പാലയ്ക്കൽ തോമ്മാച്ചനെക്കുറിച്ചുള്ളത് ചാവറയച്ചൻ എഴുതിയതുമാണ്. 'സ്ഥാപക പിതാക്കന്മാർ' എന്നപേരിലുള്ള ഈ ഗ്രന്ഥം അവസാനിപ്പിച്ചിരിക്കുന്നത് ചാവറയച്ചന്റെ മരണാനന്തര സംഭവങ്ങളെ വിവരിച്ചുകൊണ്ടാണ്. അതിലെ പ്രസക്തഭാഗമാണ് ഇവിടെ ചേർക്കുന്നത്.

"പിറ്റേദിവസം കുര്യാക്കോസ് ഏലിശാ അച്ചൻ ശവസംസ്ക്കാര കർമ്മം നടത്തി, യൗസേപ്പു ത്രേസ്യാച്ചൻ റാസപാടി, കാപ്പിലച്ചൻ പ്രസംഗം പറഞ്ഞു. ഏറിയ പട്ടക്കാരും ജനങ്ങളും ഈ കർമ്മത്തിനു കൂടിയിരുന്നു. അടക്കിയതു പള്ളിയുടെ മദുബഹായുടെ അഴിക്കുതാഴെ മദ്ധ്യസ്ഥലത്താണ്.

ഈ ദേഹത്തിന്റെ അവശിഷ്ടങ്ങൾ കൂനമ്മാവുങ്കൽ നിന്നും മാന്നാനത്തുകൊണ്ടുവന്നു. 1889-ൽ മെയ് 24-ന് വെള്ളിയാഴ്ചകാലത്തു എട്ടുമണിക്കു, ആഘോഷമായ റാസ, ഒപ്പീസ് തുടങ്ങിയ തിരുക്കർമ്മങ്ങളും സന്ദർഭോചിതമായ ഒരു പ്രസംഗവും കഴിച്ചു മാന്നാനത്തു ആശ്രമ ദേവാലയത്തിന്റെ മദുബഹായുടെ അഴിക്കുതാഴെ തെക്കുവശത്തു ആഘോഷമായി സംസ്ക്കരിക്കപ്പെട്ടു. ഈ സന്ദർഭത്തിൽ, എല്ലാകൊവേന്തകളുടെയും ശ്രേഷ്ഠന്മാരും പല സന്യാസ പട്ടക്കാരും 20 ഓളം ഇടവകപ്പട്ടക്കാരും വളരെ ജനങ്ങളും കൂടിയിരുന്നു" (സ്ഥാപക പിതാക്കന്മാർ, 1905 37, 38).

ആഴ്ചയിൽ ഒരിക്കൽ മാത്രം അന്നു പ്രസിദ്ധീകരിച്ചിരുന്ന 'നസ്രാണി ദീപിക' ഇപ്രകാരം റിപ്പോർട്ട് ചെയ്യുന്നു. "ഇവിടെ (മാന്നാനത്തു) കൊണ്ടു വന്നിട്ടുള്ള പുണ്യാവശിഷ്ടങ്ങൾ ഈ മാസം 24-ാം തീയതി വെള്ളിയാഴ്ച രാവിലെ 8 മണിക്ക് സംസ്ക്കരിക്കപ്പെടുന്നതായിരിക്കും([60]).

(60). നസ്രാണി ദീപിക. p. 3. 15th May 1889. Also refer അമ്പഴക്കാട്ടു സൂക്ഷിച്ചിരിക്കുന്ന നാളാഗമം (1861 മുതൽ 1914 വരെയുള്ള സംഭവങ്ങൾ) p. 591



മാന്നാനത്തെ ആശ്രമദേവാലയത്തിൽ ചാവറപിതാവിന്റെ ഭൗതികാവശിഷ്ടങ്ങൾ സൂക്ഷിച്ചിരിക്കുന്ന കല്ലറ

വീണ്ടും നസ്രാണി ദീപിക റിപ്പോർട്ടു ചെയ്യുന്നു. "മുമ്പ് അറിയിച്ചിരുന്നതുപോലെ പൂജ്യാവശിഷ്ടങ്ങൾ കഴിഞ്ഞ മാസം 24-ാംതീയതി വെള്ളിയാഴ്ച രാവിലെ 8 മണിക്ക് മാന്നാനം ദേവാലയത്തിൽ മദ്ബ്ഹായുടെ മുമ്പിലായി ആഘോഷപൂർവ്വം സംസ്ക്കരിക്കപ്പെട്ടു."(61)

സാധുക്കളെ വഴി തെറ്റിക്കാൻ ചിലരുപയോഗിക്കുന്ന തന്ത്രങ്ങളും പുറത്തുകൊണ്ടുവരുവാൻവേണ്ടി ഇത്രയും പറഞ്ഞുവെന്നു മാത്രം. ഏതായാലും യൗസേപ്പ് അന്തോനിയച്ചന്റെയും മറ്റേതാനും ചിലരുടെയും, ചരിത്രസ്നേഹവും വസ്തുതകൾ ഉള്ളതുപോലെ പറയുന്ന പ്രകൃതവും കാട്ടാനാണ് ഇവ ഉദ്ധരിച്ചത്.

അന്നത്തെ കാലഘട്ടത്തിന്റെ ഒളിമങ്ങാത്ത ഒരു ചരിത്ര രേഖയാണ് അദ്ദേഹത്തിന്റെ നാളാഗമങ്ങൾ. നാട്ടു മെത്രാനെ ലഭിക്കാനുള്ള കേരളജനതയുടെ അഭിവാഞ്ച, റോക്കോസ്മെത്രാന്റെ വിപ്ലവമുന്നേറ്റം, സർക്കാർ ഉദ്യോഗസ്ഥന്മാരുടെ പ്രതികരണം, നിവേദനങ്ങൾ, വരാപ്പുഴ ഭരണത്തിൽ നിന്നും സുറിയാനിക്കാർക്ക് ഉണ്ടായ തിക്താനുഭവങ്ങൾ, ഇവയെല്ലാം ഒരു നിരൂപകന്റെ കണ്ണോ

(61). നസ്രാണി ദീപിക. p. 3. 15th June. Also refer അമ്പഴക്കാട്ടു സൂക്ഷിച്ചിരിക്കുന്ന നാളാഗമം p. 592.

ടുകൂടി നോക്കികാണുകയും എഴുതി സൂക്ഷിയ്ക്കുകയും ചെയ്ത ഒരു വലിയ ചരിത്ര പണ്ഡിതനായിരുന്നു അദ്ദേഹം.

അതുപോലെതന്നെ അദ്ദേഹം ഒരിക്കലും സ്വജനപക്ഷ പാതിയായിരുന്നില്ല. നീതിയും ന്യായവും ഒരുപോലെ എല്ലാ വർക്കും നൽകുന്നതിൽ അദ്ദേഹം ബദ്ധപരികരനായിരുന്നു. ശിക്ഷയും തിരുത്തലുകളും എല്ലാം അർഹിക്കേണ്ടവർക്ക് അർഹ മായവിധത്തിൽ നൽകുന്നതിൽ അദ്ദേഹത്തിനു മുഖം നോട്ടമി ല്ലായിരുന്നു. അവർ തന്റെ ബന്ധുക്കളായാൽപോലും യാതൊരു ദാക്ഷിണ്യവും കാണിച്ചിരുന്നില്ല. കർമ്മെല നാളാഗമത്തിൽ ഒരു സംഭവം വിവരിക്കുന്നുണ്ട്. യൗസേപ്പ് അന്തോനിയച്ചന്റെ ഒരു അടുത്ത ബന്ധുവായ മഞ്ഞേരി ഇട്ടിയവരാ 1100 ചക്രത്തിന് (ഏ താണ്ട് 38-ൽ പരം രൂപാ) നടപ്പു പണയം എഴുതി കൊവേന്ത യുടെ വസ്തു പാട്ടത്തിനെടുത്തിരുന്നു. അയാൾ കൊവേന്തയ്ക്കു പാട്ടം കുടിശികവരുത്തി. പല വഴികൾനോക്കിയിട്ടും പാട്ടം ആശ്ര മത്തിൽ നൽകിയില്ലെന്നുമാത്രമല്ല, വസ്തു വീതംവച്ച് രണ്ടു മക്ക ളുടെപേരിൽ ഭാഗഉടമ്പടി ചെയ്യുകയും ചെയ്തു. ഇതിൽ ക്ഷുഭി തനായ യൗസേപ്പ് അന്തോനിയച്ചൻ അവരിൽനിന്നും വസ്തു തിരി ച്ചെടുക്കുകയും കല്ലറയ്ക്കൽ വർക്കിക്ക് വാക്കാച്ചാർത്തിൽ പകുതി വാരത്തിനു നല്കുകയും ചെയ്തു.([62])

വൈവിധ്യമാർന്ന വളരെയധികം സ്വഭാവഘടകങ്ങളുടെ സമജ്ഞസസമ്മേളനമായിരുന്നു കഥാപുരുഷൻ. ആഢ്യത്വം വിള ങ്ങുന്ന മുഖഭാവവും പെരുമാറ്റവും തീർച്ചയുള്ള വിധി തീർപ്പും എല്ലാം ഈ സന്ന്യാസ വൈദികന്റെ വ്യക്തിത്വത്തിനു ചായക്കൂട്ടു നിർമ്മിച്ചു. ദൈവസ്നേഹത്തിലും പരസ്നേഹത്തിലും വേരുറ പ്പിച്ച് സത്യത്തിന്റെയും നീതിയുടെയും എളിമയുടെയും വിഹായ സ്സിൽ ശാഖോപശാഖകൾ പരത്തി മനുഷ്യത്വത്തിന്റെ പൂക്കൾ വിരിച്ച് സ്നേഹത്തിന്റെ ഫലങ്ങൾ സമൃദ്ധമായി പുറപ്പെടുവിച്ച വന്ദനീയനും അനുഗ്രഹീതനുമായ ഒരു പുണ്യദേഹമായിരുന്നു മഞ്ഞേരിൽ കുര്യാക്കോസച്ചൻ അഥവാ ബ. യൗസേപ്പ് അന്തോനി യച്ചൻ.

(62). കർമ്മെല നാളാഗമം Vol. II. p. 77

അദ്ധ്യായം 7

ജീവിത സായാഹ്നം

1905-ൽ തേവര വികാരിയായിരുന്ന മഞ്ഞേരിൽ ബ. യൗസേപ്പ് അന്തോനിയച്ചൻ കൂനമ്മാവിലേയ്ക്ക് വികാരിയായി സ്ഥലംമാറ്റപ്പെട്ടു. 1905 ഡിസംബർ മാസത്തിൽ മാന്നാനത്തു ചേർന്ന പൊതുസംഘമാണ് ഈ തീരുമാനമെടുത്തത്. 1885 മുതൽ സി.എം.ഐ. സഭയിലുണ്ടായിട്ടുള്ള എല്ലാ പൊതു സംഘങ്ങളിലും ബ.യൗസേപ്പ് അന്തോനിയച്ചൻ അംഗമായിരുന്നു.(63) ഏതാണ്ട് ഏഴു സംഘങ്ങളിൽ അദ്ദേഹം ഉണ്ടായിരുന്നു.

1905-ലെ പൊതുസംഘത്തിൽ രണ്ടു പ്രാവശ്യം കുറിയിട്ടിട്ടും കൂനമ്മാവു പ്രിയോരായി ഒരാളെ ലഭ്യമായില്ല. 3-ാം പ്രാവശ്യം കുറിയിട്ടപ്പോൾ യൗസേപ്പ് അന്തോനിയച്ചന് ഭൂരിപക്ഷം ലഭിച്ചതായി പ്രഖ്യാപിക്കപ്പെട്ടു. എന്നാൽ എന്തുകൊണ്ടാണെന്ന് അറിയില്ല, തന്നെ ഈ ജോലിയിൽനിന്നും ഒഴിവാക്കണമെന്ന് അദ്ദേഹം പൊതുസംഘത്തോട് അപേക്ഷിച്ചു. ഈ അപേക്ഷ സ്വീകരിക്കണമോ വേണ്ടയോ എന്ന് തീരുമാനിക്കുന്നതിനായി പൊതുസംഘം ഒരിക്കൽക്കൂടിവോട്ടു രേഖപ്പെടുത്തി. ബ. യൗസേപ്പ് അന്തോനി

(63). ക. നി. മു. സ. പൊതുസംഘനിശ്ചയങ്ങൾ Vol. 1. p. 1 - 231

യച്ചൻ തന്നെ കൂനമ്മാവു സുപ്പീരിയർ ആകണമെന്നായിരുന്നു സംഘ നിശ്ചയം. അദ്ദേഹം ആ ജോലി ഏറ്റെടുത്തു സ്തുത്യർഹ മായി ആശ്രമഭരണം 1908 വരെ തുടർന്നു. 1908-ൽ അദ്ദേഹം വീണ്ടും തേവര കൊവേന്തയുടെ ശ്രേഷ്ഠനായി തെരഞ്ഞെടുക്കപ്പെട്ടു. മൂന്നു വർഷം അവിടെ വികാരിയായി ജോലി നോക്കി. 1912 വരെ അദ്ദേ ഹത്തിന്റെ പ്രവർത്തനം തേവരയിൽതന്നെ ആയിരുന്നു.

1912-ൽ തന്റെ ഔദ്യോഗിക ജീവിതം അവസാനിപ്പിച്ച് വിശ്ര മാർത്ഥം അദ്ദേഹം വാഴക്കുള്ളത്തുതന്നെ വന്നു. കർമ്മോത്സുക ജീവിതത്തിനായി വളരെയധികം വർഷം ചെലവഴിച്ച അദ്ദേഹം ബാക്കി സമയം പ്രാർത്ഥനയ്ക്കും ഭക്താഭ്യാസത്തിനുമായി മാറ്റി വച്ചു.

വാർദ്ധക്യസഹജമായ സാമാന്യഅസ്വസ്ഥതകൾ അദ്ദേ ഹത്തെ പലപ്പോഴും അലട്ടിക്കൊണ്ടിരുന്നു. ഇവയെല്ലാം ദൈവ ത്യക്കരങ്ങളിൽ നിന്നുള്ള അനുഗ്രഹങ്ങളായി ആ യതിവര്യൻ സസന്തോഷം സ്വീകരിക്കുകയും ശാന്തമായി സഹിക്കുകയും ചെയ്തു. ഈ കാലസന്ധിയിൽ തന്റെ ആരോഗ്യത്തിന് കടൽക്കാറ്റ് കൊള്ളുന്നത് പ്രയോജനപ്പെടുമെന്ന് കരുതി, അദ്ദേഹം തേവര ആശ്രമത്തിൽപോയി കുറേനാൾ താമസിച്ചിട്ടുണ്ട്.

1917-ൽ താൻ ജനിച്ച മഞ്ഞേരി തറവാട്ടിലെ വീടുപൊളിച്ചു പുതിയതായി സ്ഥാപിക്കയുണ്ടായി. ആ വീടു കാണുവാൻ ബ. അച്ചൻ ആഗ്രഹിക്കയും അക്കാര്യം വീട്ടുകാരെ അറിയിക്കയും ചെയ്തു. അച്ചന്റെ ആഗ്രഹം മനസ്സിലാക്കിയ വീട്ടുകാർ, അദ്ദേഹ ത്തെ, പല്ലക്കിൽ വീട്ടിലേയ്ക്കു കൊണ്ടുപോയി. വീടു കണ്ടു തൃപ്ത നായ അദ്ദേഹം സന്തോഷത്തോടെ മടങ്ങിപോന്നു. ബ. യൗസേപ്പ് അന്തോനിയച്ചന്റെ അവസാനത്തെ വീടു സന്ദർശനമാ യിരുന്നു ഇത്.

ഈ വിശ്രമജീവിതത്തിനിടയിലായിരുന്നു അദ്ദേഹത്തിന്റെ പൗരോഹിത്യകനക ജൂബിലി. സഹസന്ന്യാസികളും, വീട്ടുകാരും, നാട്ടുകാരും ചേർന്ന് ആ ജൂബിലി ആഘോഷിക്കാൻ തീരുമാനി ച്ചു. 1923 ജൂലൈ മാസം കർമ്മേല മാതാവിന്റെ തിരുനാളിൽതന്നെ ആ മരിയ ഭക്തന്റെ ജൂബിലി ആഘോഷിച്ചു. തൊടുപുഴ താലൂക്ക്

ജീവിതത്തിന്റെ എല്ലാ ഘട്ടങ്ങളിലും തന്നെ കൈപിടിച്ചു നടത്തിയ അമ്മയുടെ പാദാന്തികത്തിൽത്തന്നെ കനക പൂർണ്ണിമയും അദ്ദേഹം കണ്ടെത്തി.

മജിസ്ട്രേറ്റ് മി. തര്യന്റെ പ്രസംഗം വളരെ ആശയ സമ്പുഷ്ടമായിരുന്നു. വളരെയധികം ആളുകൾ സഹകരിച്ച് നടത്തിയ ഈ ജൂബിലി ആഘോഷത്തെക്കുറിച്ച് വാഴക്കുളം ആശ്രമത്തിന്റെ നാളാഗമം ഇപ്രകാരം പറയുന്നു. "സുവർണ്ണജൂബിലിയുടെ കഥാനായകനായ ബ. അച്ചൻ കർമ്മെലമാതാവിന്റെ സ്തുതിയ്ക്കും മഹത്വത്തിനുംവേണ്ടി വളരെ ശുഷ്കാന്തിയുള്ള ഒരു ആളായിരുന്നതിനാൽ കർമ്മെലനാഥ ആരും വിചാരിക്കാതിരുന്നതായ ഈ ബഹുമാനവും, തന്റെ ശുശ്രൂഷയ്ക്ക് സമ്മാനമായി നൽകി എന്നു വിചാരിക്കേണ്ടിയിരിക്കുന്നു. ബ. യൗസേപ്പ് അന്തോനിയച്ചൻ ഈ ദേശവാസിയും മഞ്ഞേരി എന്ന മാന്യ കുടുംബത്തിൽ ജാതനായ ഒരു ആളുമാകുന്നു."(64)

ജൂബിലിയ്ക്കുശേഷം ബ. അച്ചൻ ഏതാനും വർഷംകൂടി ജീവിച്ചു. ശാന്തസുന്ദരമായ ഒരു ജീവിതശൈലിയാണ് ഈ കാല ഘട്ടങ്ങളിൽ അദ്ദേഹം സ്വീകരിച്ചിരുന്നത്. പ്രാർത്ഥനയുടെയും ഏകാന്തതയുടെയും ജീവിതം അദ്ദേഹത്തിന് വളരെ താല്പര്യമായിരുന്നു. എന്നാൽ വീട്ടുകാരും നാട്ടുകാരും തന്നെ വന്നു കാണുന്നതും, തനിക്ക് ഇഷ്ടമുള്ള ഭോജ്യങ്ങളായ കറപ്പിച്ച നെല്ലിക്ക, മീൻ വറ്റിച്ചത് മുതലായവകൊണ്ടുവന്നു നൽകുന്നതും വല്യച്ചന്, വളരെ സന്തോഷമായിരുന്നു.

ഇങ്ങനെ ജീവിക്കയിൽ 1928 ജൂലൈ 2-ാം തീയതി 12.30 ന് 80-ാം വയസ്സിൽ അദ്ദേഹം കർത്താവിൽ മരണം പ്രാപിച്ചു. അദ്ദേഹത്തിന്റെ മരണത്തെയും സംസ്ക്കാരത്തെയുംകുറിച്ച്

(64). വാ. നാ. Vol. II. p.188

വാഴക്കുളം നാളാഗമത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. "ബ. യൗസേപ്പ് അന്തോനിയച്ചൻ ഇന്നു കാലത്ത് 12.30ന് മരണം പ്രാപിച്ചു. മരിക്കുന്ന ദിവസം കാലത്ത് ഒപ്രുശുമാ സ്വീകരിച്ചു. കുർബ്ബാന കൈക്കൊള്ളുന്നതിന് സാധിച്ചില്ല. ഒൻപതുമണി മുതൽ

ആ ലില്ലിപുഷ്പം കൊഴിഞ്ഞു. മഞ്ഞേരിൽ യൗസേപ്പ് അന്തോനിയച്ചന്റെ ശവസംസ്ക്കാര കർമ്മം.

മുറിയിൽ അച്ചന്മാരും ജനങ്ങളും സദാ ഉണ്ടായിരുന്നു. പടിഞ്ഞാറേപ്പള്ളിയിൽ നിന്നും ബ. വികാരിയും (ചേറ്റൂർ യാക്കോബച്ചൻ) ഗീവർഗീസച്ചനും, വടക്കെക്കരയച്ചനും വന്നിരുന്നു. കർക്കടകം 3-ന് കാലത്ത് ബ. ലൂക്കാച്ചൻ റാസപാടി, ബ. ഇത്താക്കച്ചനും, അംബ്രോസച്ചനും, പത്രോസ് തോമ്മാച്ചനും കൂടി രണ്ടു മണിക്ക് അടക്കത്തിനുള്ള ക്രമം തുടങ്ങി. ബ. പൂക്കാട്ടച്ചനും (കാർമ്മികൻ) പ്ലാത്തോട്ടത്തിൽ കുര്യച്ചനും, കൊച്ചുപറമ്പിൽ കൊച്ചച്ചനുംകൂടി. ടി. കർമ്മത്തിൽ സംബന്ധിക്കാനായി പടിഞ്ഞാറേ പള്ളിയിൽ നിന്ന് അച്ചന്മാർ എല്ലാവരും വന്നിരുന്നു. ആയവനപ്പള്ളി വികാരി കാക്കനാട്ടച്ചനും, അരിക്കുഴപള്ളി വികാരി ഓണാട്ടച്ചനും വന്നിരുന്നു. നാലുമണിയോടെ അവസാനിച്ചു. ബ. ദൊമ്നിങ്കോസച്ചനെ അടക്കിയ കുഴിയിൽതന്നെ അദ്ദഹത്തെ അടക്കി."(65)

(65). വാ. നാ. Vol. III. p. 17

1873 മാർച്ച് 19-നു അദ്ദേഹത്തോടുകൂടി സന്ന്യാസ വ്രത വാഗ്ദാനം അനുഷ്ഠിച്ച ആളായിരുന്നു കൊച്ചുമുട്ടത്ത് ദൊമ്നിക്കോസച്ചൻ. അന്ത്യവിശ്രമത്തിലും അവർ രണ്ടുപേരും ഒരുമിച്ചു ചേർന്നത് യാദൃശ്ചികമായിരുന്നെങ്കിലും പ്രതീകാത്മകമായിരുന്നു.

സി.എം.ഐ. സഭയിൽ മരിച്ചവരുടെ ഓർമ്മയിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: "കൂനമ്മാവ്, വാഴക്കുളം ആശ്രമങ്ങളുടെ ശ്രേഷ്ഠനായും തേവര ഈ ശ്രമത്തിന്റെ സ്ഥാപനകാലം മുതൽ വളരെക്കാലം അതിന്റെ ഉന്നതിയ്ക്കായി യഥാശക്തി യത്നിച്ചിട്ടുള്ള അതിന്റെ ആശ്രമാധിപനായും ഭരണം നടത്തിയിട്ടുള്ള ബ. യൗസേപ്പ് അന്തോനിയച്ചൻ ക്രമാനുഷ്ഠാനം, പ്രാർത്ഥനാജീവിതം, കാര്യക്ഷമത, വിനയം, പ്രയത്നശീലം, സഭയോടും സഭാംഗങ്ങളോടുമുള്ള പരമാർത്ഥസ്നേഹം എന്നിവയിൽ ഏവർക്കും ഒരു മാതൃകയായിരുന്നു."(66)

അങ്ങനെ സുദീർഘവും, സംഭവബഹുലവും, സുശിക്ഷിതവും, സുകൃതസമ്പുഷ്ടവുമായ, ഒരു സന്ന്യാസവൈദിക ജീവിതത്തിന് ഇവിടെ തിരശ്ശീല വീണു. നാടിനും, നാട്ടാർക്കും ദൈവത്തിനുംവേണ്ടി സമ്പൂർണ്ണസമർപ്പണം ചെയ്യപ്പെട്ട ആ നെയ്ത്തിരികത്തിയെരിഞ്ഞു. ആ തിരിയിൽ നിന്നു വളരെയധികം പേർ വെളിച്ചം പകർന്നെടുത്തിട്ടുണ്ട്. ഇന്ന് അദ്ദേഹം ഒരു സ്മരണയായി അവശേഷിക്കുന്നു. ആ സ്മരണയ്ക്ക് തിളക്കമേകിക്കൊണ്ട് അദ്ദേഹത്തിന്റെ പ്രയത്നഫലങ്ങൾ പച്ചകെടാതെ ഇന്നും നമ്മുടെ മുന്നിൽ നിലനില്ക്കുന്നു.

(66). ഫാ. ഗ്രിഗറി - സി.എം.ഐ. സഭയിൽ മരിച്ചവരുടെ ഓർമ്മ .p.110

അനുബന്ധം

മഞ്ഞേരി കുടുംബ ചരിത്രം*

മഞ്ഞേരിൽ ഐപ്പ് മുത്തപ്പൻ ചുവട്

ടി ആൾ കിണറ്റുകരത്തടത്തിൽനിന്ന് വിവാഹം കഴിച്ചു. കിണറ്റുകരത്തടത്തിൽ 7 പെണ്ണുങ്ങളും ഒരാണും.

ആണു പട്ടമേറ്റു.

പെണ്ണുങ്ങൾ:

1. മഞ്ഞേരിൽ - കാവന
2. കളപ്പുരയ്ക്കൽ - വാഴക്കുളം
3. ത്രിക്കേക്കുന്നേൽ - വടകരെ
4. തട്ടാർകുന്നേൽ - ആരക്കുഴ
5. ടി കുടുംബത്തിൽ തന്നെ
6. മടത്തിൽ - കാവന
7.

ഐപ്പു മുത്തപ്പന്റെ മക്കൾ:

1. വർക്കി
2. അന്നാ

വർക്കി എന്ന ആൾ മരത്തൊൻമലയിൽ - മറ്റപ്പിള്ളിൽ നിന്ന് ഏലീശ്വാ എന്ന ആളെ വിവാഹം കഴിച്ചു.

അന്നായെ രാമപുരത്തു ഇടവക-കണിയാരകത്തു കെട്ടിച്ചു. മരിച്ചു പോയി. (ചെറുപ്പത്തിൽ)

ടി മറ്റപ്പിള്ളി കുടുംബത്തിൽ:

6 ആണുങ്ങളും 2 പെണ്ണുങ്ങളും ഉണ്ടായിരുന്നു.

ആണുങ്ങൾ:

1. കുർപ്പമഠത്തിൽ കുരുവിള

* ബ. യൗസേപ്പന്തോനിയച്ചന്റെ കുറിപ്പിൽ നിന്ന്

2. ഇട്ടൂപ്പ്: നാഗപ്പുഴ താഴത്തെവീട്ടിൽ ദെത്തു പോയി.
3. കത്തനാരച്ചൻ
4. കോര - ടി കുടുംബത്തിൽത്തന്നെ
5. കളമ്പാട്ടെൽ വർക്കി
6. അവുതശെമ്മാച്ചൻ.

പെണ്ണുങ്ങൾ:

1. അന്നായെ ഇലഞ്ഞിയിൽ തോട്ടത്തിൽ കെട്ടിച്ചു.
2. ഏലീശ്വായെ മഞ്ഞേരിൽ വർക്കി എന്നയാൾ വിവാഹം കഴിച്ചു.

മേൽപറഞ്ഞവരുടെ അമ്മയുടെ വീട് പാലായിൽ ഊരകച്ചാലയിൽ ആണ്. കട്ടക്കയം എന്നും ഊരകച്ചാല എന്നും പറയുന്നത് ഒരു കുടുംബക്കാർ തന്നെയാകുന്നു.

മേൽപ്പറഞ്ഞ വർക്കി - ഏലീശ്വാ എന്ന മാതാപിതാക്കന്മാരിൽനിന്നും.

1. മറിയം
2. അവുസേപ്പ്
3. ഇട്ടിഅവുര
4. വർക്കി
5. കുഞ്ഞയിപ്പ്
6. കുരിയാക്കോസ്

എന്ന 5 ആൺമക്കളും ഒരു മകളും ജനിച്ചു.

ഇവരിൽ:

1. സഹോദരിയെ ആരക്കുഴ കിഴക്കേ മാതേക്കൽ യാക്കോ എന്നയാൾ വിവാഹം കഴിച്ചു.
2. അവുസേപ്പ് - ഏനാനല്ലൂർ കരയിൽ കൊച്ചു മുട്ടത്തുനിന്നു വിവാഹം കഴിച്ചു.
3. ഇട്ടീരാ - നെയ്യശ്ശേരി എടവക കുപ്രാക്കാട്ടു നിന്നു വിവാഹം കഴിച്ചു.

4. വർക്കി – മഞ്ഞള്ളൂർ എടാട്ടേൽനിന്നു വിവാഹം കഴിച്ചു.

5. കുഞ്ഞയിപ്പ് – 1859-ാം കാലം ധനുവത്തിൽ കൊവേന്തയിൽ ചേർന്നു.

1860-ാം കാലം തുലാമാസം 5 – നു കൂനമ്മാവിൽപോയി 1864-ാം കാലം കുംഭമാസം 1 – നു ഞായറാഴ്ച രാത്രി 11.30 മണിക്കു മരിച്ചു. മരിയ്ക്കുമ്പോൾ 4 – പട്ടം ഉണ്ടായിരുന്നു. പനി ആയിരുന്നു. കൂനമ്മാവു പഴെ കൊവേന്തപ്പള്ളിയുടെ സങ്കീർത്തിയിൽ അടക്കിയിരിയ്ക്കുന്നു.

6. ടി ശെമ്മാശന്റെ അനിയൻ കുരിയാക്കെസ്*

1849-ാം കാലം മേടം 6 – നു പിറന്നു

1863-ാം കാലം മീനം 31 – ന് കൊവേന്തയിൽ ചേർന്നു.

1872 കർക്കടകം 25 – നു കുർബ്ബാനപ്പട്ടം ഏറ്റു. കൂനമ്മാവു പഴെകൊവേന്തപള്ളിയിൽ പുത്തൻകുർബ്ബാന ചൊല്ലി. പിറ്റേദിവസംതന്നെ കർമ്മലയ്ക്കു പോന്നു. ടിയാൻ എല്ലാ കാര്യങ്ങളിലും സഹായി ആയി കാനാട്ടച്ചന്റെ ശിഷ്യനായി കാര്യങ്ങൾ നടത്തിഇരുന്നു. കർമ്മലസെമിനാരിയിൽ റെത്തൊരിന്റെ സഹായി ആയിട്ടും അവിടെ കാര്യങ്ങൾ നടത്തിയിട്ടുണ്ട്. ഒടുവിൽ കാനാട്ടച്ചനു സുഖക്കേടായപ്പോൾ കൊവേന്തയുടെ പ്രൊവികാരി ആയി. കാനാട്ടച്ചൻ മരിച്ചപ്പഴു സകലതും നടത്തിയതും ടി ആൾ തന്നെ ആകുന്നു.

കാനാട്ടച്ചൻ തന്റെ കടശികാലത്തിൽ തേവര എന്ന സ്ഥലത്തു തിരുഹൃദയനാമത്തിൽ ഒരു പള്ളി സ്ഥാപിച്ചു. അതോടു ചേർന്നു രണ്ടു നിലയിൽ ഒരു ബംഗ്ലാവും പണിയിച്ചിരുന്നു. 1886-ാം കാലത്തിൽ സുറിയാനിക്കാരെ വരാപ്പുഴമെത്രാന്മാരുടെ ഭരണത്തിൽ നിന്നും മാറ്റി തനിച്ച് മെത്രാന്മാരെ വാഴിച്ചപ്പോൾ ടി തേവര പള്ളിയെക്കുറിച്ചും തർക്കമുണ്ടായി, ലത്തീൻ പള്ളിയെന്നും സുറിയാനി പള്ളിയെന്നും ഇതിനാൽ ടി തർക്കം തീർക്കുന്നതിനു കോന്തുരുത്തി പള്ളിക്കാരും കർമ്മെല കൊവെന്തക്കാരും യോജിച്ചു റൊമ്മായിൽ അപ്പീൽ കൊടുത്തു. തർക്കം തീർന്നു

* സൂര്യപുരുഷനായ ബ. യൗസേപ്പ് അന്തോനിയച്ചൻ.

സുറിയാനി പള്ളി എന്ന് വിധിയും കിട്ടി. ടി കാര്യത്തിൽ ടി അച്ചൻ വളരെ ബുദ്ധിമുട്ടിട്ടുണ്ട്.

പിന്നീടു ടി പള്ളിയും ബംഗ്ലാവും കാനാട്ടച്ചൻ പണീച്ചതി നാലും മറ്റും കൊവെന്തയ്ക്കുവേണ്ടി 3-ാം സഭയ്ക്കു ഒഴിഞ്ഞുകി ട്ടി. പിന്നീട് ആയിരത്തിത്തൊള്ളായിരം കാലത്തിൽ മിഥുനത്തിലെ തിരുഹൃദയതിരുന്നാളിൽ അതു കൊവെന്തയായി സ്ഥാപിച്ചു. അപ്പോൾ ഒന്നാമത്തെ വികാരി ആയി നിശ്ചയിച്ചതു കുരിയാക്കോ സച്ചനെ ആണ്. പിന്നീട് 1911 വരെ അവിടെ വികാരി ആയി നട ത്തുകയും കൊവെന്തയ്ക്കും പള്ളിക്കും വേണ്ടിയകൂട്ടങ്ങളും, എടു പ്പുകളും മറ്റും പണിയുകയും മറ്റും ചെയ്തതുകൂടാതെ സൗകര്യ ത്തിനു വേണ്ടിയ സ്ഥലങ്ങളും വസ്തുക്കളും വാങ്ങിച്ചു പുഷ്ടി വരുത്തുകയും ചെയ്തു.

ഇങ്ങനെ കാരണവർ കാനാട്ടച്ചൻ തുടങ്ങിയ വേല പൊതു ഗുണത്തിനുവേണ്ടി തിരുഹൃദയസഹായത്താൽ ശുഭമായിതീർത്തു. പിന്നീട് ആ ജോലി ഒഴിഞ്ഞ് 1912 - കുംഭത്തിൽ കർമ്മലയിൽ വന്നു.

ടി അവുസേപ്പിന്റെ മക്കൾ

1. വർക്കി
2. മത്തായി
3. അയ്പ്പ്
4. കുരിയാക്കോസ്

ഇവരിൽ - വർക്കിയും, ഐപ്പും പാറപ്പുഴെ താമസിക്കുന്നു.
മത്തായി പുറപ്പുഴ പൊന്നാട്ട് ദെത്തുകെട്ടി താമസിക്കുന്നു.
കുരിയാക്കോസ് വീട്ടിൽ തന്നെ.

ഇട്ടിരായുടെ മക്കൾ

1. വർക്കി
2. ഐപ്പ്
3. മത്തായി

ഇവരിൽ ഐപ്പ് പാറപ്പുഴെ താമസിക്കുന്നു.

വർക്കിയുടെ മക്കൾ

1. ഐപ്പ്

2. ഉലഹന്നൻ

3. മാമ്മി (ഏലീശ്വ)

എന്നാൽ ഐപ്പു മുത്തപ്പൻ ആയിട്ടു പണീച്ചിരുന്ന പഴെ വീടും തളവും വടക്കോട്ടു ദർശനമായിട്ടായിരുന്നു. ടി വീടിനും മറ്റും ഇരുന്നൂറ്റിചില്ലാനം കാലത്തെ പഴക്കം കാണുന്നുണ്ട്.

എന്നാൽ ടി പഴെ വീടു പൊളിച്ചു ടി സ്ഥലത്തുതന്നെ കിഴക്കോട്ടു ദർശനമായി പുത്തനായി നന്നായി 5-ാം കരിന്തല ക്കാരൻ ടിയാൻ വർക്കി ഉലഹന്നൻ എന്നാൾ 1917-ാം കാലം മേട മാസത്തിൽ പണിക്കയും ചെയ്തു.

വിശേഷിച്ചും - 1653-ാം കാലത്തിൽ സുറിയാനിക്കാരുടെ ഇടയിൽ വലിയ ഒരു ശീശ്മ ഉണ്ടായി. അതിൽ വച്ച് വല്ല്യഭാഗം ശീശ്മ ആയി പിരിഞ്ഞുപോയി. ഇവർ പുത്തൻകുറ്റുകാർ എന്നു പറയുന്നവർ എങ്കിലും പള്ളി ഒന്നു മാത്രം ആയിരുന്നതിനാൽ ഏറെക്കാലം രണ്ടുകൂട്ടരും യോജിച്ച് നടന്നിരുന്നു.

പിന്നീട് ഓരോ കാലങ്ങളിൽ കത്തോലിക്കർ വേറെ പള്ളിവെച്ച് മാറി.

ടി അവസരത്തിൽ കത്തോലിക്കാ ഭാഗത്തിൽ ആയിരുന്ന മഞ്ഞേരി കുടുംബത്തിൽ നിന്നും കാര ക്കുന്നത്തു നിന്നും ടി ഐയ്പ്പ് എന്നാൾ കിണറ്റു കരത്തടത്തിൽ നിന്നും ബന്ധുതപിടിച്ച് ആരക്കുഴ എടവകയിൽ ചേർന്ന്; കാവന വന്ന് പാർക്കുകയും ആണ് ഉണ്ടായത്.

ആ കാലത്തിൽ കുട്ടികൾ ജനപ്പെരുപ്പം അധികം ഇല്ലാഞ്ഞു. എങ്കിലും കാവനദേശം ആരക്കുഴപ്പ ള്ളിയുടെ ഒരു മുഖ്യഅംശം ആയിരുന്നു.

ബ. കുരിയാക്കോസ് അച്ചന്റെ പത്രമേനിക്ക് ആവശ്യപ്പെട്ട പ്പോൾ വീട്ടിൽതന്ന വരവ് സംഖ്യ രൂപാ 280. ടി വക രൂപ കൂന മ്മാവു കൊവെന്തയിൽ കൊടുത്ത് ഏൽപിച്ചിരിക്കുന്നു. ആട്ടെൻപ റമ്പിൽമ്മെൽ കൂടിചേർത്ത് വസ്തുവിന്മേൽ കൊള്ളിച്ചിരിക്കുന്നു.

ഇത് കുരിയാക്കോസ് - യൗസേപ്പ് അന്തോനി പട്ടക്കാരൻ.

(ഒപ്പ്)

ഫാ. ജെ. ചിറയിൽ
സി. എം. ഐ.

ആശയങ്ങളല്ല, വ്യക്തികളാണ് ചരിത്രം സൃഷ്ടിക്കുന്നവർ. ഉദാത്തങ്ങളായ ആശയങ്ങളുടെ ലാത്തി ചുഴറ്റുവാൻ തന്റേടം കാട്ടുന്നവരത്രേ ചരിത്ര വിധാതാക്കളായ മഹാന്മാർ. 19-ാം നൂറ്റാണ്ടിന്റെ തിരശീല വീണു മറഞ്ഞ, ഇപ്രകാരമുള്ള ഒരു മഹാത്മാവിന്റെ - മഞ്ഞേരിൽ യൗസേപ്പ് അന്തോനിയച്ചന്റെ - ഹൃദയസ്പർശിയും, സംഭവബഹുലവും, അനുകരണാർഹവുമായ ജീവചരിത്രമാണീ ചെറുഗ്രന്ഥം. ചരിത്രത്തിന്റെ തിളക്കമാർന്ന താളുകളിൽ മഷികോരിയൊഴിച്ച് മനം പുരട്ടൽ ഉളവാക്കുന്ന ചിലകുസൃതികളുടെ അപഹാസ്യ വിവരക്കേടുകൾ എടുത്തുകാട്ടി ചരിത്രത്തിന്റെ പവിത്രത പുനഃസ്ഥാപിക്കുവാനും സാന്ദർഭികമായി ഗ്രന്ഥകാരൻ ചങ്കൂറ്റം കാട്ടുന്നു.

മനഃശാസ്ത്ര വിശാരദനും, സാഹിത്യകാരനും, പ്രഗത്ഭവാഗ്മിയും, ചരിത്രാന്വേഷകനുമായ ചിറയിലച്ചന്റെ മൂർച്ചയുള്ള തൂലികയാണ് ഈ ഗ്രന്ഥത്തിന് തിളക്കമേറ്റുന്നത്. 'പുതിയ മനുഷ്യൻ', ദൈവവിളിയും ജീവിതദൗത്യവും, സന്ന്യാസദർശനം, സന്ന്യാസാഖ്യാനം, വിമോചകർ, സാമൂഹ്യസമ്പർക്കമാധ്യമങ്ങൾ, ആധുനിക കാലത്തിന്റെ സൂചനകൾ എന്നിങ്ങനെഏതാണ്ട് ഇരുപതിൽപരം പ്രസിദ്ധങ്ങളായ ഗ്രന്ഥങ്ങളുടെ കർത്താവുകൂടിയായ അദ്ദേഹം സത്യാന്വേഷികളുടെ വിജ്ഞാനതൃഷ്ണയുടെ മുമ്പിൽ നവമായി തുറന്നിരിക്കുന്ന സമ്പന്നമായ ഒരു ജലധാരയാണീ ഗ്രന്ഥം.

C.M.I. Department of Research & Documentation
Chavara Hills, Kakkanad 682 030